2026 MAY 30

emalayalee.com

# The Weekly

WEEKLY NEWSPAPER

Co r@emalayalee.com | Phone: 917 324 4907; 917 662 1122



# കൂട്ടായ്മയുടെ ശക്തിയിലാണ് ഫോമായുടെ ഭാവി: ബിജു തോണിക്കടവിൽ




415+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
AUSTIN
NEW JERSEY
DALLAS
CHICAGO
NAPERVILLE
LOS ANGELES
ATLANTA
CANADA
AJAX | MISSISSAUGA | SURREY
OPENING SOON
IN SEATTLE AND SANTA CLARA

# കൂട്ടായ്മയുടെ ശക്തിയിലാണ് ഫോമായുടെ ഭാവി: ബിജു തോണിക്കടവിൽ



**മീട്ടു റഹ്മത്ത് കലാം**

അമേരിക്കൻ മലയാളി സംഘടനകളുടെ കൂട്ടായ്മയായ ഫോമാ ഇരുപതാം വർഷത്തിലേക്ക് കടക്കുമ്പോൾ, സംഘടനയെ കൂടുതൽ ജനകീയമാക്കാനും സാമ്പത്തിക സുതാര്യത ഉറപ്പാക്കാനുമുള്ള വ്യക്തമായ കർമ്മപരിപാടികളുമായി പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുകയാണ് ബിജു തോണിക്കടവിൽ. താഴെത്തട്ടിൽ നിന്നുള്ള സംഘടനാ പരിചയവും ഫോമായുടെ റീജിയണൽ വൈസ് പ്രസിഡന്റ്, ജോയിന്റ് ട്രഷറർ, ട്രഷറർ എന്നീ നിലകളിലെ പ്രവർത്തന മികവും കൈമുതലായുള്ള അദ്ദേഹം, സംഘടനയുടെ ഭാവി കാഴ്ചപ്പാടുകളും ജീവകാരുണ്യ പദ്ധതികളും യുവജന പങ്കാളിത്തത്തെക്കുറിച്ചുള്ള നിലപാടുകളും വ്യക്തമാക്കുന്നു...

***ഫോമാ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കാമെന്ന് എങ്ങനെയാണ് തീരുമാനമെടുത്തത്?***

കഴിഞ്ഞ കുറേ വർഷങ്ങളായി ഫോമായുടെ സജീവ പ്രവർത്തകനാണ്. ഈ കാലയളവിൽ അമേരിക്കയിലുടനീളമുള്ള നിരവധി സുഹൃത്തുക്കളുമായി അടുത്ത ബന്ധം സ്ഥാപിക്കാൻ സാധിച്ചു. അവരുമായി നടത്തിയ ആശയവിനിമയങ്ങളും അവർ നൽകിയ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളുമാണ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കാനുള്ള ആഗ്രഹത്തിന് അടിത്തറയായത്. ഇത്രയും കാലത്തെ സംഘടനാ പ്രവർത്തന പരിചയവും സുഹൃത്തുക്കളുടെ പിന്തുണയും ഒപ്പമുള്ളപ്പോൾ, സമൂഹത്തിനായി കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന ആത്മവിശ്വാസമാണ് എന്നെ ഈ തീരുമാനത്തിലേക്ക് നയിച്ചത്.

***ഫോമായുടെ വിവിധ പദവികളിലുള്ള അനുഭവങ്ങൾ താങ്കളെ എങ്ങനെയാണ് വളർത്തിയത്?***

കേരള അസോസിയേഷൻ ഓഫ് പാംബീച്ചിന്റെ പ്രസിഡന്റായിരുന്ന സമയത്താണ് ഫോമായുമായി കൂടുതൽ അടുപ്പം തുടങ്ങുന്നത്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ കുട്ടികൾക്കായി ഫോമാ വാർഡ് നിർമ്മിച്ച പദ്ധതിയിൽ എന്റെ അസോസിയേഷനിൽ നിന്ന് വലിയൊരു തുക നൽകിക്കൊണ്ടാണ് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഞാൻ




സജീവമാകുന്നത്. പിന്നീട് ഫോമാ സൺഷൈൻ റീജിയൺ ചെയർമാനായും ആർ.വി.പി.യായും പ്രവർത്തിക്കാൻ അവസരം ലഭിച്ചു.

ഒട്ടുമിക്ക അസോസിയേഷൻ ആഘോഷങ്ങളിലും പങ്കെടുക്കാറുണ്ട്. യുവജനങ്ങൾക്കായി ഡ്രഗ് അവയർനെസ് ക്ലാസ്, അമേരിക്കൻ രാഷ്ട്രീയത്തെക്കുറിച്ചുള്ള സിമ്പോസിയങ്ങൾ, സ്പോർട്സ് ടൂർണമെന്റുകൾ, ഏവിയേഷൻ അക്കാദമി ടൂർ എന്നിവ സംഘടിപ്പിച്ചു. മൂന്ന് സ്റ്റേജുകളിലായി യൂത്ത് ഫെസ്റ്റിവലുകൾ ഉൾപ്പെടെ നിരവധി പരിപാടികൾ നടത്താൻ സാധിച്ചു. ഫോമാ ഷിക്കാഗോ കൺവെൻഷനിൽ സുവനീർ സബ് എഡിറ്ററായും പ്രവർത്തിച്ചു.

കേരളത്തിൽ പ്രളയം ഉണ്ടായപ്പോൾ എന്റെ റീജിയണിൽ നിന്ന് ഏഴ് വീടുകൾ നിർമ്മിച്ച് നൽകാൻ കഴിഞ്ഞു; അതിൽ ഒരു വീട് എന്റെ സ്വന്തം അസോസിയേഷന്റെ വകയായിരുന്നു. കൂടാതെ മൂന്ന് വീടുകളുടെ പൂർത്തീകരണത്തിനായി 6000 ഡോളർ നൽകാനും സാധിച്ചു. കോവിഡ് കാലത്തിന്റെ തുടക്കത്തിൽ റീജിയന്റെ നേതൃത്വത്തിൽ ഫോണിലൂടെ 'ഡോക്ടറോട് ചോദിക്കാം' എന്ന പരിപാടിയും സോഷ്യൽ വർക്കർമാരെ ഉൾപ്പെടുത്തി ഹെൽപ് ലൈനും ആരംഭിച്ചു. ലോക്ക്ഡൗൺ സമയത്ത് മുതിർന്നവർക്കായി ചട്ടിയിലും മറ്റും കൃഷി ചെയ്യുന്നതിനെപ്പറ്റി 'കൃഷിപാഠം' എന്ന പരിപാടിയും ഫോണിലൂടെ എല്ലാ ആഴ്ചയും നടത്തിവന്നു.

കോവിഡ് പ്രതിസന്ധിയുടെ മൂർദ്ധന്യാവസ്ഥയിലാണ് ഫോമാ ജോയിന്റ് ട്രഷററായി പ്രവർത്തിക്കാൻ അവസരം ലഭിക്കുന്നത്. ആ സമയത്ത് കേരളത്തിലേക്ക് 18 വെന്റിലേറ്ററുകൾ എത്തിക്കാൻ സാധിച്ചു. അതിൽ മൂന്ന് വെന്റിലേറ്ററുകളും ഒരു കണ്ടെയ്നർ മെഡിക്കൽ സാമഗ്രികളും എന്റെ സുഹൃത്ത് മുഖേന അഡ്വന്റ് ഹെൽത്ത് ഹോസ്പിറ്റൽ സിസ്റ്റത്തിൽ നിന്ന് സൗജന്യമായി ലഭ്യമാക്കാനായി. 'ഫോമാ സാന്ത്വന സംഗീതം' എന്ന പരിപാടിയുടെ കോർഡിനേറ്ററായി 85 എപ്പിസോഡുകളിലായി 80-ൽ പരം അമേരിക്കൻ മലയാളി കുട്ടികൾക്ക് വേദിയൊരുക്കാനും നിരവധി വനിതകളെ ആങ്കർമാരായി അവതരിപ്പിക്കാനും കഴിഞ്ഞു.

അടിയന്തര സാഹചര്യങ്ങളിൽ സഹായിക്കാനായി രൂപീകരിച്ച 'എമർജൻസി ഹെൽപ്പിംഗ് ഹാൻഡ് കമ്മിറ്റി'യിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കാൻ എനിക്ക് സാധിച്ചു. അന്തരിച്ച പ്രിയ കലാകാരൻ സോമസുന്ദരത്തിന്റെ കുടുംബത്തിന് 10 ലക്ഷം രൂപ നൽകി



കൊണ്ടാണ് ആ പദ്ധതിക്ക് തുടക്കം കുറിച്ചത്. അന്ന് പ്രസിഡന്റിനൊപ്പം നാട്ടിൽ പോകാനും പ്രളയ രക്ഷാപ്രവർത്തനങ്ങളിൽ നേരിട്ട് പങ്കെടുക്കാനും കഴിഞ്ഞു. കേരള കൺവെൻഷനോടനുബന്ധിച്ച് ഫോമായുടെ ഒരു രൂപ പോലും ചെലവാക്കാതെ മെഡിക്കൽ ക്യാമ്പുകൾക്ക് നേതൃത്വം നൽകാൻ കഴിഞ്ഞു. ബൈലോ കമ്മിറ്റി അടക്കം ഒട്ടുമിക്ക സബ് കമ്മിറ്റികളിലും പ്രവർത്തിച്ചതിലൂടെ സംഘടനയുടെ ഘടനയും പഴയകാല നേതാക്കളുടെ ആശയങ്ങളും കൂടുതൽ മനസ്സിലാക്കാൻ സഹായിച്ചു.

***സംഘടനാ പ്രവർത്തനത്തിലും സാമ്പത്തിക കൃത്യത ഉറപ്പാക്കുന്നതിലും താങ്കളുടെ മുൻകാല പശ്ചാത്തലം എങ്ങനെ സഹായിക്കുന്നു?***

താഴെത്തട്ടിൽ നിന്ന് ഘട്ടംഘട്ടമായി ഉയർന്നു വന്നതാണ് എന്റെ സംഘടനാ ജീവിതം. അസോസിയേഷനിൽ ഓഡിറ്റർ, കമ്മിറ്റി അംഗം, ജോയിന്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച ശേഷമാണ് പ്രസിഡന്റാകുന്നത്. സാമ്പത്തിക കൃത്യതയുടെ കാര്യത്തിൽ ക്ലബ്ബ് ട്രഷറർ പദവി മുതൽ ഓർത്തഡോക്സ് സമുദായത്തിലെ എന്റെ ഇടവകയിൽ നാല് വർഷം ട്രസ്റ്റിയായി പ്രവർത്തിച്ചതും, ഞാൻ വിശ്വസിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ പോഷക സംഘടനയുടെ ജില്ലാ ഭാരവാഹിയായുള്ള പ്രവർത്തനവും, സർവീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗം എന്ന നിലയിലുള്ള അനുഭവങ്ങളും വലിയ കരുത്തായി. അവിടെ നിന്ന് ലഭിച്ച സാമ്പത്തിക അച്ചടക്കമാണ് ഫോമാ ട്രഷറർ എന്ന നിലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കാൻ സഹായമായത്.

***ട്രഷറർ പദവി വലിയൊരു വെല്ലുവിളിയായിരുന്നോ?***

തീർച്ചയായും. ട്രഷറർ പദവി തന്നെയായിരുന്നു ഇതുവരെ ഏറ്റെടുത്തതിൽ ഏറ്റവും വലിയ വെല്ലുവിളി. ഫോമായുടെ കണക്കുകൾ പൂർണമായും സത്യസന്ധമായും സുതാര്യമായും സമയബന്ധിതമായും കൈകാര്യം ചെയ്യണമെന്ന നിർബന്ധം എനിക്ക് ഉണ്ടായിരുന്നു. വരവ്-ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ രേഖപ്പെടുത്തുകയും വൗച്ചറുകൾ, ബില്ലുകൾ, ഇൻവോയിസുകൾ, മിനിറ്റ്സ് എന്നിവ കൃത്യമായി സൂക്ഷിക്കുകയും ചെയ്തു. ഫോമായുടെ ചരിത്രത്തിലാദ്യമായി 'ക്വിക്ക് ബുക്സ്' സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കണക്കുകൾ ഡിജിറ്റലായി ഫീഡ് ചെയ്യുകയും എല്ലാ മാസവും ബാങ്ക് അക്കൗണ്ടുകളുമായി റീകൺസൈൽ ചെയ്യുകയും ചെയ്തു.

മിഡ് ടേം ജനറൽ ബോഡി, കൺവെൻഷൻ ജനറൽ ബോഡി, ഹാൻഡിംഗ് ഓവർ ജനറൽ ബോഡി എന്നിവിടങ്ങളിൽ ക്വിക്ക് ബുക്സിലൂടെ ഫോമായ്ക്ക് ഒരു ഡോളർ പോലും ചെലവില്ലാതെ കൃത്യമായ കണക്കുകൾ അവതരിപ്പിക്കാൻ കഴിഞ്ഞു. ആത്മാർത്ഥതയോടെയും ഉത്തരവാദിത്തത്തോടെയും ആ ചുമതല നിർവഹിക്കാൻ കഴിഞ്ഞതിലും ഫോമായുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ തുക മിച്ചം വെച്ച് പുതിയ കമ്മിറ്റിയെ ഏൽപ്പിക്കാൻ കഴിഞ്ഞതിലും വലിയ ആത്മസംതൃപ്തിയുണ്ട്.

***ഫോമാ വില്ലേജ് പദ്ധതിയുമായുള്ള അനുഭവം എന്തായിരുന്നു?***

ഫോമായുടെ യശസ്സ് ഉയർത്തിയ പദ്ധതിയായിരുന്നു ഫോമാ വില്ലേജ്. അതിന്റെ കോർഡിനേറ്ററായി പ്രവർത്തിക്കാൻ കഴിഞ്ഞത്

**താഴെത്തട്ടിൽ നിന്ന് ഘട്ടംഘട്ടമായി ഉയർന്നു വന്നതാണ് എന്റെ സംഘടനാ ജീവിതം. അസോസിയേഷനിൽ ഓഡിറ്റർ, കമ്മിറ്റി അംഗം, ജോയിന്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച ശേഷമാണ് പ്രസിഡന്റാകുന്നത്. സാമ്പത്തിക കൃത്യതയുടെ കാര്യത്തിൽ ക്ലബ്ബ് ട്രഷറർ പദവി മുതൽ ഓർത്തഡോക്സ് സമുദായത്തിലെ എന്റെ ഇടവകയിൽ നാല് വർഷം ട്രസ്റ്റിയായി പ്രവർത്തിച്ചതും, ഞാൻ വിശ്വസിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ പോഷക സംഘടനയുടെ ജില്ലാ ഭാരവാഹിയായുള്ള പ്രവർത്തനവും, സർവീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗം എന്ന നിലയിലുള്ള അനുഭവങ്ങളും വലിയ കരുത്തായി.**



വലിയ ഭാഗ്യമായി കാണുന്നു. എന്റെ റീജിയണിൽ നിന്ന് ഏഴ് വീടുകൾ നൽകാൻ കഴിഞ്ഞു. അസോസിയേഷനുകൾ നൽകിയ തുകയ്ക്ക് അവരുടെ പേരിൽ തന്നെ വീടുകൾ നിർമ്മിച്ച് നൽകുമെന്ന ഉറപ്പ് നൽകിയതോടെ വിശ്വാസ്യത വളർന്നു. ഭവനം നഷ്ടപ്പെട്ടവർക്ക് താക്കോൽ കൈമാറുമ്പോൾ അവരുടെ മുഖത്തുണ്ടാകുന്ന സന്തോഷം കാണുന്നത് ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമാണ്. പഴയകാല നേതാക്കളോടൊപ്പം പ്രവർത്തിക്കാനും നിരവധി കാര്യങ്ങൾ പഠിക്കാനും ഇത് സഹായിച്ചു.

***കഴിഞ്ഞ ഫോമാ കൺവെൻഷനിൽ 88,854 ഡോളർ മിച്ചം വെക്കാൻ കഴിഞ്ഞതിന്റെ രഹസ്യം എന്തായിരുന്നു?***

വയനാട് ദുരന്തബാധിതർക്കായി കുറഞ്ഞത് 50,000 ഡോളറെങ്കിലും കണ്ടെത്തണമെന്ന് ജനറൽ ബോഡി ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൺവെൻഷൻ ചെലവുകൾ നിയന്ത്രിക്കുകയും അനാവശ്യ ചിലവുകൾ ഒഴിവാക്കുകയും ചെയ്തു. മുൻകാലങ്ങളിൽ നഷ്ടം വന്ന വഴികൾ പഠിച്ച ശേഷമാണ് ഞങ്ങൾ മുന്നോട്ട് പോയത്. സ്വന്തം നേട്ടങ്ങൾക്കായി സംഘടനയുടെ പണം ഉപയോഗിക്കുന്നത് അവസാനിപ്പിച്ചു. നാട്ടിൽ നിന്ന് കലാകാരന്മാരെ കൊണ്ടുവരുമ്പോൾ കുടുംബസമേതം കൊണ്ടുവരുന്ന രീതിയും പോക്കറ്റ് മണി നൽകുന്നതും നിർത്തലാക്കി; ബിസിനസ് ക്ലാസ് യാത്രകൾ ഒഴിവാക്കി സാധാരണ ക്ലാസുകളിലാക്കി. അനാവശ്യ ആഡംബര ചെലവുകൾ ഒഴിവാക്കി, കൂടുതൽ സ്പോൺസർമാരെ കണ്ടെത്തുകയും പങ്കാളിത്തം വർധിപ്പിക്കുകയും ചെയ്തു.

കൺവെൻഷൻ ചെയർമാനും പ്രസിഡന്റും കമ്മിറ്റിയും ഉൾപ്പെടെ എല്ലാവരും ചേർന്ന കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ് ഈ തുക മിച്ചം വെക്കാൻ സാധിച്ചത്. ഫോമായുടെ ചരിത്രത്തിൽ ആദ്യമായി മൂന്ന് സി.പി.എമാർ ഓഡിറ്റ് ചെയ്ത കണക്കുകളാണ് ഞങ്ങൾ അവതരിപ്പിച്ചത്. കാൻ കൂൻ, പുന്റ കാനാ എന്നീ കൺവെൻഷനുകൾ ഉൾപ്പെടെയുള്ളവയിൽ നിന്ന് ലഭിച്ച സാമ്പത്തിക അച്ചടക്കത്തിന്റെ പാഠങ്ങൾ അടുത്ത കൺവെൻഷൻ കൂടുതൽ മനോഹരവും ഫോമാ ഫാമിലിക്ക് ആനന്ദമുള്ളതും നല്ല ചിട്ടയുമുള്ളതുമാക്കാൻ സഹായകമാകും.



ജനറൽ ബോഡിയിൽ ഹർഷാരവത്തോടെയാണ് കണക്കുകൾ പാസാക്കിയത്. എങ്കിലും ചിലർ നുണപ്രചാരണം നടത്തുന്നതിൽ ഖേദമുണ്ട്. ഇലക്ഷന് വേണ്ടി അത്തരം പ്രചാരണങ്ങൾക്ക് ഞങ്ങൾ ഒരിക്കലും മുതിരില്ല.

***ഫോമായെ കൂടുതൽ ജനകീയ സംഘടനയാക്കാൻ എന്താണ് കാഴ്ചപ്പാട്?***

ഫോമായുടെ നട്ടെല്ല് അതിന്റെ അംഗസംഘടനകളാണ്. തെരഞ്ഞെടുപ്പ് സമയത്ത് വോട്ടിനോ ഡെലിഗേറ്റിനോ വേണ്ടി മാത്രം അവരെ സമീപിക്കുന്ന രീതിയോട് എനിക്ക് യോജിപ്പില്ല. സംഘടനകളിൽ പ്രശ്നങ്ങൾ ഉണ്ടാക്കി പിളർപ്പ് സൃഷ്ടിക്കുന്നത് ഫോമായെ ദുർബലപ്പെടുത്തും. അംഗസംഘടനകളുടെ ആഘോഷങ്ങളിൽ പങ്കെടുക്കുകയും അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയും വേണം. കൂടുതൽ പ്രതിനിധികളെ സബ് കമ്മിറ്റികളിലും പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തും. പുതിയ ആശയങ്ങൾക്കും യുവജന പങ്കാളിത്തത്തിനും കൂടുതൽ പ്രാധാന്യം നൽകുമ്പോൾ സംഘടന സ്വാഭാവികമായി കൂടുതൽ ജനകീയമാകും. വയനാട് പുനരധിവാസ ഫണ്ട് രൂപീകരിക്കാൻ മുന്നിൽ നിന്നതുപോലെ, സംഘടനയിലെ ആളുകൾ എപ്പോൾ വിളിച്ചാലും ലഭ്യമാകുന്ന തരത്തിൽ എപ്പോഴും ഉത്തരവാദിത്തത്തോടെ ഇടപെടാൻ ഞാൻ ശ്രദ്ധിക്കാറുണ്ട്.

***ഫോമായുടെ ഭാവി ജീവകാരുണ്യ പദ്ധതികൾ എന്തൊക്കെയാണ്?***

ഫോമായുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് ജീവകാരുണ്യ പ്രവർത്തനം. മുൻകാല കമ്മിറ്റികൾ ചെയ്ത നല്ല കാര്യങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരുന്നതോടൊപ്പം പുതിയ പദ്ധതികളും നടപ്പിലാക്കും. ഫോമാ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് ഭവനരഹിതർക്കായി 20 വീടുകൾ നിർമ്മിച്ച് നൽകണമെന്നാണ് ഞങ്ങളുടെ ടീമിന്റെ ആഗ്രഹം. ആദ്യ വീടിന്റെ തുക ഞങ്ങളുടെ ആറംഗ ടീം ചേർന്നാണ് നൽകുക. ബാക്കി വീടുകൾ റീജിയണുകളുടെയും ഫോമാ സ്നേഹികളുടെയും സഹായത്തോടെ പൂർത്തിയാക്കും.

അതുപോലെ തന്നെ അമേരിക്കൻ മലയാളികളുടെ ആവശ്യങ്ങൾ അറിഞ്ഞ് അവരെയും ചേർത്ത് പിടിച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പാക്കും. അതോടൊപ്പം അമേരിക്കൻ മലയാളികളുടെ വസ്തുവകകൾ നാട്ടിൽ സംരക്ഷിക്കുന്നതിനായി കേന്ദ്രതലത്തിൽ

ഒരു കമ്മിറ്റി രൂപീകരിക്കാനും ലോയർമാരെ ഉൾപ്പെടുത്തി ഒരു ലീഗൽ ഹെൽപ് ലൈൻ ആരംഭിക്കാനും ഉദ്ദേശിക്കുന്നുണ്ട്. മുതിർന്ന പൗരന്മാരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവർക്കായി മുൻഗണനാക്രമത്തിൽ പുതിയ പദ്ധതികൾ മാനിഫെസ്റ്റോയിലൂടെ ഞങ്ങൾ അവതരിപ്പിക്കും.

***എല്ലാവരെയും ഒപ്പം നിർത്തുന്ന നേതൃത്വശൈലി എങ്ങനെ രൂപപ്പെട്ടു?***

നാട്ടിലും ഇവിടെയുമായി വിവിധ മേഖലകളിൽ പ്രവർത്തിച്ച അനുഭവമുണ്ട്. ക്ലബ്ബ് പ്രവർത്തനങ്ങളിൽ യുവാക്കളെയും, യൂണിയൻ പ്രവർത്തനങ്ങളിൽ തൊഴിലാളികളെയും, ഇടവകയിൽ വിശ്വാസികളെയും, ബാങ്ക് -പഞ്ചായത്ത് തലങ്ങളിൽ പൊതുജനങ്ങളെയും ഒപ്പം നിർത്തി മാത്രമേ മുന്നോട്ട് പോകാൻ കഴിയുമായിരുന്നുള്ളൂ. എല്ലാവരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കേൾക്കുകയും, തിരുത്തേണ്ടവ തിരുത്തിയും എല്ലാവരുടെയും സമ്മതത്തോടെ കാര്യങ്ങൾ ചെയ്യുകയുമാണ് എന്റെ രീതി. എന്തെങ്കിലും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാൽ അവരെ നേരിട്ട് കണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്താൻ ഞാൻ ശ്രമിക്കാറുണ്ട്. ഈ സ്നേഹബന്ധങ്ങളാണ് എന്റെ ശക്തി.

***പുതിയ തലമുറയെയും യുവജനങ്ങളെയും ഫോമായിലേക്ക് ആകർഷിക്കാൻ എന്താണ് ചെയ്യേണ്ടത്?***

യുവജനങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും മനസ്സിലാക്കി അവർക്കൊപ്പം നിൽക്കുകയാണ് പ്രധാനം. കലാകായിക മത്സരങ്ങൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ, അക്കാദമിക് ക്ലാസുകൾ, ജോബ് ഫെയറുകൾ, മെന്റൽ-ഫിസിക്കൽ ഹെൽത്ത് പദ്ധതികൾ എന്നിവ സംഘടിപ്പിക്കണം. എല്ലാ റീജിയണുകളിലും ശക്തമായ യൂത്ത് കമ്മിറ്റികൾ രൂപീകരിക്കും.

ഞാൻ ട്രഷറർ ആയിരുന്നപ്പോൾ ടാമ്പയിലും ഫോർട്ട് ലോഡറിലുമായി 250-ഓളം യുവാക്കളെ പങ്കെടുപ്പിച്ച് വിജയകരമായി പരിപാടികൾ നടത്താൻ സാധിച്ചു. ഇപ്പോൾ നിരവധി യുവാക്കൾ പുതിയ ആശയങ്ങളുമായി ഞങ്ങളോടൊപ്പം പ്രവർത്തിക്കാൻ



പ്രൊപ്പോസലുകൾ തന്നിട്ടുണ്ട്. അതാണ് ഏറ്റവും വലിയ പ്രതീക്ഷ.

***അമേരിക്കൻ മലയാളി സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണ്?***

അമേരിക്കൻ സംസ്കാരവും കേരളീയ സംസ്കാരവും തമ്മിലുള്ള വ്യത്യാസമാണ് പ്രധാന വെല്ലുവിളി. ഇത് കുട്ടികളിലും മാതാപിതാക്കളിലും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതിന് പരിഹാരമായി നമ്മൾ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കും.

***ഫോമായുടെ അടുത്ത തലമുറ നേതാക്കളെ വളർത്തിയെടുക്കാൻ എന്താണ് ചെയ്യുക?***

ഫോമായുടെ എല്ലാ അസോസിയേഷനുകളുടെയും ഉദ്ദേശലക്ഷ്യങ്ങൾ നമ്മുടെ ഭാഷയും കലകളും സംസ്കാരവും പൈതൃകവും വരും തലമുറകൾക്ക് പകർന്നു നൽകുക എന്നതാണല്ലോ. അതിനുവേണ്ടി കൃത്യമായ പദ്ധതികൾ നമ്മൾ നടപ്പിലാക്കും. കൂടാതെ എല്ലാ റീജിയനുകളിലും വളരെ ശക്തമായ യൂത്ത് കമ്മിറ്റികൾക്ക് രൂപം നൽകും.

ഞാൻ ട്രഷറർ ആയിരുന്ന കമ്മിറ്റിയുടെ നേതൃത്വത്തിൽ 'ജൂനിയർ അഫയേഴ്സ് ഫോറം' എന്ന കമ്മിറ്റി രൂപീകരിച്ചിരുന്നു. കമ്മിറ്റി നടത്തിയ പരിപാടികൾ ഫോമായെ കൂടുതൽ കുടുംബങ്ങളിലേക്കും കുട്ടികളിലേക്കും എത്തിക്കാൻ സഹായിച്ചു. തീർച്ചയായും അതുപോലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച് കുട്ടികളെയും യൂത്തിനെയും ഫോമായിലേക്ക് കൊണ്ടുവരാൻ സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

***തിരഞ്ഞെടുപ്പിൽ വിജയിച്ചാൽ ആദ്യ 100 ദിവസങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണ്?***

ആദ്യ 100 ദിവസങ്ങളിൽ, ഫോമാ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ പദ്ധതികൾക്കുമായി സബ് കമ്മിറ്റികൾ രൂപീകരിക്കുകയും എത്രയും പെട്ടെന്ന് തന്നെ അതാത് കമ്മിറ്റികളുടെ നേതൃത്വത്തിൽ പ്രോജക്റ്റുകൾക്ക് തുടക്കം കുറിക്കുകയുമാണ് പ്രധാന ലക്ഷ്യം. മാനിഫെസ്റ്റോയിലെ എല്ലാ കാര്യങ്ങളും കൃത്യമായി ഇതിൽ ഉൾക്കൊള്ളിച്ചിരിക്കും.

***തിരഞ്ഞെടുപ്പ് കഴിഞ്ഞാലും ഫോമായുടെ ഐക്യം നിലനിർത്താൻ എതിർപക്ഷ സ്ഥാനാർത്ഥികളെ എങ്ങനെ കാണുന്നു?***

എതിർപക്ഷത്തുള്ള എല്ലാവരുമായും നല്ല ബന്ധമാണ് ഞാൻ പുലർത്തുന്നത്. ഈ തിരഞ്ഞെടുപ്പിനെ പൂർണമായും സ്പോർട്സ്മാൻ സ്പിരിറ്റിലാണ് കാണുന്നത്. തിരഞ്ഞെടുപ്പിന് ശേഷം ഗ്രൂപ്പ് വ്യത്യാസങ്ങളില്ലാതെ എല്ലാവരെയും ഒന്നിപ്പിച്ചു കൊണ്ടുപോകാൻ ഞാൻ മുന്നിലുണ്ടാകും. സംഘടനയിലെ ഗ്രൂപ്പ് പ്രവർത്തനങ്ങളും വ്യക്തിഹത്യ നടത്തുന്ന രീതികളും അവസാനിപ്പിക്കേണ്ടതാണ്. ഇല്ലാത്ത കഥകൾ പ്രചരിപ്പിക്കുന്നത് സംഘടനയ്ക്ക് തന്നെയാണ് ദോഷം ചെയ്യുക. ഫോമായുടെ ബൈലോയിൽ ഉറച്ചുനിന്നുകൊണ്ട്, കൗൺസിലുകളെ വിശ്വാസത്തിലെടുത്ത് മുതിർന്ന നേതാക്കളുടെ അഭിപ്രായങ്ങൾ കേട്ട് മുന്നോട്ട് പോകും. ഞാൻ ഉണ്ടാക്കിയെടുത്ത സ്നേഹബന്ധങ്ങൾ ഇതിന് കരുത്ത് നൽകും. ഒരു മികച്ച നേതാവിന് വേണ്ടത് എല്ലാവരെയും കേൾക്കുക, എല്ലാ വശവും പഠിച്ച് തീരുമാനമെടുക്കുക, എടുക്കുന്ന തീരുമാനത്തിൽ ഉറച്ചുനിൽക്കുക എന്നിവയാണെന്ന് ഞാൻ വിശ്വസിക്കുന്നു.

***വിജയിച്ചാൽ ഫോമായുടെ ചരിത്രത്തിൽ താങ്കളുടെ ടീം എങ്ങനെ ഓർമ്മിക്കപ്പെടണം എന്നാണ് ആഗ്രഹിക്കുന്നത്?***

'ടീം വോയ്സ് ഓഫ് ഫോമാ' മുന്നോട്ട് വെച്ച മാനിഫെസ്റ്റോ സമയബന്ധിതമായി പൂർത്തീകരിച്ച ഒരു ടീം എന്ന് കേൾക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എല്ലാവരെയും കൂട്ടിയോജിപ്പിക്കുകയും ജനമനസ്സുകളിൽ സ്ഥാനം പിടിക്കുകയും എല്ലാവരുടെയും ആശയങ്ങൾക്ക് അവസരം നൽകിയതുമായ ഒരു ടീമായി ചരിത്രത്തിൽ ഓർമ്മിക്കപ്പെടണം എന്നാണ് ആഗ്രഹം. കുടുംബത്തിന്റെ പൂർണ്ണ പിന്തുണയാണ് എന്റെ ഈ സംഘടനാ ജീവിതത്തിന്റെ വിജയം. കഴിഞ്ഞ കാലങ്ങളിലെ നല്ല പ്രവർത്തനങ്ങൾ തുടരുന്നതിനൊപ്പം പുതിയ പദ്ധതികളിലൂടെ ഫോമായ്ക്ക് മികച്ചൊരു മുഖം നൽകാൻ ഞങ്ങൾ ശ്രമിക്കും.

***അമേരിക്കൻ മലയാളി സമൂഹത്തോട് അവസാനമായി എന്താണ് അഭ്യർത്ഥിക്കാനുള്ളത്?***

'ടീം വോയ്സ് ഓഫ് ഫോമാ' എന്ന പേരിൽ ഈ വരുന്ന ഫോമാ തിരഞ്ഞെടുപ്പിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് ഞാൻ മത്സരിക്കുന്ന വിവരം ഏവരും അറിഞ്ഞുകാണുമല്ലോ. ഇത് എന്റെ ഒരു അഭ്യർത്ഥനയായി കരുതി നിങ്ങളുടെ വിലയേറിയ വോട്ട് നൽകി ഞങ്ങളെ വിജയിപ്പിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ഫോമായുടെ പ്രവർത്തനങ്ങൾ സത്യസന്ധമായും സുതാര്യമായും സാമൂഹിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഉത്തരവാദിത്തത്തോടെ എല്ലാവർക്കും സ്വീകാര്യമായ തരത്തിൽ നവീകരിച്ച് നടപ്പിലാക്കാൻ ഞങ്ങൾക്ക് കഴിയും. അതിന് ഞങ്ങളെ പ്രാപ്തരാക്കുന്നത് ഞങ്ങളുടെ പ്രവർത്തന പരിചയമാണ്.



എന്നെ കൂടാതെ ജനറൽ സെക്രട്ടറിയായി മത്സരിക്കുന്ന പോൾ പി ജോസ് ഫോമായുടെ നിലവിലുള്ള ജോയിന്റ് സെക്രട്ടറിയും ഫോമായുടെ മെട്രോ റീജിയൻ മുൻ ആർ.വി.പിയും കേരള സമാജം ഓഫ് ന്യൂയോർക്കിന്റെ അമ്പതാമത് പ്രസിഡന്റുമായിരുന്നു. സുവർണ്ണ ജൂബിലി ആഘോഷം അടക്കമുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കിയിട്ടുള്ളതാണ്.

ട്രഷററായി മത്സരിക്കുന്നത് ഫോമായുടെ ആദ്യകാലം മുതലുള്ള പ്രവർത്തകനും പിന്നീട് നാഷണൽ കമ്മിറ്റി മെമ്പർ, എമ്പയർ റീജിയൻ ആർ.വി.പി, വൈസ് പ്രസിഡന്റ്, ഹെൽപ്പിംഗ് ഹാൻഡ് കോർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ച പ്രദീപ് നായരാണ്. വൈസ് പ്രസിഡന്റായി ഡാളസ് മലയാളി അസോസിയേഷൻ പ്രസിഡന്റും ഫോമാ മുൻ നാഷണൽ കമ്മിറ്റി അംഗവും ലാംഗ്വേജ് ആൻഡ് എജ്യൂക്കേഷൻ കമ്മിറ്റി ചെയർമാനുമായ സാമുവേൽ മത്തായിയും, ജോയിന്റ് സെക്രട്ടറിയായി കമ്മ്യൂണിറ്റി ഡോക്ടർ അവാർഡ് ജേതാവും വിമൻസ് ഫോറം ഭാരവാഹിയുമായ ഡോ. മഞ്ജു പിള്ളയും മത്സരിക്കുന്നു. ഒരു ഡോക്ടർ ഭരണസമിതിയിലേക്ക് കടന്നുവരുന്നത് ഫോമായുടെ ചരിത്രത്തിൽ ആദ്യമാണ്. ജോയിന്റ് ട്രഷററായി മത്സരിക്കുന്നത് നാഷണൽ കമ്മിറ്റി മെമ്പറായും ആർ.വി.പിയായും ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റായും പ്രവർത്തിച്ച ജോൺസൺ കണ്ണൂക്കാടനാണ്. അദ്ദേഹത്തിന്റെ പ്രസിഡൻസിയിൽ ആരംഭിച്ച ഭവന നിർമ്മാണ പദ്ധതി ഇന്ന് 31 വീടുകളിൽ എത്തിനിൽക്കുന്നു.

ഈ ആറംഗ ടീമിന്റെ പ്രവർത്തന പരിചയവും ബന്ധങ്ങളും ഫോമായുടെ മുന്നോട്ടുള്ള പ്രയാണത്തിന് വലിയ കരുത്താകും. ഗ്രൂപ്പുകൾക്കതീതമായി നമുക്ക് ഒന്നിച്ച് അമേരിക്കൻ മലയാളികളുടെയും നമ്മുടെ മാതൃരാജ്യത്തിലെ സുഹൃത്തുക്കളുടെ ഉന്നമനത്തിനായി പ്രവർത്തിക്കാം. ഞങ്ങളുടെ പാനലിന് നിങ്ങളുടെ വിലയേറിയ വോട്ടുകൾ നൽകി വിജയിപ്പിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. നന്ദി.


TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# ഫൊക്കാന കൺവെൻഷൻ ചരിത്രത്തിലേക്ക്:

## രണ്ട് വേൾഡ് ഗിന്നസ്സ് ഉൾപ്പെടെ നിരവധി പ്രോഗ്രാമുകൾ

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക് : ഫൊക്കാന കൺവെൻഷൻ അമേരിക്കയിലെ ഒരു മാമാങ്ക വേദിയാവുകയാണ്. 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ മനോഹരമായ പോക്കനോസ് മൗണ്ടൻസിലെ കൽഹാരി റിസോർട്ടിൽ നടക്കുമ്പോൾ അത് ഫൊക്കാനയുടെയും മറ്റ് ഏത് പ്രവാസി സംഘാടനകളുടെയോ ചരിത്രത്തിൽ ഇന്നുവരെ വരെ കണ്ടിട്ടില്ലാത്ത ഒരു കൺവെൻഷനാണ് സാക്ഷിയാകുവാൻ പോകുന്നത്.

ഇന്ത്യയുടെ ഉപരാഷ്ട്രപതി, കേരള മുഖ്യമന്ത്രി,കേരളാ ഗവർണർ, ന്യൂ ജേഴ്‌സി ഗവർണ്ണർ, പദ്മാ വിഭൂഷൺ അടൂർ ഗോപലകൃഷ്ണൻ , പദ്മശ്രീ എം . എ . യൂസഫലി , പദ്മശ്രീ മട്ടന്നൂർ ശങ്കരൻ കുട്ടി ,കേരളത്തിലെ മന്ത്രിമാർ, MP, MLA മാർ പ്രമുഖ സിനിമ താരങ്ങൾ ആയ നവ്യ നായർ, അന്നാ ബെൻ , പ്രൊഫ . ഗോപിനാഥ് മുതുകാട് , നദിഷാ ,തുടങ്ങി നിരവധി പ്രമുഖർ സാക്ഷ്യം വഹിക്കുന്ന ഈ കൺവെൻഷനിൽ കേരളത്തിൽ നിന്നും അമേരിക്കയിൽ നിന്നും നിരവധി വിശിഷ്ടവെക്തികൾ പങ്കെടുക്കുന്നു.

**ഗിന്നസ് വേൾഡ് റെക്കോർഡ് :**

രണ്ട് ഗിന്നസ് വേൾഡ് റെക്കോർഡുകൾ ആണ് ഈ കൺവെൻഷനിൽ അരങ്ങേറുന്നത്. ഗിന്നസ് ലോക റെക്കോർഡിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഈ സംരംഭം എങ്ങനെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താം എന്നതാണ് ഫൊക്കാനയുടെ ലക്ഷ്യം.

മോഹിനിയാട്ടത്തിൽ ഒരു ഗിന്നസ് വേൾഡ് റെക്കോർഡ് നേടുവാൻ ഫൊക്കാന ഈ കൺവെൻഷനിൽ ശ്രമിക്കുന്നത്. കേരളത്തിന് പുറത്തു ഇത് ആദ്യമായിരിക്കും മോഹിനിയാട്ടത്തിൽ ഒരു ഗിന്നസ് വേൾഡ് റെക്കോർഡിന് ശ്രമിക്കുന്നത്. ഏകദേശം 1000 ത്തിൽ അധികം നർത്തകികൾ പ്രമുഖ ഡാൻസ് ടീച്ചർ ആയ ഗുരു ബീനാ മേനോന്റെ നേതൃത്വത്തിൽ അമേരിക്കയിലെ പ്രമുഖ ഡാൻസ് ഗുരുക്കന്മാരെ ഉൾപ്പെടുത്തി നടത്തുന്ന ഈ പ്രോഗ്രാം വിസ്മയം ആകും എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ഒരേ മോഹിനിയാട്ട വേഷത്തിൽ 1000 ത്തിൽ അധികം മങ്കമാർ മയകാഴ്കൾ ഒരുക്കുമ്പോൾ

അമേരിക്കയിൽ മാത്രമല്ല ലോകത്തിൽ തന്നെ നാം ഒരു ചരിത്രം കൂടി രചിക്കുകയാണ്.

"FOKANA Mega Chenda - Panchari Melam Guinness World Record Attempt":

ചെണ്ടമേളത്തിന്റെ തനിമയും കേരളീയ പാരമ്പര്യത്തിന്റെ ആത്മാവും ഒരു തരിപോലും നഷ്ടപ്പെടാതെ, പഞ്ചാരി മേളത്തിൽ അമേരിക്കയിൽ ഒരു ഗിന്നസ് വേൾഡ് റെക്കോർഡു കുറിക്കുമ്പോൾ പ്രവാസി മലയാളികൾക്ക് എന്നും ഓർത്തിരിക്കാൻ കഴിയും.

500 ൽ അധികം ചെണ്ട വിദ്യാൻമാർ കേരളത്തിന്റെ അഭിമാനമായ പദ്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടിയുടെയും കലാമണ്ഡലം ശിവദസിന്റെയും നേതൃത്വത്തിൽ കേരളാ തനിമയോട് ഒരേ വേഷത്തിൽ ,ഒരേ താളം തീർക്കുമ്പോൾ ഈ മഹാസംരംഭം ഒരു റെക്കോർഡിനായുള്ള പരിശ്രമം മാത്രമല്ല...മലയാളിയുടെ ഹൃദയമിടിപ്പായ ചെണ്ടമേളത്തെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രത്തിലേക്ക് ഉയർത്തിക്കൊണ്ടു വരാനുള്ള ഫൊക്കാനയുടെ ആത്മാർഥമായ പരിശ്രമത്തിന്റെ ഭാഗം കൂടിയാണ്. ഇതും ലോക റൊക്കോഡ് നേടും എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല.

**ഫൊക്കാനയുടെ ആദ്യദിവസം പ്രൊഫ . ഗോപിനാഥ് മുതുകാടിന്റെ മാജിക്ക് ഷോ :**

നാല് വർഷങ്ങൾക്ക് മുൻപ് മുൻപ് അഴിച്ചുവെച്ച ഇന്ദ്രജാലക്കാരന്റെ കുപ്പായം ഗോപിനാഥ് മുതുകാട് ഒരിക്കൽ കൂടി അണിയുന്നു. മാജിക്കിൽ ആയിരങ്ങളെ അതിശയിപ്പിച്ച് മാജിക്കിന്റെ വിസ്മയത്തിലോകത്ത് നമ്മെ കൊണ്ടെത്തിക്കുന്ന മുതുകാടിന്റെ മാജിക് വിസ്മയം വീണ്ടും പ്രവാസി മലയാളികൾക്കായി ഫൊക്കാന കൺവെൻഷനിൽ അരങ്ങേറുമ്പോൾ അദ്ദേഹത്തിന്റെ ജാലവിദ്യകൾ ഒരിക്കൽ കൂടി കണ്ടും ,അനുഭവിച്ചും അറിയുവാനുള്ള അവസരമാണ് ലഭിക്കുന്നത്.



**ഫൊക്കാന ഫിലിം അവാർഡ് നൈറ്റ് :**

ഫൊക്കാന കൺവെൻഷന്റെ സമാപന സമ്മേളനത്തിന് ശേഷം നടത്തുന്ന ഫൊക്കാനാ ഫിലിം അവാർഡ് ഈ കൺവെൻഷന്റെ ഒരു ഹൈലൈറ്റ് കൂടിയാണ് . കേരളത്തിലെ സിനിമാ മേഖലയിൽ നിന്നും പ്രമുഖ താരങ്ങൾ പങ്കെടുക്കുന്ന ഈ അവാർഡ് നൈറ്റിൽ നവ്യ നായർ , സിദ്ധിക്ക് , അന്നാ ബെൻ , നാദാർഷ തുടങ്ങി ഒരു ഡസനിൽ അധികം സിനിമ താരങ്ങൾ പെങ്കെടുക്കുന്നു.

കൺവെൻഷന്റെ രണ്ടാം ദിവസം അമേരിക്കയിലെ പ്രമുഖ കലാകാരൻമാരെ മാത്രം ഉൾപ്പെടുത്തി നടത്തുന്ന ഈവനിങ് ഷോ അമേരിക്കയിലെ നമ്മുടെ ടാലന്റുകളെ കണ്ടുപിടിച്ചു പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് നടത്തുന്നത്. നമ്മുടെ ഇടയിൽ വളരെ അധികം കഴിവുകൾ ഉള്ള കലാകാരമാർ ഉണ്ട് അവർക്ക് അവസരം ഒരുക്കുക എന്നതാണ് ഫൊക്കാനയുടെ ലക്ഷ്യം.

ഫൊക്കാന കൺവെൻഷന്റെ തുടക്കം ചെണ്ടയിലൂടെ വിസ്മയം തീർക്കുന്ന പദ്മശ്രീ മട്ടന്നൂർ ശങ്കരൻ കുട്ടിയുടെ നേതൃത്വത്തിൽ 200 പേരുടെ പഞ്ചാരിമേളത്തോടെയുള്ള പ്രൊസഷനോട് തുടങ്ങുന്ന കൺവെൻഷൻ സുഹൈഡ് കുക്കുവിന്റെ നേതൃത്വത്തിൽ 100 ൽ അധികം ഡാൻസേഴ്സിന്റെ ഓപ്പണിങ് ഡാൻസ് കൺവെൻഷനെ അവസ്മരണീയമാക്കും.

ഓഗസ്റ്റ് 7 രാവിലെ 8 മണിക്ക് ഫൊക്കാനയുടെ ജനറൽ ബോഡിയും അതിന് ശേഷം ഫൊക്കാന ഇലക്ഷൻ പ്രോസസ്സ് , ഫൊക്കാന യൂത്ത് ഫെസ്റ്റിവൽ , സ്പെല്ലിങ് ബി കോമ്പറ്റീഷൻ, സാഹിത്യ സമ്മേളനം , സാഹിത്യ അവാർഡുകൾ , മീഡിയ സെമിനാർ , ഹെൽത്ത് സെമിനാർ, ചീട്ടുകളി മത്സരം , മിസ്റ്റർ മെൻ , മലയാളീ മങ്ക എന്നീ പരിപാടികളും അരങ്ങേറും.

ഓഗസ്റ്റ് 8ന് രാവിലെ മുതൽ ഫൊക്കാനയുടെ പ്രീസ്റ്റീജിസ് പ്രോഗ്രമായ മിസ്സ് ഫൊക്കാന , അമേരിക്കയിലെ പ്രമുഖ ബിസ്സിനെസ്സ് കരോടൊപ്പം ബിസിനസ്സ് മീറ്റിങ്ങ് ആൻഡ് ലഞ്ച് വിത്ത് പദ്മശ്രീ എം . എ . യൂസഫലി. മൂന്നുമണിമുതൽ പഞ്ചാരിമേളത്തിൽ ഗിന്നസ്സ് റെക്കോർഡ് , 4 മണി മുതൽ മോഹിനിയാട്ടത്തിൽ ഗിന്നസ് വേൾഡ് റെക്കോഡ് . 6 മണി മുതൽ ഫൊക്കാന കൺവെൻഷൻ ക്ലോസിങ് സെറിമണി. അതിന് ശേഷം ഫൊക്കാന ഫിലിം അവാർഡ് തുടങ്ങി വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികൾ അങ്ങനെ യങ്ങനെ കൺവെൻഷനെ വർണ്ണാഭമാക്കാൻ ഒട്ടനവധി പരിപാടികളാണ് തയ്യാറെടുക്കുന്നത്.

ഏതെങ്കിലും പ്രവാസി സംഘടനകളുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് കൺവെൻഷന് എട്ട് മാസങ്ങൾക്ക് മുൻപ് തന്നെ റിസർവ് ചെയ്ത റൂമുമുകൾ എല്ലാം തന്നെ സോൾഡ് ഔട്ട് ആകുന്നത്. ഇപ്പോഴും രജിസ്റ്റർ ചെയ്യുവാൻ വളരെ അധികം ആളുകൾ മുന്നോട്ട് വരുന്നുണ്ട്. റൂമുകളുടെ അപര്യാപ്തയാണ് കൂടുതൽ രെജിസ്ട്രേഷനുകൾക്ക് തടസമാകുന്നത്. എങ്കിലും 4000 അധികം ആളുകളെ ഈ കൺവെൻഷനിൽ പ്രതീക്ഷിക്കുന്നുണ്ട്.

ഇത് ഫൊക്കാനയുടെ ചരിത്രത്തിലെ സുവർണ്ണ നിമിഷം തന്നെയാണ്. ലോകത്തിലെ ഏറ്റവും വലിയ ഇൻഡോർ ഔട്ട്ഡോർ വാട്ടർ പാർക്കുകളിൽ ഒന്നായ കൽഹാരി റിസോർട്ടിൽ ഇന്റർനാഷണൽ കൺവെൻഷൻ അരങ്ങേറുമ്പോൾ ഈ ചരിത്ര സംഗമത്തിന് ഭാഗമാകുവാനും ഇത് അനുഭവിച്ചു അറിയുവാനും നിങ്ങളെ ഓരോരുത്തരെയും ക്ഷണിക്കുന്നതായി പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ഫൊക്കാനയുടെ അന്തർദേശീയ കൺവെൻഷൻ ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നതിനോടൊപ്പം. ഇന്നുവരെ അമേരിക്കയിലെ ഒരു പ്രവാസി സംഘടനകളോ , മതസംഘടനകളോ കണ്ടിട്ടും , കേട്ടിട്ടും ഇല്ലാത്ത തരത്തിലുള്ള ഒരു കൺവെൻഷൻ ആയിരിക്കും ഇത് . ഈ ചരിത്ര നിമിഷത്തിൽ ഇതിൽ പങ്കാളിയാകുമ്പോൾ നിങ്ങളും ചരിത്രത്തിന്റെ ഭാഗമാവുകയാണ് .ഈ ചരിത്ര മുഹൂർത്തത്തെ നമുക്ക് വർണ്ണാഭമാക്കാം ....


AMERICAN MEGA SHOW
AURA
2026
T&T PRODUCTION
SPICE GARDENS BAR & GRILL
INDIAN RESTAURANT
SHOW TIME
JUL-AUG
VIBE ആണ് BRO
DANCE MUSIC COMEDY
GS VIJAYAN
SHOW DIRECTOR
RONNIE RAPHEL
MUSIC DIRECTOR
BIJU DHWANI THARANG
CHOREOGRAPHER
TICKET
+1 (832) 998-5873
+1 (646) 261-6314
+1 (516) 988-5834
Flock Trail
All in One Member Management Portal

# വന്ദേമാതരം നാലുവരി മാത്രം ചൊല്ലി; പ്രോട്ടോക്കോൾ പറഞ്ഞ് സർക്കാരും ഗവർണറും ഉരസുന്നു

**എ.എസ് ശ്രീകുമാർ**

വി.ഡി സതീശൻ സർക്കാരിന്റെ ആദ്യ നയപ്രഖ്യാപന പ്രസംഗത്തിൽ ദേശീയഗീതമായ വന്ദേമാതരം പൂർണമായി ആലപിക്കാത്തതിൽ അതൃപ്തി പരസ്യമാക്കി ഗവർണർ രാജേന്ദ്ര ആർലേക്കർ. മുഴുവനായും ആലപിക്കണമെന്നതാണ് പ്രോട്ടോക്കോളെന്നും എന്നാൽ ഉണ്ടായില്ലെന്നും ഗവർണർ പറഞ്ഞു. വിശദീകരണം തേടുന്ന കാര്യം തീരുമാനിച്ചിട്ടില്ലെന്നും സർക്കാർ എന്തു നടപടിയെടുക്കുമെന്ന് നോക്കാമെന്നും ഗവർണർ വ്യക്തമാക്കിയിരിക്കുന്നു. യു.ഡി.എഫ് സർക്കാർ അധികാരമേറ്റതിന് പിന്നാലെ വന്ദേമാതരത്തെച്ചൊല്ലിയുള്ള വിവാദങ്ങൾ ഒന്നിന് പുറകെ ഒന്നായി സംസ്ഥാന രാഷ്ട്രീയത്തെ ചൂടുപിടിപ്പിക്കുകയാണ്. അതിന്റെ തുടർച്ചയാണ് ഇന്നത്തെ സംഭവം. നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി വന്ദേമാതരം ആലപിച്ചുകൊണ്ടാണ് 16-ാം നിയമസഭാ നടപടികൾ ആരംഭിച്ചത്. എന്നാൽ ഇന്ന് വന്ദേമാതരം മുഴുവൻ ആലപിച്ചില്ല.

മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങിലെ വന്ദേമാതരആലാപനത്തെച്ചൊല്ലിയുള്ള തർക്കങ്ങൾ കെട്ടടങ്ങുന്നതിന് മുൻപാണ് നയപ്രഖ്യാപനത്തിനായി ചേർന്ന നിയമസഭാ സമ്മേളനത്തിൽ മുഖ്യമന്ത്രി വി.ഡി സതീശൻ നേരിട്ട് ഇടപെട്ട് വന്ദേമാതരം ആദ്യ ഭാഗം മാത്രമാക്കി ചുരുക്കിയത് പുതിയ വിവാദങ്ങൾക്ക് വഴിതുറന്നത്. ഗവർണറെ നിയമസഭയിലേക്ക് സ്വീകരിക്കുന്നതിന്റെ ഭാഗമായി വന്ദേ മാതരം മുഴുവൻ ആലപിക്കണമെന്ന നിർദേശം സർക്കാർ തള്ളിയതാണ് വിവാദമായിരിക്കുന്നത്. കേരള പൊലീസിന്റെ ബാന്റ് വന്ദേ മാതരത്തിന്റെ ആദ്യ ഭാഗം മാത്രം വായിച്ച് നിർത്തുകയായിരുന്നു. ഇന്നലെ റിഹേഴ്സൽ കണ്ടപ്പോൾ തന്നെ വന്ദേ മാതരം മുഴുവൻ പാടാൻ ലോക് ഭവൻ നിർദേശിച്ചിരുന്നു. എന്നാൽ ആദ്യ ഭാഗം മാത്രം പാടിയത് വലിയ ചർച്ചകൾക്ക് വഴിവെച്ചിരിക്കുകയാണ്.


ഈ നടപടി ഗവർണ്ണറോടും ദേശീയ ഗീതത്തോടുമുള്ള അവഹേളനമാണെന്ന് ബി.ജെ.പി കുറ്റപ്പെടുത്തുമ്പോൾ, വന്ദേമാതരം മുഴുവനായി ആലപിക്കേണ്ടതില്ലെന്നും അത് ആർ.എസ്.എസ് അജണ്ടയാണെന്നുമാണ് പ്രതിപക്ഷ നേതാവ് പിണറായി വിജയന്റെ വാദം. വന്ദേമാതരം ആലപിക്കുമ്പോൾ എഴുന്നേറ്റ് നിൽക്കേണ്ടതില്ലെന്നും അദ്ദേഹം അവകാശപ്പെടുന്നു. പിണറായി വിജയൻ അവകാശപ്പെടുന്നത് പോലെ ആദ്യത്തെ രണ്ട് ഭാഗങ്ങൾ മാത്രം പാടിയാൽ പോരെന്നും, വന്ദേമാതരം ആലപിക്കുമ്പോൾ എഴുന്നേറ്റ് നിൽക്കേണ്ടതില്ലെന്ന വാദം പുതിയ നിയമപ്രകാരം നിലനിൽക്കില്ലെന്നുമാണ് നിയമവിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത്. യു.ഡി.എഫ് മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ വന്ദേമാതര ഗാനം പൂർണ്ണരൂപത്തിൽ അവതരിപ്പിച്ചത് മതേതരത്വത്തിന് പോറലേൽപ്പിക്കുന്ന നടപടിയാണെന്ന് സി.പി.എം

സംസ്ഥാന സെക്രട്ടറിയേറ്റ് നേരത്തെ ആരോപിച്ചിരുന്നു.


എന്നാൽ യു.ഡി.എഫ് സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ വന്ദേമാതരം മുഴുവൻ ആലപിക്കുന്നത് തങ്ങൾക്ക് മുൻകൂട്ടി അറിയില്ലായിരുന്നുവെന്നും രാജ്ഭവനിൽ നിന്നുള്ള ഔദ്യോഗിക നിർദ്ദേശം അനുസരിച്ചാണ് അത് ചെയ്തതെന്നുമാണ് മുഖ്യമന്ത്രി വി.ഡി സതീശൻ വ്യക്തമാക്കിയത്. സാധാരണ ദേശീയ ഗാനമാണ് ആലപിക്കാറുള്ളതെന്നും വന്ദേമാതരം അവിടെ ആലപിച്ചത് തങ്ങൾ അറിഞ്ഞുകൊണ്ടല്ലെന്നും മുഖ്യമന്ത്രി വിശദീകരിച്ചിരുന്നു. എങ്കിലും കേന്ദ്രത്തിന്റെ പുതിയ നിയമഭേദഗതിയോടെ ഔദ്യോഗിക ചടങ്ങുകളിൽ വന്ദേമാതരത്തിന് ദേശീയഗാനത്തിന് തുല്യമായ പ്രോട്ടോക്കോൾ പാലിക്കാൻ സംസ്ഥാന ഭരണകൂടങ്ങൾ നിയമപരമായി ബാധ്യസ്ഥരാണ്.

വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് 2026 ജനുവരിയിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതിയ ഔദ്യോഗിക ഉത്തരവ് പ്രകാരം വന്ദേമാതരം ആറ് പദ്യങ്ങളോടുകൂടിയ പൂർണ്ണ പതിപ്പ് (3 മിനിറ്റ് 10 സെക്കന്റ്) രാജ്യത്തെ വിവിധ ഔദ്യോഗിക സർക്കാർ ചടങ്ങുകളിൽ നിർബന്ധമാക്കിയിരുന്നു. ദേശീയ ഗാനമായ ജനഗണമനയ്ക്ക് ഭരണഘടനാപരമായി നൽകുന്ന അതേ ബഹുമാനവും പദവിയും പവിത്രതയും ദേശീയ ഗീതമായ വന്ദേമാതരത്തിനും നൽകുന്ന രീതിയിൽ 'ദേശീയ ബഹുമതികളെ അപമാനിക്കുന്നത് തടയൽ നിയമ'ത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര മന്ത്രിസഭ അടുത്തിടെ അംഗീകാരം നൽകിയിരുന്നു. പുതിയ ഭേദഗതി പ്രകാരം വന്ദേമാതരത്തെ ഏതെങ്കിലും രീതിയിൽ അപമാനിക്കുകയോ ആദരിക്കാതിരിക്കുകയോ ചെയ്യുന്നത് മുതൽ രാജ്യത്ത് കരിനിയമം അനുസരിച്ചുള്ള ക്രിമിനൽ കുറ്റമാണ്.

കേന്ദ്ര ഗവൺമെന്റിന്റെ ഔദ്യോഗിക പ്രോട്ടോക്കോൾ അനുസരിച്ച്, ഗവർണ്ണർ ഔദ്യോഗികമായി ഒരു പൊതുചടങ്ങിലേക്ക് എത്തുമ്പോഴും, ചടങ്ങുകൾ പൂർത്തിയാക്കി അദ്ദേഹം വേദിയിൽ നിന്നും മടങ്ങുമ്പോഴും വന്ദേമാതരത്തിന്റെ പൂർണ്ണരൂപം നിർബന്ധമായും ആലപിച്ചിരിക്കണം. പുതിയ നിയമപ്രകാരം ദേശീയഗാനം ആലപിക്കുമ്പോൾ രാജ്യത്ത് പാലിക്കേണ്ട അതേ തത്തുല്യമായ പ്രോട്ടോക്കോൾ തന്നെയാണ് വന്ദേമാതരത്തിനും ബാധകമാക്കിയിരിക്കുന്നത്. അതിനാൽ വന്ദേമാതരം ആലപിക്കുന്ന സമയം മുഴുവൻ ചടങ്ങിൽ പങ്കെടുക്കുന്ന മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ള എല്ലാവരും നിർബന്ധമായും





അറ്റൻഷനായി നിന്ന് ആദരവ് പ്രകടിപ്പിക്കേണ്ടതുണ്ട്.

നൂറ്റമ്പത് വർഷം മുൻപ് ബങ്കിം ചന്ദ്രചാറ്റർജി എഴുതി ഇന്ത്യൻ ജനതയുടെ ദേശീയ ബോധത്തെ ഉണർത്തി, കാത്തുസൂക്ഷിച്ച്, ദേശീയ മന്ത്രമായി മാറിയ വന്ദേമാതരം ഇപ്പോൾ വീണ്ടും പൂർണ്ണരൂപത്തിൽ സർക്കാറിന്റെ ഔദ്യോഗിക ചടങ്ങുകളിൽ മുഴങ്ങാൻ തുടങ്ങുമ്പോൾ രാഷ്ട്രീയ വിവാദങ്ങളും കൊടുമ്പിരി കൊള്ളുകയാണ്. വന്ദേമാതരം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഏറ്റവും വലിയ പ്രതീകമായി അലയടിച്ച ഗാനങ്ങളൊന്നായിരുന്നു. രാഷ്ട്രീയമായ ചില കാരണങ്ങളാൽ ഇന്ത്യയുടെ ദേശീയ ഗാനമാകാതെ പോയ വന്ദേമാതരം ദേശീയ ഗാനമായ ജനഗണമനക്കൊപ്പം ഇപ്പോഴും ആദരിക്കപ്പെടുന്നു. വന്ദേമാതരം പ്രക്ഷേപണം ചെയ്തുകൊണ്ടാണ് ആകാശവാണിയുടെ പ്രഭാത പരിപാടികൾ ആരംഭിക്കുന്നത്.


സൃഷ്ടി മുതൽ ചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ വിവാദങ്ങളിലൂടെ കടന്നുപോയ, ഇന്ത്യൻ സമൂഹത്തിൽ എല്ലായ്പ്പോഴും അലയടിച്ച ഒരു ഗാനമാണ് വന്ദേമാതരം. കുറേ കാലഘട്ടത്തേക്കെങ്കിലും വന്ദേമാതരം ഇന്ത്യയുടെ ദേശീയഗാനമായാണ് കരുതപ്പെട്ടിരുന്നത്. ഭാരതത്തെ മാതാവായി കണക്കാക്കി പൂജിക്കുന്നു എന്ന കാരണത്താൽ ഇസ്ലാം മതവിശ്വാസികൾ ഇത് ഉൾക്കൊള്ളാൻ വിസമ്മതിച്ചിരുന്നു. വന്ദേമാതരം ഉൾപ്പെട്ടിരുന്ന ആനന്ദമഠം എന്ന പുസ്തകത്തിൽ മുസ്ലീം വിരുദ്ധ സന്ദേശങ്ങൾ ഉണ്ട് എന്നതാണ് വിമർശനത്തിന്റെ കാതൽ.

വന്ദേ മാതരം വിഷയത്തിൽ യു.ഡി.എഫിനകത്ത് വലിയ ആശങ്ക നിലനിൽക്കുന്നുണ്ട്. മുസ്ലിം ലീഗ് ഈ വിഷയത്തിൽ ഇതുവരെ വിയോജിപ്പ് അറിയിച്ചിട്ടില്ലെങ്കിലും പാർട്ടി പ്രവർത്തകർക്കിടയിൽ പ്രശ്നം വൈകാരികമായി ഉയരുമോയെന്ന് അവർ ഭയക്കുന്നുണ്ട്. കോൺഗ്രസ് വന്ദേ മാതരം ഗാനത്തിന്റെ ആദ്യ രണ്ട് വരികൾ മാത്രമാണ് ഔദ്യോഗികമായി ദേശീയ ഗാനമായി അംഗീകരിച്ചത്. പിന്നീടുള്ള വരികളിൽ ദുർഗ, ലക്ഷ്മി തുടങ്ങിയ ഹിന്ദു ദേവതകളെ പരാമർശിക്കുന്നുണ്ട്. ഈ ഗാനം പൂർണമായി ആലപിക്കുന്നത് യു.ഡി.എഫിനെ സംബന്ധിച്ചിടത്തോളം അംഗീകരിക്കാൻ കഴിയില്ല. ഇന്ത്യ പോലുള്ള ബഹുമത സമൂഹത്തിൽ എല്ലാവരെയും ഒന്നിപ്പിക്കുന്ന ഗാനമാകണമെന്ന ധാരണയിൽ ടാഗോർ, നെഹ്റു തുടങ്ങിയവരുടെ കാർമികത്വത്തിലാണ് പിന്നീടുള്ള ഭാഗങ്ങൾ ഒഴിവാക്കിയതും ആദ്യരണ്ട് വരികൾ മാത്രം ശുപാർശ ചെയ്തതും.

### എ.എൽ.എയുടെ 'വന്ദേഭാരത്...'

വന്ദേ മാതരത്തെ 'വന്ദേ ഭാരത്' ആക്കിയ കോന്നി എം.എൽ.എ കെ യു ജനീഷ് കുമാറിനെതിരെ ട്രോളുകളുടെ പ്രളയം. വിഡി സതീശന്റെ സത്യപ്രതിജ്ഞ ചടങ്ങിൽ വന്ദേ മാതരം ആലപിച്ചതിനെ വിമർശിക്കുന്നതിനിയിലാണ് ജനീഷ് വന്ദേ മാതരത്തെ 'വന്ദേഭാരതം' എന്ന് തെറ്റായി പറഞ്ഞത്. ''വി.ഡി സതീശന്റെ സത്യപ്രതിജ്ഞ ചടങ്ങിൽ അടക്കം വന്ദേഭാരത്തിന്റെ മുഴുവൻ ഈരടികൾ ആലപിച്ചു. വർഷങ്ങൾക്ക് മുമ്പ് ഗാന്ധിയും നെഹ്റുവും എല്ലാം ഉപേക്ഷിച്ച വന്ദേഭാരതത്തിന്റെ അതേ ഈരടികൾ. അവിടെ ബി.ജെ.പിയുടെ നിർദ്ദേശമാണ് നടന്നത്...'' എന്നായിരുന്നു എം.എൽ.എയുയെ വിമർശനം. പിന്നെ രണ്ടാമതും വന്ദേ ഭാരതം എന്ന് പറഞ്ഞപ്പോൾ മാധ്യമ പ്രവർത്തകരാണ് തെറ്റ് ചൂണ്ടികാട്ടിയത്. പിന്നീട് എം.എൽ.എ വന്ദേമാതരം എന്ന് തിരുത്തിയെങ്കിലും സ്വയം പരിഹാസ്യനായി. 'വന്ദേഭാരത്' ട്രെയിൻ യാത്രയുടെ ഹാങ് ഓവറിലായിരുന്നിരിക്കാം എം.എൽ.എ.






**ABEL'S GARDEN PVT LTD**

**Karimannoor P.O. Thodupuzha, Idukki,**

**Kerala, India PIN. 685581**

**Email/ Phone : hello@abelsgarden.in**

**Tel:+917034413000, +917034643000, +919778050077**

# ഫോമാ ക്യാപിറ്റൽ റീജിയൻ ആർ.വി.പി സ്ഥാനത്തേക്ക് ജോൺ ചെറുശ്ശേരി



ബാൾട്ടിമോർ: ഫോമാ (ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ്) ക്യാപിറ്റൽ റീജിയണൽ വൈസ് പ്രസിഡന്റ് (RVP) സ്ഥാനത്തേക്ക് ബാൾട്ടിമോറിൽ നിന്നുള്ള പ്രമുഖ സാമൂഹിക-കായിക പ്രവർത്തകനായ ജോൺ ചെറുശ്ശേരി നാമനിർദ്ദേശം ചെയ്യപ്പെട്ടു. വാഷിംഗ്ടൺ ഡി.സി.യിലെ പ്രധാന മൂന്ന് മലയാളി സംഘടനകളായ കെ.എ.ജി.ഡബ്ല്യു (KAGW), കൈരളി ഓഫ് ബാൾട്ടിമോർ, കെ.സി.എസ് (KCS) എന്നിവർ സംയുക്തമായാണ് അദ്ദേഹത്തെ ഈ സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്തത്. വടക്കേ അമേരിക്കയിലെ മലയാളി സമൂഹത്തിനിടയിൽ ദീർഘകാലത്തെ പ്രവർത്തന പരിചയമുള്ള മികച്ചൊരു സംഘാടകനാണ് അദ്ദേഹം.

ബാൾട്ടിമോറിലെ പ്രമുഖ മലയാളി സംഘടനയായ 'കൈരളി ഓഫ് ബാൾട്ടിമോർ' (Kairali of Baltimore)ന്റെ ദീർഘകാല അംഗമായ ജോൺ ചെറുശ്ശേരി, വിവിധ വർഷങ്ങളിൽ സംഘടനയുടെ വിവിധ കമ്മിറ്റികളിൽ നിർണ്ണായക ചുമതലകൾ ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ട്. കൈരളിയുടെ സാംസ്കാരികവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങളിൽ എക്കാലത്തും സജീവ സാന്നിധ്യമായ അദ്ദേഹം ബാൾട്ടിമോർ മലയാളി സമൂഹത്തിന് ഏറെ പ്രിയങ്കരനാണ്. ഇതിനുപുറമെ, ജീവകാരുണ്യ പ്രവർത്തനങ്ങളോടുള്ള തന്റെ പ്രതിബദ്ധതയുടെ ഭാഗമായി കഴിഞ്ഞ 7 വർഷമായി അദ്ദേഹം 'ഓപ്പറേഷൻ വാക്ക് മേരിലാൻഡ്' (Operation Walk Maryland)നൊപ്പം വിദേശ രാജ്യങ്ങളിലേക്ക് മിഷൻ യാത്രകളും (Mission trips) നടത്തിവരുന്നുണ്ട്.

ബാൾട്ടിമോർ-വാഷിംഗ്ടൺ റീജിയണിൽ കഴിഞ്ഞ 30 വർഷമായി കായികരംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്ന പ്രമുഖ സംഘടനയാണ് 'ഖിലാഡീസ് സ്പോർട്സ് ക്ലബ്ബ്' (Baltimore Khiladiz Sports Club). ക്ലബ്ബിന്റെ രൂപീകരണ കാലം മുതൽ ഈ 30 വർഷത്തെ ദീർഘമായ പ്രയാണത്തിലുടനീളം അതിന്റെ എല്ലാ വളർച്ചാഘട്ടങ്ങളിലും ജോൺ ചെറുശ്ശേരി സജീവമായി ഒപ്പമുണ്ട്. നിലവിൽ ഖിലാഡീസ് ക്ലബ്ബിന്റെ കമ്മിറ്റി/ബോർഡ് അംഗം കൂടിയായ അദ്ദേഹം, ക്ലബ്ബിന്റെ കായിക-സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു. മലയാളി കമ്മ്യൂണിറ്റിയിലെ യുവതലമുറയെ സോക്കർ ഉൾപ്പെടെയുള്ള കായിക രംഗങ്ങളിലേക്ക് പ്രോത്സാഹിപ്പിക്കുന്നതിനും, പ്രവാസികൾക്കിടയിൽ കായിക കൂട്ടായ്മകൾ സജീവമായി നിലനിർത്തുന്നതിനും ദീർഘകാലത്തെ തന്റെ അനുഭവസമ്പത്ത് വഴി അദ്ദേഹത്തിന് സാധിക്കുന്നുണ്ട്.

നിലവിൽ ഖിലാഡീസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടക്കാനിരിക്കുന്ന അഞ്ചാമത് എൻ.എ.എം.എസ്.എൽ (5th NAMSL) വി. പി. സത്യൻ നാഷണൽ സോക്കർ ടൂർണമെന്റിന്റെ കോ-ചെയർമാൻ കൂടിയാണ് അദ്ദേഹം. വടക്കേ അമേരിക്കയിലെയും കാനഡയിലെയും പ്രമുഖ മലയാളി സോക്കർ ടീമുകൾ മാറ്റുരയ്ക്കുന്ന ഈ വൻകിട ടൂർണമെന്റിന്റെ വിജയകരമായ നടത്തിപ്പിനായി വലിയൊരു സംഘാടക നിരയെയാണ് അദ്ദേഹം നയിക്കുന്നത്.

ആർ.വി.പി പദവിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ജോൺ ചെറുശ്ശേരിയുടെ നേതൃത്വം ഫോമയുടെ ക്യാപിറ്റൽ റീജിയണിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തും പുതിയ ദിശാബോധവും നൽകാൻ സാധിക്കുമെന്ന് വിവിധ മലയാളി സംഘടനകളും സുഹൃത്തുക്കളും പ്രത്യാശ പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ നാമനിർദ്ദേശത്തിൽ ബാൾട്ടിമോർ-വാഷിംഗ്ടൺ മേഖലയിലെ മലയാളി സമൂഹം സന്തോഷവും അഭിനന്ദനങ്ങളും അറിയിച്ചു. ഭാര്യ സിമി, മക്കളായ ഈതൻ, എയ്ഡൻ എന്നിവർക്കൊപ്പം മേരിലാൻഡിലെ എലിക്കോട്ട് സിറ്റിയിലാണ് അദ്ദേഹം കുടുംബസമേതം താമസിക്കുന്നത്.

Celebrating 30 Service & Commitment

# Blue Ocean Wealth Solutions

A member of the MassMutual Financial Group



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഇന്ത്യാ കാത്തലിക് അസോസിയേഷൻ ക്യാൻസർ അവബോധന സെമിനാർ നടത്തി

ന്യൂ യോർക്ക് : ഇന്ത്യാ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്കയുടെ ആഭിമുഖ്യത്തിൽ ന്യൂ റോഷലിൽ വച്ചു ക്യാൻസർ ബോധ വൽക്കരണ സെമിനാർ നടത്തി. ടെമ്പിൾ യൂണിവേഴ്സിറ്റി ഫോക്സ് ചേസ് കാൻസർ സെന്ററിന്റെയും ഹണ്ടർ കോളേജിന്റെയും സംയുക്ത സഹകരണത്തോടെ സ്പീച്ചാണ് (SPEECH:Synergistic Partnership for Enhancing Excellence in Cancer Health) പൊതു ജനങ്ങളിൽ ക്യാൻസർ അവബോധം നൽകുന്നതിന് സെമിനാറിനു നേതൃത്വം നൽകുന്നത്.

സെമിനാറിൽ അമ്പതിൽ അധികം ആളുകൾ പങ്കെടുത്തു.

പ്രസിഡന്റ് ജോസഫ് മാത്യു ഇഞ്ചക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജോയിന്റ് സെക്രട്ടറി മാത്യു ജോസഫ് ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്നു നടന്ന സെമിനാറിൽ പങ്കെടുത്ത എല്ലാവരും ക്യാൻസറിനെ കുറിച്ചുള്ള തങ്ങളുടെ പ്രാഥമിക അറിവ് പരിശോധിക്കുന്നതിനായി പ്രീ ടെസ്റ്റ് എടുത്തു. തുടർന്ന് ആന്റോ പോൾ MSN, MPH, മിനി റോയ് BSN, CRN , NP, ഷേർലി പ്രകാശ് BSN, ജെനി സോളമൻ BSN എന്നിവരുടെ നേതൃത്വത്തിൽ

മലാശയ അർബുദവും (Colorectal Cancer) സ്തനാർബുദവും (Breast Cancer) എന്ന വിഷയത്തിൽ ഓഡിയോ വിഷ്വൽ ക്ലാസുകൾ നടന്നു. ക്യാൻസർ രോഗം ഭീതിപ്പെടുത്തുന്നതാണെങ്കിലും നേരത്തെ കണ്ടെത്തിയാൽ പരമാവധി സുഖപ്പെടുത്താനാവുമെന്ന് സെമിനാറിനു ആമുഖമായി മിനി റോയ് NP പറഞ്ഞു.

മലാശയ അർബുദവും (Colorectal Cancer) സ്തനാർബുദവും (Breast Cancer) കൃത്യസമയത്ത് തിരിച്ചറിഞ്ഞാൽ പൂർണ്ണമായും ഭേദമാക്കാവുന്ന രോഗങ്ങളാണ്. വൻകുടലിലെയോ മലാശയത്തിലെയോ കോശങ്ങളുടെ

അനിയന്ത്രിതമായ വളർച്ചയാണ് മലാശയ ക്യാൻസർ (Colorectal Cancer). അടുത്ത കാലത്തായി യുവാക്കളിൽ പോലും







ഈ രോഗം വർദ്ധിച്ചുവരുന്നതായി കാണുന്നു. അനിയന്ത്രിയമായ ഫാസ്റ്റ് ഫുഡ് ഭക്ഷണ ക്രമമാണ് പ്രധാന കാരണം.

മലദ്വാരത്തിലൂടെയുള്ള രക്തസ്രാവം:മലത്തിൽ കറുത്ത നിറത്തിലോ ചുവന്ന നിറത്തിലോ രക്തം കാണപ്പെടുക.

മലവിസർജ്ജനത്തിലെ മാറ്റങ്ങൾ: വിട്ടുമാറാത്ത വയറിളക്കം അല്ലെങ്കിൽ മലബന്ധം.

ശരീരഭാരം കുറയുക: കൃത്യമായ കാരണം കൂടാതെ പെട്ടെന്ന് ഭാരം കുറയുക.

വയറുവേദന: വിട്ടുമാറാത്ത ഗ്യാസ്, വയറു വീർക്കൽ അല്ലെങ്കിൽ കഠിനമായ വയറുവേദന.

ക്ഷീണം: മലത്തിലൂടെ രക്തം നഷ്ടപ്പെടുന്നത് മൂലം ഉണ്ടാകുന്ന വിളർച്ചയും കഠിനമായ ക്ഷീണവും എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

ഭക്ഷണ രീതി ക്രമീകരിച്ചും നേരത്തെ തന്നെ പരിശോധനക്ക് വിധേയമായും മാലാശയ ക്യാൻസറിനെ പ്രതിരോധിക്കാവുന്നതാണ്.

ചുവന്ന ഇറച്ചി (Red Meat), ഫാസ്റ്റ് ഫുഡ് എന്നിവ കുറയ്ക്കുക. നാരുകൾ (Fiber) അടങ്ങിയ പച്ചക്കറികളും പഴവർഗ്ഗങ്ങളും ധാരാളമായി കഴിക്കുക.

സ്ക്രീനിങ് (Colonoscopy): 45 വയസ്സിന് മുകളിലുള്ളവർ ഡോക്ടറുടെ നിർദ്ദേശപ്രകാരം കൊളോണോസ്കോപ്പി പരിശോധന നടത്തുന്നത് വഴി ക്യാൻസറിന് മുൻപുള്ള വളർച്ചകൾ (Polyps) കണ്ടെത്തി നീക്കം ചെയ്യാൻ സാധിക്കും.

സ്തനാർബുദം (Breast Cancer)

സ്ത്രീകളിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ക്യാൻസറുകളിൽ ഒന്നാണ് സ്തനാർബുദം. ആരംഭദിശയിൽ തന്നെ കണ്ടെത്തുന്നത് വഴി ലളിതമായ ചികിത്സയിലൂടെ ഇത് ഭേദമാക്കാം.

പ്രധാന ലക്ഷണങ്ങൾ: സ്തനങ്ങളിലെ തടിപ്പ്: വേദനയില്ലാത്തതോ ഉള്ളതോ ആയ പുതിയ തടിപ്പുകൾ അല്ലെങ്കിൽ മുഴകൾ.

ചർമ്മത്തിലെ മാറ്റങ്ങൾ: സ്തനങ്ങളിലെ ചർമ്മം ചുവക്കുക, തടിക്കുക അല്ലെങ്കിൽ ഓറഞ്ച് തൊലി പോലെ കുഴികൾ വീഴുക.

മുലക്കണ്ണിലെ മാറ്റങ്ങൾ: മുലക്കണ്ണ് ഉള്ളിലേക്ക് വലിഞ്ഞു പോകുക.

ദ്രാവകങ്ങൾ വരിക: മുലപ്പാലല്ലാതെ രക്തമയമുള്ളതോ അല്ലാത്തതോ ആയ ദ്രാവകങ്ങൾ മുലക്കണ്ണിലൂടെ വരിക.

കക്ഷത്തിലെ വീക്കം: കക്ഷത്തിൽ ഉണ്ടാകുന്ന മുഴകൾ അല്ലെങ്കിൽ വീക്കം.

**പ്രതിരോധവും പരിശോധനയും:**

സ്വയം പരിശോധന (Breast Self-Examination): 20 വയസ്സിന് മുകളിലുള്ള എല്ലാ സ്ത്രീകളും മാസത്തി





ലൊരിക്കൽ സ്വയം പരിശോധിച്ച് മാറ്റങ്ങൾ ഇല്ലെന്ന് ഉറപ്പ് വരുത്തണം.

മാമോഗ്രാം (Mammogram): 40 വയസ്സ് കഴിഞ്ഞ സ്ത്രീകൾ വർഷത്തിലൊരിക്കൽ മാമോഗ്രാം പരിശോധന നടത്തുന്നത് സ്ക്രീനിങ്ങിന് ഏറെ സഹായകരമാണ്.

**പൊതുവായ മുൻകരുതലുകൾ.**


പുകവലിയും മദ്യപാനവും പൂർണ്ണമായും ഒഴിവാക്കുക. ദിവസവും വ്യായാമം ചെയ്യുകയും ആരോഗ്യകരമായ ശരീരഭാരം നിലനിർത്തുകയും ചെയ്യുക. കുടുംബത്തിൽ ആർക്കെങ്കിലും ക്യാൻസർ പാരമ്പര്യമുണ്ടെങ്കിൽ നേരത്തെ തന്നെ ഡോക്ടറെ കണ്ട് പരിശോധനകൾ നിശ്ചയിക്കുക.



ലക്ഷണങ്ങൾ കണ്ടാലുടൻ സ്വയം ചികിത്സ ഒഴിവാക്കി ഒരു ഓങ്കോളജിസ്റ്റിന്റെയോ (Oncologist) ഗ്യാസ്ട്രോ എന്ററോളജിസ്റ്റിന്റെയോ (Gastroenterologist) സഹായം തേടുക.

തുടർന്ന് , ക്യാൻസർ പ്രതിരോധനത്തിൽ ജനറ്റിക്സിന്റെ പങ്കിനെക്കുറിച്ചു ആന്റോ പോളിന്റെ MSN നേതൃത്വത്തിൽ പൊതു ചർച്ചയും അവലോകനവും നടന്നു. സെമിനാർ വളരെ ഉപകാരപ്രദമായിരുന്നുവെന്നു ഏവരും അഭിപ്രായപ്പെട്ടു. അഘോഷങ്ങൾ മാത്രമല്ല വിജ്ഞാന പ്രദമായ , സമൂഹത്തിന് ഉപകരിക്കുന്ന ഇത്തരം സെമിനാറുകൾ നടത്തുവാനും അസോസിയേഷനുകൾ മുന്നോട്ടു വരണമെന്ന് ട്രസ്റ്റീ ബോർഡ് ചെയർമാൻ ആന്റോ വർക്കി അഭിപ്രായപ്പെട്ടു. ട്രഷറർ ജോർജ് തോമസ് ഏവർക്കും നന്ദി അർപ്പിച്ചു. ലിജോ ജോൺ, ജോസ് മലയിൽ, കെ ജെ ഗ്രിഗറി , ഇട്ടൂപ്പ് ദേവസ്സി, ആന്റോ വർക്കി , ജെസ്സി ആന്റോ , സ്വപ്ന മലയിൽ , മേരിക്കുട്ടി മൈക്കിൾ , തോമസ് പ്രകാശ് , ബെഞ്ചമിൻ ജോസഫ് , ഷാജി സക്കറിയ, ജോസ് ഞാറാകുന്നേൽ , പ്രിൻസ് ജോസഫ് മാത്യു ജോസഫ് , ടോണി നമ്പിയാമ്പറമ്പിൽ , ജോൺ കെ ജോർജ് , ബെൻ മാമ്മൻ, ഷൈജു കളത്തിൽ എന്നിവരും പ്രസിഡന്റ് ജോസഫ് മാത്യു ഇഞ്ചക്കലും ചേർന്ന് പരിപാടികൾക്ക് നേതൃത്വം നൽകി.



# ജിമ്മി ജോർജ് വോളിബോൾ: കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് ചാമ്പ്യന്മാർ; ഇരുവിഭാഗങ്ങളിലും കിരീടനേട്ടം




**മാർട്ടിൻ വിലങ്ങോലിൽ**

ലൂയീസ്‌വിൽ (ഡാലസ്): നോർത്ത് അമേരിക്കയിലെ മലയാളി കായിക മാമാങ്കമായ 36-ാമത് ജിമ്മി ജോർജ് മെമ്മോറിയൽ സൂപ്പർ ട്രോഫി വോളിബോൾ ടൂർണമെന്റിൽ കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് ചാമ്പ്യന്മാരായി. ആവേശം നിറഞ്ഞ ഫൈനൽ പോരാട്ടത്തിൽ നേരിട്ടുള്ള ഗെയിമുകൾക്ക് (30) നയാഗ്ര സ്പാർട്ടൻസിനെ കീഴടക്കിയാണ് കാലിഫോർണിയ കിരീടം ചൂടിയത്. കനത്ത പോരാട്ടം കാഴ്ചവെച്ച നയാഗ്ര സ്പാർട്ടൻസ് റണ്ണേഴ്സ് അപ്പ് ട്രോഫി സ്വന്തമാക്കി.

ടൂർണമെന്റിലെ 40 പ്ലസ് വിഭാഗത്തിലും ക്യാപ്റ്റൻ ബിജു മാത്യു മുണ്ടമറ്റത്തിന്റെ നേതൃത്വത്തിൽ ഇറങ്ങിയ കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് ചാമ്പ്യന്മാരായത് അവർക്ക് ഇരട്ടിമധുരമായി.

വ്യക്തിഗത പുരസ്കാരങ്ങൾ: ടൂർണമെന്റിലെ മികച്ച പ്രകടന







ത്തിന്റെ അടിസ്ഥാനത്തിൽ കാലിഫോർണിയ ബ്ലാസ്റ്റേഴ്സിന്റെ ഗുർപ്രീത് (പ്രിൻസ്) ഗോത്ര 'മോസ്റ്റ് വാല്യുബിൾ പ്ലെയർ' (MVP) ആയി തിരഞ്ഞെടുക്കപ്പെട്ടു. നയാഗ്ര സ്പാർട്ടൻസിന്റെ ലീയാൻഡർ പെരേര 'ബെസ്റ്റ് ഒഫൻസീവ് പ്ലെയർ' പുരസ്കാരത്തിന് അർഹനായി. കാലിഫോർണിയ ബ്ലാസ്റ്റേഴ്സിന്റെ സൈമൺ ആന്റണി 'ബെസ്റ്റ് സെറ്റർ' ആയും, അഫ്സൽ പീർമുഹമ്മദ് (കാലിഫോർണിയ) 'ബെസ്റ്റ് ഡിഫൻസീവ് പ്ലെയർ' ആയും തിരഞ്ഞെടുക്കപ്പെട്ടു.

ഇന്ത്യൻ വോളിബോൾ ഇതിഹാസം ജിമ്മി ജോർജിനൊപ്പം കളിച്ച മുൻ ഇന്ത്യൻ താരങ്ങളായ അബ്ദുൾ റസാഖ്, വാൾട്ടർ ബെഞ്ചമിൻ എന്നിവരും ഗ്രാൻഡ് സ്പോൺസർ ബിജു തോമസും (ലോസൺ ട്രാവൽസ്) ചേർന്നാണ് ചാമ്പ്യന്മാർക്കുള്ള ട്രോഫികൾ സമ്മാനിച്ചത്. റണ്ണേഴ്സ് അപ്പിനുള്ള പുരസ്കാരങ്ങൾ ടൂർണമെന്റ് ചെയർമാൻ സുനിൽ വർഗീസും, ക്രിസ്റ്റൽ റൂഫിംഗ് ഡയമണ്ട് സ്പോൺസർ



സിബി സെബാസ്റ്റ്യനും ചേർന്ന് സമ്മാനിച്ചു. ഡാലസ് സ്ട്രൈക്കേഴ്സ് പ്രസിഡന്റ് ഷിബു ഫിലിപ്പ്, ടൂർണമെന്റ് ഭാരവാഹികളായ മനോജ് പാപ്പൻ (ട്രഷറർ), ജിനു കുടിലിൽ, തങ്കച്ചൻ ജോസഫ്, സേവ്യർ ഫിലിപ്പ്, ടോമി ജോസഫ്, റോബിൻ ജോസഫ്, നെൽസൺ ജോസഫ്, സാക് തോമസ്, പ്രസാദ് എബ്രഹാം, ബിജു തോമസ്, ജോസ് തോമസ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. ടൂർണമെന്റ് സെക്രട്ടറി ജോസി ജോസഫ് നന്ദി പ്രകാശനം നടത്തി.

ബീന പാപ്പൻ, മെർലിൻ മാത്യു എന്നിവരുടെ നേതൃത്വത്തിലാണ് ഉദ്ഘാടന-സമാപന ചടങ്ങുകളും കളിക്കാർക്കും സ്പോൺസർമാർക്കുമായുള്ള വിരുന്നും ക്രമീകരിച്ചത്.

ഫണ്ട് ശേഖരണാർത്ഥം ടോമി തലച്ചെല്ലൂരിന്റെ നേതൃത്വത്തിൽ നടത്തിയ റാഫിൾ നറുക്കെടുപ്പിലെ ഒന്നാം സമ്മാനമായ ഏഷ്യയിലേക്കോ യൂറോപ്പിലേക്കോ ഉള്ള രണ്ട് പേർക്കുള്ള വിമാന ടിക്കറ്റ് ഫാം ഇന്ത്യ റെസ്റ്റോറന്റ് ഉടമ ഷോണിസ് സ്വന്തമാക്കി. രണ്ടാം സമ്മാനമായ മാക് ബുക്ക് ലിസ ഫിലിപ്പിന് ലഭിച്ചു. മൂന്നാം സമ്മാനമായ ഐപാഡിന്റെ വിജയിയെ കണ്ടെത്താനുള്ള ശ്രമത്തിലാണ് സംഘാടകർ.


ടൂർണമെന്റ് വൻ വിജയമാക്കാൻ സഹായിച്ച എല്ലാ സ്പോൺസർമാർക്കും വോളിബോൾ പ്രേമികൾക്കും ഡാലസ് സ്ട്രൈക്കേഴ്സ് കമ്മിറ്റി നന്ദി അറിയിച്ചു.




NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।
✔ FREE Credit Card Reader
✔ NO Long-Term Contracts
✔ NO Hidden Fees
✔ NO Early Termination Fee
NRS PAY
nrspay.com
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

## മെയ് 28

# മലയാളസാഹിത്യത്തിലെ ജനപ്രിയ എഴുത്തുകാരൻ മുട്ടത്തുവർക്കിക്ക് സ്മരണാഞ്ജലി



**അഡ്വക്കേറ്റ് രതീദേവി**

1913 ഏപ്രിൽ 28 നു ജനിക്കുകയും 1989 മേയ് 28നു 76-ആം വയസ്സിൽ അന്തരിക്കുകയും ചെയ്ത അദ്ദേഹത്തിന് ഇപ്പോൾ 113 വയസ്സ് പ്രായമുണ്ട് . മലയാള സാഹിത്യനഭോ മണ്ഡലത്തിൽ മുട്ടത്തു വർക്കിയ സ്മരിക്കുവാൻ ഒട്ടേറെ കാരണങ്ങൾ ഉണ്ട്.

81 നോവലുകൾ, 16 ചെറുകഥാ സമാഹാരങ്ങൾ, 12 നാടകങ്ങൾ, 17 വിവർത്തനകൃതികൾ, 5 ജീവചരിത്രങ്ങൾ എന്നിവയടക്കം ഇരുന്നൂറോളം കൃതികൾ എഴുതി.

മധ്യകേരളത്തിലെ സാധാരണക്കാരുടെ ജീവിതം ഹൃദയാവർജ്ജകമായി ആവിഷ്കരിച്ചു മുട്ടത്തുവർക്കി.ഒരു കാലഘട്ടത്തിലെ മധ്യകേരളത്തിലെ ക്രിസ്ത്യാനിയുടെ ജീവിതം സുന്ദരമായ ഭാഷയിൽ ആവിഷ്കരിച്ച എഴുത്തുകാരനായിരുന്നു കൂടാതെ

മുട്ടത്തുവർക്കിയുടെ 26 നോവലുകൾ ചലച്ചിത്രങ്ങളായിട്ടുണ്ട്. എല്ലാം തന്നെ തിയേറ്ററുകൾ നിറഞ്ഞോടിയ ചിത്രങ്ങളായിരുന്നു.


സത്യൻ അഭിനയിച്ച കരകാണാക്കടലും പാടാത്ത പൈങ്കിളിയും പ്രേംനസീർഅഭിനയിച്ച ഇണപ്രാവുകൾ,

ഷീല അഭിനയിച്ച വെളുത്ത കത്രീന , ലോറാ നീ എവിടെ?, പ്രിയമുള്ള സോഫിയ, അഴകുള്ള സെലീന, തുടങ്ങിയവയെല്ലാം വൻ വിജയമായിരുന്നു.

കർക്കിടക മഴ തുലഞ്ഞുപെയ്യുന്ന ഒരു മധ്യാഹ്നത്തിൽ അമ്മയുടെ മടിയിൽ കുട്ടിയായ ഞാൻ അമ്മയുടെ മടിയിൽ കിടക്കുകയാണ്. അമ്മ ഉറക്കെ വായിക്കുന്നു കേൾവിക്കാരായി അയൽവാസികളായ യുവതികൾ ചുറ്റുമുണ്ട്. നാല് പതിറ്റാണ്ടുകൾക്ക് മുൻപു നമ്മുടെ ഗ്രാമങ്ങളിൽ അങ്ങനെ ഒരു കാഴ്ച ഉണ്ടായിരുന്നു. അന്നു അമ്മ വായിച്ചു കേൾപ്പിച്ചത് 'ഒരു കുടയും കുഞ്ഞു പെങ്ങളും എന്ന പുസ്തകമായിരുന്നു.


സ്ത്രീകൾകിടയിൽ വായനയെ പരിപോഷിപ്പിക്കുവാൻ മുട്ടത്തുവർക്കിക്ക് കഴിഞ്ഞു എന്നത് മലയാള സാഹിത്യചരിത്രം സ്വർണ്ണലിപികളിൽ ലിഖിതപെടുത്തി


ട്ടുള്ളതാണ്. മലയാളത്തിൽ ഏറ്റവും കൂടുതൽ വായിക്കപെട്ടിടുള്ള എഴുത്തുകാരൻ മുട്ടത്ത് വർക്കി ആയതിനാലാണ് അദ്ദേഹത്തെ ജനപ്രിയ എഴുത്തുകാരനായി വായനക്കാർ ആഘോഷിച്ചതും. അദ്ദഹത്തിന്റെ അക്ഷരങ്ങളിലെ സത്യം അവർ ഏറ്റെടുത്തതും . പാവപെട്ട തന്റെ പെങ്ങളായ ലില്ലിയെ കുടകീഴിൽനിന്നും പെരുത്ത മഴയിലേക്ക് തള്ളിവിടുന്ന സമ്പന്നയായ ഗ്രേസിയുടെ തല കല്ലെറിഞ്ഞു പൊട്ടിക്കുന്ന ബേബി എന്ന ദരിദ്ര ബാലൻ പോലീസിനെയും പൂമംഗലത്തുകാരെയും ഭയന്നു നാടുവിട്ടു. പട്ടണത്തിൽ എത്തുമ്പോൾ അവിടെനിന്നും ഏറ്റുവാങ്ങുന്ന ക്രൂരതയുടെ കഥയാണിത്. അവസാനം നാം ഇഷ്ടപെടുംപോലെ വർഷങ്ങൾക്ക് ശേഷം കുഞ്ഞു പെങ്ങൾക്ക് ഒരു കുടയും വാങ്ങി ഗ്രാമത്തിൽ മടങ്ങി എത്തുന്ന ബേബി. എല്ലാം സന്തോഷപൂർവ്വം പര്യവസാനിക്കുന്നു. ഈ നോവലിന്റെ പുനർവായന ഇന്നത്തെ കുട്ടികൾക്ക് അനിവാര്യമാണ് . കാരണം ഇന്നത്തെ അണുകുടുംബത്തിൽ നിന്നും അന്യമായിരിക്കുന്ന കരുണ. പരസ്പര സ്നേഹം, ഭക്ഷണം ഉൾപ്പെടെയുള്ളവ പങ്കിട്ടു കൊടുക്കുവാനുള്ള വിശാലത . സഹോദര സ്നേഹം, തനിക്ക് പരിചിതമായ ഗ്രാമത്തിൽ നിന്നും ഒളിച്ചോടിപോകുന്ന കുട്ടികൾ പട്ടണത്തിൽ അനുഭവിക്കുന്ന ക്രൂരതകൾ. സമ്പന്നതയും ദാരിദ്ര്യവും തമ്മിലുള്ള അന്തരം. ധാർമ്മികതയും നൈതികതയുമുള്ളവനായി ഒരു കുട്ടി വളർന്നു വരേണ്ടത് അനിവാര്യമാണെന്ന് പുതിയ കാലത്തെ വായന കാട്ടിത്തരുന്നു. ഒരു കുടയും കുഞ്ഞു പെങ്ങാളും 1967-ൽ ആറാം ക്ലാസ്സിലെ സ്കൂൾ പാഠപുസ്തകമായിരുന്നു. കുടാതെ മുണ്ടൂർ സുകുമാരന്റെ ഹിന്ദി തർജ്ജിമക്ക് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി കാര്യാലയത്തിന്റെ ബഹുമതിലഭിച്ചിരുന്നു. വിവിധ ഇന്ത്യൻ ഭാഷകളിലേക്കും റഷ്യൻ ഭാഷയിലേക്കും വിവർത്തനം ചെയ്യിതിട്ടുണ്ട് . ചാൾസ് ഡിക്കൻസിന്റെ 'ക്രിസ്തുമസ് കരോൾ' മായി 'ഒരു കുടയും കുഞ്ഞുപെങ്ങൾക്കും നല്ല ചാർച്ചയുണ്ട്, രണ്ട് കൃതിയുടെയും അവസാനത്തിൽ അവരെല്ലാം നന്മഉള്ളവരായി സന്തോഷപൂർവം ആകാശഗോപുരത്തിന്റെ ഉണ്മ നിറഞ്ഞ ദീപ്തിയെ ഹൃദയത്തിൽ ഏറ്റു വാങ്ങുന്നവരായി മാറുന്നു .. 'ക്രിസ്തുമസ് കരോൾ' 1884 ഡിസംബർ 19 നു പബ്ലിഷ് ചെയ്തു. ക്രിസ്തുമസ് ഈവിന് അതായത് ഡിസംബർ 24 നു വൈകിട്ട് എല്ലാം വിറ്റു തീർന്നു. എന്ന് മാത്രമല്ല ഡിസംബർ അവസാനിക്കുന്നതിനു മുൻപു തന്നെ അതിന്റെ പതിമുന്നാമത്തെ പതിപ്പും പുറത്തിറങ്ങി കഴിഞ്ഞിരുന്നു. നിരുപകർ ഇതിനു പറയുന്ന പ്രധാന കാരണം മധ്യകാല വിക്ടോറിയൻ ക്രിസ്തുമസ് ആചാരങ്ങളെ ഈ കൃതി പുനർജീവിപ്പിച്ചു എന്നാണ്. കുടുംബ സംഗമങ്ങൾ, സീസണൽ ഭക്ഷണ പാനിയങ്ങൾ, ക്രിസ്തുമസ് കേക്ക് പോലെ പലതും, നൃത്തം ക്രിസ്തുമസ് വേഷങ്ങൾ, ക്രിസ്തുമസ് ഗെയിമുകൾ, ക്രിസ്തുമസ് ട്രീയുടെ അണിയിച്ചൊരുക്കൽ- ഇത്യാദിയായ പാശ്ചാത്യ ക്രിസ്തുമസ് ആചരണത്തെ ആധുനിക ലോകത്തിന് പരിചയപ്പെടുത്തുവാനും അതിലൂടെ അത് ആധുനിക ക്രിസ്തുമസ് ആഘോഷത്തെ സ്വാധിനിക്കുവാനും ഈ നോവലിന് കഴിഞ്ഞു.



കുടാതെ ദുഷ്ടനായ മിസ്റ്റർ സ്ക്രജു നന്മ നിറഞ്ഞ മനുഷ്യനായി മാറി 'ക്രിസ്തുമസിന്റെ കാരുണ്യം നിറഞ്ഞ ചൈതന്യം ഉൾകൊള്ളുവാൻ പ്രാപ്തനായി. ഇന്റർനെറ്റോ, സാമുഹ്യ മാധ്യമങ്ങളോ ഇല്ലാത്ത ഒരു കാലത്ത് (1955 ജനുവരി) ഒരാഴ്ചക്കുള്ളിൽ ആദ്യത്തെ പതിപ്പ് വിറ്റുതീർന്ന റെക്കോർഡ് സൃഷ്ടിച്ച അനശ്വര പ്രണയ നോവലാണ് 'പാടാത്ത പൈങ്കിളി.' ഇതിനെ കുറിച്ച് ആഹ്ലാദചിത്തനായി അദ്ദേഹം എങ്ങനെ എഴുതി. മലയോര ഗ്രാമങ്ങളിൽ പാടാത്ത പൈക്കിളി പാടി പറന്ന് മൃദു ചലനം സൃഷ്ടിച്ചിരിക്കുന്നു

1955 ജൂണിൽ തന്നെ റീ പ്രിന്റ് നടന്നു. ചാൾസ് ഡിക്കൻസിനെ പോലെ തന്നെ അതെവർഷം 'പാടാത്ത പൈക്കിളി'ക്കും ഒന്നിലേറെ പതിപ്പുകൾ പുറത്തിറങ്ങിരുന്നു. 1913 ഏപ്രിൽ 28 നു ചങ്ങനാശ്ശേരിയിൽ മുട്ടത്തു കുടുംബത്തിൽ ജനിച്ചു പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം എസ് .ബി കോളേജിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം. അതിനിടെ പിതാവിൽ നിന്നും തമിഴും ഗുരുവിൽ നിന്നും സംസ്കൃതവും പഠിച്ചു. തിരുവനന്തപുരത്ത് നിയമം പഠിക്കുവാൻപോയി പക്ഷെ പൂർത്തിയാക്കിയില്ല.. തടി ഫാക്ടറിയിൽ ക്ലാർക്ക് ആയും രണ്ട് വർഷം സ്കൂൾ അധ്യാപകനായും സേവനം അനുഷ്ടിച്ചു. അതിനിടയിൽ എം.പി പോളുമായുള്ള ആത്മബന്ധമാണ് സാഹിത്യജീവിതത്തിലേക്ക് വഴിത്തിരിവായത്. പോളിന്റെ ചെറുകഥാമാസികയിൽ




സഹകരിച്ചായിരുന്നു തുടക്കവും. അവിടെ നിന്നുമാണ് 1948 ൽ ദീപികയിൽ എത്തുന്നതുന്നത്. ഇരുപത്തിയാറ് വർഷം ദീപികയിൽ ജോലിനോക്കി. ഇംഗ്ലീഷിൽ അസാമാന്യ പാടവം ഉണ്ടായിരുന്നതിനാൽ വിദേശ വാർത്തകൾ എഡിറ്റു ചെയ്യുന്നതിനോടൊപ്പം കോട്ടയത്തെ ദീപികയുടെ പഴയ കെട്ടിടത്തിന്റെ പാത യോരം ചേർന്നുള്ള ജാലകത്തിനരുകിലിരുന്നു മുറുക്കി തുപ്പി തന്റെ സർഗ്ഗാത്മക സഞ്ചരം തുടർന്നു. ദീപികയുടെ ഏറ്റവും ഉജ്വലമായ കാലമായിരുന്നു അതെന്നു പറയാം . ദീപികയുടെ പത്രാധിപരായിരുന്ന ഷാബോറച്ചനാണ് മുട്ടത്തുവർക്കിയെ പ്രത്ര പ്രവർത്തന രംഗത്തേക്ക് കൊണ്ട് വന്നതെന്നു സെർജി ആൻണി എഴുതിയത് വായിച്ചതോർക്കുന്നു. മുട്ടത്തുവർക്കി ദീപികയിൽ 'ജിൻ' എന്ന പേരിൽ ഒരു നർമ പംക്തിയും എഴുതിയിരുന്നു . 1953 പുറത്തിറങ്ങിയ ഇണപ്രാവുകൾ മുതൽ പാടാത്ത പൈങ്കിളിയും, കരകാണാക്കടൽ ഉൾപ്പെടെ 83 നോവലുകൾ, മലയാളത്തിനു ആദ്യമായി ഇന്ത്യൻ പ്രസിഡണ്ടിന്റെ അവാർഡ് നേടിയ പാടാത്ത പൈങ്കിളി എന്ന സിനിമയിൽ തുടങ്ങി വേലി എന്ന നോവലിന്റെ പേരു മാറ്റിയ കോട്ടയം കുഞ്ഞച്ചൻ എന്ന സിനിമ വരെ എത്തി നിൽക്കുന്ന 30 ചലച്ചിത്രങ്ങൾ .. നാടകങ്ങൾ , ചെറുകഥകൾ, കവിത . നർമ്മ ലേഖനങ്ങൾ, ജീവചരിത്രം , എന്നിങ്ങനെ സാഹിത്യത്തിന്റെ വിവിധ മേഖലകളിലായി 132 കൃതികൾ രചിച്ചു. എഴുത്തിലേക്കുള്ള നിരന്തരമായ ജാഗ്രതയും കഠിനാദ്ധ്വാനവുമാണ് അദ്ദേഹത്തെ അത്രമേൽ പ്രസിദ്ധനാക്കിയത്.

ഒരേ സമയം അഞ്ചു വാരികകൾക്ക് അഞ്ചു നോവലുകൾ എഴുതി മുട്ടത്തുവർക്കിയുടെ ജീവിതവുമായി ഏറ്റവും അടുപ്പം പുലർത്തിരുന്ന ഒരു വ്യക്തിയായിരുന്നു മരുമകളായ അന്നാ മുട്ടത്ത്. അവർ എഴുതിയ മുട്ടത്തുവർക്കിയുടെ ജീവചരിത്രം , ഓർമ്മകളെ കൂട്ടി ചേർത്ത് എഴുതിയ ' ഓർമ്മയുടെ ഈണം ' എന്ന പുസ്തകത്തിൽ മുട്ടത്ത് വർക്കി എഴുതിയ ഒരു കത്തിൽ

മകളെ അന്നകുട്ടി, ഒരു മനുഷ്യന് അവന്റെ ജിവിതത്തിൽ എത്രമേൽ എഴുതുവാൻ കഴിയുമോ ? അത്രയും ഞാൻ എഴുതീരിക്കുന്നു. എഴുതിയെഴുതി കൈയുടെ വേദന ഒട്ടും സഹിക്കാൻ കഴിയുന്നില്ല. 1940 മുതൽ 1980 വരെയുള്ള കാലഘട്ടത്തിലാണ് മാനവ ചരിത്രം പല സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചത്. യുദ്ധവും അരാജകത്വവും, ആധുനികതയും ഹിപ്പിയിസവും ഫെമിനിസവും ഹുമനിസവും കുടാതെ സാഹിത്യത്തിലെ മഹത്തായ കൃതികൾ ഉണ്ടായിട്ടുള്ളതും. ഈ കാലഘട്ടത്തിൽ സജീവമായി എഴുതി കൊണ്ടിരുന്ന മുട്ടത്തുവർക്കിയുടെ രചനകളിൽ ഇതൊന്നും വിഷയമായി വന്നില്ല . (പക്ഷെ ഡോക്ടർ ഷിവാഗോയുടെ തർജ്ജിമയോടു കൂടി മുട്ടത്തുവർക്കിയിലെ ജിനിയസിനെ മലയാളികൾക്ക് തിരിച്ചറിയുവാൻ സാധിച്ചു.) പകരം താൻ വളർന്ന മലയോര പ്രദേശത്തെയും, അതിനെ ചുറ്റിപറ്റിയുള്ള കാർഷികജീവിതം, പള്ളിയും മണിമേടയും കുർബാനയും ഉൾപെടുന്ന ഏവർക്കും പരിചിതമായ ഭുമികയിൽ നിന്നുകൊണ്ട് കഥ പറഞ്ഞത് കൊണ്ടാണ് അദ്ദേഹം മലയാളത്തിലെ ജനപ്രിയ എഴുത്തുകാരനാക്കി മാറിയത്. പ്രൊഫസർ മാത്യു ജെ മുട്ടത്തിന്റെ ക്ഷണ പ്രകാരമാണ് 2006 ൽ എൻ. പി മുഹമ്മദിന്റെ കൃതിക്ക് മുട്ടത്ത് വർക്കി അവാർഡ് ദാന ചടങ്ങിൽ പക്കെടുക്കാൻ കോഴിക്കോട് പോയത് ഈ വേളയിൽ ഓർക്കുന്നു.

ജനപ്രിയ എഴുത്തുകാരനായ മുട്ടത്തവർക്കിയെ കുറിച്ച് നിരന്തരം എഴുതുവാൻ കാരണമായത് ഞാൻ മാതാവിനെ പോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മുട്ടത്തുവർക്കിയുടെ മരുമകൾ ആയ അന്ന മുട്ടത്തു കാരണമാണ്.

മുട്ടത്തു വർക്കിയെ കുറിച്ചുള്ള

സ്മരണകൾ തന്നെ നിലവിലില്ലാത്ത സാഹചര്യത്തിലാണ് അന്ന മുട്ടത്ത് ആ ദീപ്ത സ്മരണ നിലനിർത്തുവാനായി ചെറിയ പല കാര്യങ്ങളും ചെയ്തു കൊണ്ടിരിക്കുന്നത്.

അതിനായി ആയമ്മ പറയുന്ന ഒരു പ്രധാന കാരണം ഒരിക്കൽ മുട്ടത്തുവർക്കി ന്യൂയോർക്കിൽ താമസിക്കുന്ന അന്ന മുട്ടത്തിന് അയച്ച കത്തിന്റെ ഉള്ളടക്കം ഇങ്ങനെയായിരുന്നു . 'നീ എനിക്ക് മരുമകൾ അല്ല നീ എനിക്ക് മകളായി വന്നവളാണ്' ഒരു കാർഷിക കുടുംബത്തിൽ ജനിച്ച അന്നമുട്ടത്തിന് മലയാള സാഹിത്യ കാരണവരുടെ കുടുംബത്തിലെ മരുമകൾ ആയി ചെന്നതിന്റെ അഭിമാനം ചില്ലറയല്ല അത് പറയുമ്പോൾ അന്നംമുട്ടത്തിന് ഏഴു നാവാണ്. ആയതിനാൽ ആണ് ആ സ്മരണ നിലനിർത്തുവാൻ വേണ്ടി വ്യക്തിപരമായി പല കാര്യങ്ങളും അന്നമുട്ടത്തു ചെയ്യുന്നുണ്ട് , ഉദാഹരണം കഴിഞ്ഞവർഷം മുതൽ തിരൂർ , തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ മലയാളം എം എ വിദ്യാർഥികൾക്ക് വേണ്ടി ഏർപ്പെടുത്തിയ ക്രിയേറ്റീവ് റൈറ്റിങ്ങിനുള്ള സ്കോളർഷിപ്പ് , മുട്ടത്തുവർക്കി ഗ്ലോബൽ അവാർഡും ഇതിനുദാഹരണമാണ് .

മരുമകളായ അന്നമുട്ടത്തിന്റെ കൈവശം ഉണ്ടായിരുന്ന 1955-ൽ എഴുതിയ 'പാടാത്ത പൈങ്കിളിക്ക്' 1968 -ൽ ക്രിസ്ത്യൻ റൈറ്റ്സ് ആൻഡ് ജേണലിസ്റ്റ് ഫെലോഷിപ്പായി ലഭിച്ച സ്വർണപ്പക്കം താമസിക്കുന്ന മകനും മരുമകൾക്കും നല്കി .

ദശാബ്ദങ്ങളായി അത് കയ്യിൽ സൂക്ഷിച്ചിരിക്കുന്ന അന്ന മുട്ടത്തിന്റെ ആരോഗ്യം വളരെ മോശമായ സമയത്ത് ആ സ്വർണപ്പക്കം മകനായ അശോക് പഠിക്കുന്ന St. John's University (New York City) കൊടുക്കുവാൻ തീരുമാനിച്ചതായി എന്നോട് പറയുകയും അപ്പോൾ ഞാൻ ഒരു നിർദ്ദേശം വെച്ചു മലയാളത്തിലെ ജനപ്രിയനായ എഴുത്തുകാരന് കിട്ടിയ സ്വർണപതക്കം തിരൂരിലെ മലയാള സർവ്വകലാശാല നൽകിയാൽ വരും കാലങ്ങളിൽ അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്കും മ്യൂസിയം സന്ദർശിക്കുന്നവർക്കും മുട്ടത്തുവർക്കിയെ ക്കുറിച്ച് വീണ്ടും സ്മരിക്കുവാനും ജനകീയ സാഹിത്യത്തെ കുറിച്ച് കൂടുതൽ ചർച്ചകൾ ഉണ്ടാകാനും ഉപകരിക്കുമെന്ന് ഞാൻ പറഞ്ഞതിനോട് സമ്മതം മൂളുകയായിരുന്നു . അങ്ങനെയാണ് കഴിഞ്ഞവർഷം 09/20/2025 തിരൂർ ,തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകാല ശാലയിലെ മ്യൂസിയത്തിലേക്ക് പാടാത്ത പൈങ്കിളിക്ക് കിട്ടിയ സ്വർണ്ണ പതക്കം സമർപ്പിക്കപ്പെട്ടത്.




Mathrubhumi
മാതൃഭൂമി

# മുട്ടത്തു വർക്കിയുടെ സ്വർണപ്പതക്കം ഇന്ന് മലയാളസർവകലാശാലയ്ക്ക് കൈമാറും

മുട്ടത്തു വർക്കി ഗ്ലോബൽ വിദ്യാർഥി പുരസ്കാരം ടി.എസ്. സ്നേഹയ്ക്ക്

ഇതൊരു നിയോഗം മാത്രം

16/09/2025 NILAMBUR Pg 03

കൂടാതെ മുട്ടത്തുവർക്കിയുടെ ഭവനം സ്മാരകമാക്കണമെന്ന് കുടുംബാംഗങ്ങളും മക്കളും സാംസ്കാരിക വകുപ്പിനോടെ പല പ്രാവശ്യം ആവശ്യപ്പെട്ടതായിരുന്നു.

ഏതു നിമിഷവും നിലം പറ്റാവുന്ന ആ ഭവനത്തിൽ ഇത്തരത്തിലുള്ള ഒരു സ്വർണപ്പതക്കം സുരക്ഷിതമല്ല എന്ന തിരിച്ചറിവു കാരണമാണ്.

ആ സ്വർണപ്പതക്കം മലയാള യൂണിവേഴ്സിറ്റി കൊടുക്കണം എന്നൊരു തീരുമാനത്തിൽ എത്തിച്ചേർന്നത്. ''ഈ സ്വർണ്ണ പതുക്കം എത്രത്തോളം സുരക്ഷിതമാണ് മലയാള സർവ്വകാല ശാലയിൽ' എന്ന് അന്ന മുട്ടത്തു ചോദിച്ചതായി, മലയാളം ഡിപ്പാർട്ട്മെൻറ് തലവനായ ഡോക്ടർ ,സി ഗണേഷിനോടെ ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു ഇ ത്രത്തോളം സുരക്ഷിതമായ ഒരു സ്ഥലം പിന്നെ എവിടെയാണുള്ളത് എന്ന് തിരിച്ച് ചോദിച്ചു .

തോക്കും പിടിച്ചല്ലേ കാവൽക്കാരൻ മ്യൂസിയത്തിന് ചുറ്റും നില്ക്കുന്നത്'യെന്നു മറുപടിയും തന്നു

എനിക്ക് ഒരു ടോൾസ്റ്റോയിയോ

Mathrubhumi
മാതൃഭൂമി

# മുട്ടത്തു വർക്കിയുടെ സ്വർണപ്പതക്കം ഇനി മലയാളസർവകലാശാലയ്ക്ക് സ്വന്തം

**തിരൂർ:** മലയാളത്തിലെ ജനപ്രിയ നോവലിസ്റ്റ് മുട്ടത്തു വർക്കിയുടെ 'പാടാത്ത പൈങ്കിളി' എന്ന നോവലിന് 1968-ൽ ക്രിസ്ത്യൻ റൈറ്റേഴ്സ് ആൻഡ് ജേണലിസ്റ്റ് ഫെലോഷിപ്പായി ലഭിച്ച സ്വർണപ്പതക്കം തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയ്ക്ക് കൈമാറി. മുട്ടത്തുവർക്കി മകന്റെ ഭാര്യ അന്ന മുട്ടത്തിന് സമ്മാനിച്ചിരുന്നതാണ് പതക്കം. അമേരിക്കയിലുള്ള അന്ന മുട്ടം എഴുത്തുകാരിയും മനുഷ്യാവകാശപ്രവർത്തകയുമായ അഡ്വ. രതിദേവിയെ ഇത് ഏൽപ്പിക്കുകയായിരുന്നു. അവർ വഴിയാണിത് സർവകലാശാലയ്ക്കു ലഭിക്കുന്നത്.

സ്വർണപ്പതക്ക സമർപ്പണച്ചടങ്ങ് എഴുത്തുകാരൻ വി.ജെ. ജെയിംസ് ഉദ്ഘാടനംചെയ്തു. മുട്ടത്തു വർക്കിയുടെ ജനപ്രിയ സാഹിത്യം ക്ലാസിക് സാഹിത്യത്തിലേക്കുള്ള പാലമാണെന്ന് വി.ജെ. ജെയിംസ് പറഞ്ഞു. രതീദേവി സ്വർണപ്പതക്കം മലയാളസർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ആർ. പ്രസാദിന് കൈമാറി. സ്വർണപ്പതക്കത്തിന് 9.270 ഗ്രാം തൂക്കം വരും. കെ.പി. രാമനുണ്ണി സ്വർണപ്പതക്ക സമർപ്പണ സന്ദേശം നൽകി. അന്ന മുട്ടത്ത് ന്യൂയോർക്കിൽനിന്ന് ആശംസാവീഡിയോ സന്ദേശം നൽകി. തുടർന്ന് നടന്ന 'ജനപ്രിയ സാഹിത്യത്തിന്റെ മാനങ്ങൾ' എന്ന ചർച്ചയിൽ പ്രൊഫ. എ.ജി. ഒലീന, ഡോ. കെ.എം. അനിൽ എന്നിവർ സംസാരിച്ചു.

മുട്ടത്തു വർക്കിയുടെ ഓർമകൾ അവലംബിച്ച് അന്ന മുട്ടത്ത് എഴുതിയ 'ഓർമയുടെ ഈണങ്ങൾ' എന്ന പുസ്തകം ഐഎസ്ആർഒ മുൻ ശാസ്ത്രജ്ഞൻ ജോയ് വള്ളുവനാടൻ അഡ്വ. രതീദേവിക്ക് നൽകി പ്രകാശനംചെയ്തു. മുട്ടത്തു വർക്കിയുടെ 'പാടാത്ത പൈങ്കിളി'യുടെ എഴുപതാം വാർഷിക പതിപ്പും പ്രകാശനംചെയ്തു.

മുട്ടത്തു വർക്കി ഗ്ലോബൽ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ മലയാളസർവകലാശാലയിലെ വിദ്യാർഥികളിലെ മികച്ച സർഗാത്മക രചനയ്ക്കുള്ള പ്രഥമ പുരസ്കാരം ടി.എസ്. സ്നേഹയ്ക്ക് അഡ്വ. രതീദേവി കൈമാറി. കേരള പത്രപ്രവർത്തക യൂണിയൻ ജനറൽസെക്രട്ടറി സുരേഷ് എടപ്പാൾ, ചിത്രകാരി എൻ.ബി. ലതാദേവി, ഡോ. സി. ഗണേഷ്, വിദ്യാർഥി യൂണിയൻ ജനറൽസെക്രട്ടറി എം. ശ്യാംശങ്കർ, മലയാളസർവകലാശാലാ രജിസ്ട്രാർ ഡോ. കെ.എം. ഭരതൻ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. ധന്യ എന്നിവർ സംസാരിച്ചു.



മുട്ടത്തു വർക്കിയുടെ സ്വർണപ്പതക്കം അഡ്വ. രതീദേവി മലയാളസർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ആർ. പ്രസാദിന് കൈമാറുന്നു

17/09/2025 NILAMBUR Pg 03

ദസ്തയേവ്സ്കിയോ ആകാൻ കഴിയില്ല. എനിക്കു മുട്ടത്തു വർക്കി ആകാനേ കഴിയുകയുള്ളൂ. ഞാൻ ഞാനായിട്ടുതന്നെ മലയാളമണ്ണിലെ പച്ചയായ മനുഷ്യരുടെ ഹൃദയത്തുടിപ്പുകൾ കുറിച്ചിട്ടു; അതു മലയാളി നെഞ്ചിലേറ്റി. എന്റെ ഇണപ്രാവുകളും മയിലാടുംകുന്നുമെല്ലാം മുഷിഞ്ഞ കവർച്ചട്ടയുമായി കേരളത്തിലെ വായനശാലകളിൽ സജീവമാണ്. എനിക്ക് അതു മതി.'

ശ്രീ. ജോർജ് ജോസഫിന്റെ ലേഖനം

അന്നാ മുട്ടത്ത് മലയാള മലയാള സർവ്വകാല ശാലയ്ക്കു നല്കുവാൻവേണ്ടി ന്യൂയോർക്കിൽ വച്ചു സ്വർണപതക്കം എനിക്ക് കൈമാറുന്ന അവസര ത്തി ൽ ഈ -മലയാളീ പത്രത്തിന്റെ. പത്രാധിപരായ ശ്രീ. ജോർജ് ജോസഫിനെ അന്നമുട്ടത്ത് പ്രത്യേകം ക്ഷണിച്ചരുന്നു. കൂടാതെ മുട്ടത്ത് വർക്കിയെ കുറിച്ച ഒരു ലേഖനം എഴുതി തന്നതും ഈ അവസരത്തിൽ സ്മരിക്കന്നു.

വരേണ്യ വർഗ്ഗത്തിൽപ്പെട്ട ഹിന്ദുക്കൾക്കു മാത്രം അർഹതപ്പെട്ടതായിരുന്നു ആ കാലത്തു  സാഹിത്യരചന, ആ ദൗത്യം ക്രിസ്ത്യാനിയായ മുട്ടത്തുവർക്കി നടത്തിയപ്പോൾ ഉണ്ടായ അമർഷം തൃണവൽഗണിച്ചുകൊണ്ട് സാഹിത്യ നഭോമണ്ഡലത്തിലെ ശുക്രനക്ഷത്രമായി വിരാജിച്ച കരുത്തനാണ് മുട്ടത്തുവർക്കി. ആകാശത്തുനിന്നും അക്ഷരങ്ങൾ പെറുക്കി അവയെ താരകങ്ങളും ഇണപ്രാവുകളും പൈങ്കിളിയുമാക്കി തന്റെ സാധാരണകാരായ വായനക്കാരെ ആഹ്ലാദിപ്പിച്ചത് മലയാളത്തിലെ അനശ്വരനായ എഴുത്തുക്കാരൻ മുട്ടത്തുവർക്കിയാണ് .. അദ്ദേഹം പൈങ്കിളിയുമായി ആകാശ ഗോപുരത്തിലേക്ക് കയറി പോയത് മെയ് 28 ന് ആണ് ആ അക്ഷരങ്ങൾക്ക് മുന്നിൽ എന്റെ സ്മരണാഞ്ജലി..

## മലയാളിയെ വായിക്കാൻ പഠിപ്പിച്ച കഥാകാരൻ



ആശയങ്ങൾ എന്നപോലെ പുസ്തകങ്ങളും ഓരോരോ കാലത്തേക്കുള്ളതാണ് എന്ന് തോന്നിപ്പോകുന്നു. ഒരു കാലത്ത് ജനം കാത്തിരുന്ന അഥവാ ഒരു കോപ്പി കിട്ടാൻ വേണ്ടി ക്യൂ നിന്നിരുന്ന പല പുസ്തകങ്ങളും ഇന്ന് വിസ്മൃതിയിൽ ആണ്ടുപോയിരിക്കുന്നു. ഉറൂബിന്റെ 'ഉമ്മാച്ചു' മാതൃഭൂമി ഖണ്ഡശ്ശ പ്രസിദ്ധീകരിക്കുമ്പോൾ അത് മലയാള സാഹിത്യത്തിൽ ഒരു സംഭവമായിരുന്നു. അതുപോലെ എം. മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ അച്ചടിച്ചു വരാൻ കാത്തിരുന്നതും ഓർക്കുന്നു.

നേരെ മറിച്ച് ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' മാതൃഭൂമിയിൽ വരുമ്പോൾ അത്ര വലിയ സംഭവമായി സാഹിത്യലോകം കരുതിയിരുന്നില്ല. എന്നാൽ ക്രമേണ ആ നോവൽ ഒരു ദാർശനിക സൃഷ്ടിയായി കരുതപ്പെട്ടു. ഓരോ തവണ വായിക്കുമ്പോഴും പുതിയ ഒരു അനുഭൂതി മനസ്സിൽ ഉണ്ടാവുന്നു.

ഈ പശ്ചാത്തലത്തിലാണ് മുട്ടത്ത് വർക്കിയുടെ കൃതികളുടെ ഇന്നത്തെ പ്രസക്തിയെപ്പറ്റി ആലോചിക്കുന്നത്. ഒരു കാലഘട്ടത്തിന്റെ അടിസ്ഥാന ശിലകൾ പാകിയത് മുട്ടത്തു വർക്കിയുടെ സൃഷ്ടികൾ ആയിരുന്നു. ആ അസ്ഥിവാരത്തിൽ തുടങ്ങി കൂടുതൽ ആഴമായ വായനയിലേക്കു പോയതാണ് മലയാളിയുടെ ചരിത്രം. വരേണ്യവർഗം ഇത് അംഗീകരിച്ചാലും ഇല്ലെങ്കിലും ഇതാണ് സത്യം.

സെന്റ് പോൾ പറയുന്നത് കുട്ടിയായിരിക്കുമ്പോൾ നാം കുട്ടികളെപോലെ ചിന്തിച്ചു, പ്രായമായപ്പോൾ കുട്ടിത്തം വിട്ടുകളഞ്ഞു. ഇത് അർത്ഥവത്താക്കുന്നതാണ് ബാല്യ-കൗമാര കാലങ്ങളെ ദീപ്തമാക്കിയ വായനക്ക് മുട്ടത്ത് വർക്കിയുട കൃതികൾ ആണ് വഴിയൊരുക്കിയത് എന്നത്. പ്രായം കൂടുന്നതനുസരിച്ച് വായനയിലും മാറ്റം വന്നു എന്ന് മാത്രം. ഈ കൃതികളിൽനിന്ന് ഉരുത്തിരിഞ്ഞ സിനിമകളാവട്ടെ എല്ലാ വിഭാഗത്തെയും ആനന്ദിപ്പിച്ചു. പുസ്തകകങ്ങളെ തള്ളിപ്പറഞ്ഞവർ കൂടി സിനിമയെ ആസ്വദിച്ചു.


സ്വർണ്ണം
വിൽക്കാൻ
ഏറ്റവും നല്ലത്
നമ്മുടെ
അച്ചായൻസ്
തന്നെ
21 Year Legacy of Trust & Quality
SINCE 2005
40+ BRANCHES
KERALA'S NO.1 GOLD BUYER
അച്ചായൻസ്
ഗോൾഡ്
916 HALLMARKED JEWELLERY
എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം
85900 46 916 | 90613 50 916
www.achayansgold.in
വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLEY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)
FREE
FOR SPECIAL
NRI SERVICES
CONTACT: Mr. Shinil Kurian
90723 88 173

# സരോജാ വർഗീസിന്റെ പുതിയ പുസ്തകം കുട്ടികളുടെ ചെറുകഥകൾ പ്രകാശനം ചെയ്തു




കോട്ടയം : അമേരിക്കൻ മലയാളി എഴുത്തുകാരിയും , സാമൂഹ്യ സാംസ്കാരിക മേഖലയിൽ സജീവ സാന്നിദ്ധ്യവുമായ ശ്രീമതി സരോജ വർഗീസിന്റെ പുതിയ പുസ്തകം ‘ ചിൽഡ്രൻസ് ഷോർട്ട് സ്റ്റോറീസ് ‘ പ്രകാശനം ചെയ്തു. കോട്ടയം നൂറ്റൊന്ന് കവല ഹാപ്പി ഹോംസിൽ നടന്ന ചടങ്ങിൽ അമേരിക്കൻ മലയാളികൾക്ക് സുപരിചിതയും , ജനനി മാസികയുടെ പത്രാധിപ സമിതി അംഗവും , അറിയപ്പെടുന്ന ഓങ്കോളജിസ്റ്റുമായ ഡോ. സാറാ ഈശോ എഴുത്തുകാരനും സാമൂഹ്യ പ്രവർത്തകനുമായ ഡോ. സിബി തരകന് നൽകിയാണ് പുസ്തക പ്രകാശനം നിർവ്വഹിച്ചത്.

സരോജ വർഗീസ് എഴുത്തുകാരിയായി അറിയപ്പെടുന്ന കാലം മുതൽ അവരുടെ കഥകളും കവിതകളും ലേഖനങ്ങളും വായിച്ചു തുടങ്ങിയ ബന്ധം ഇപ്പോഴും തുടരുന്നതിന്റെ കാരണം എഴുത്തിന്റെ മഹിമയാണെന്ന് ഡോ. സാറാ ഈശോ പറഞ്ഞു. ഇപ്പോൾ ചെങ്ങന്നൂർ കല്ലിശേരി കെ. എം ചെറിയാൻ ഹോസ്പിറ്റലിൽ ഓങ്കോളജി വിഭാഗം മെഡിക്കൽ ഡയറക്ടർ ആയി സേവനമനുഷ്ഠിക്കുന്ന ഡോ. സാറാ ഈശോയും കുറച്ചു വർഷങ്ങളായി കേരളത്തിൽ താമസിക്കുന്നു. സരോജ വർഗീസും റിട്ടയർമെന്റ് ജീവിതം കേരളത്തിലാക്കിയത് എഴുത്തിന് ശക്തി പകരട്ടെയെന്ന് ഡോ. സാറാ ഈശോ അഭിപ്രായപ്പെട്ടു.




‘ സെലിബ്രേറ്റിംഗ് ദി ലൈഫ് ഓഫ് സരോജ വർഗീസ് ‘ എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ട പരിപാടിയിൽ സരോജ വർഗീസിന്റെ മുഖചിത്രത്തോടെ പ്രസിദ്ധീകരിച്ച മുഖം ഗ്ലോബൽ മാഗസിന്റെ മെയ്



ലക്കം ട്രാവൻകൂർ ഫൗണ്ടേഷൻ സി. ഇ. ഒ ജിജി ഫിലിപ്പ് പ്രകാശനം ചെയ്തു.

ചടങ്ങ് ഉദ്ഘാടനവും കൂടി നിർവ്വഹിച്ച അദ്ദേഹം റിട്ടയർമെന്റ് ജീവിതത്തിലും അക്ഷരങ്ങൾക്കൊപ്പം യാത്ര ചെയ്യുകയും തന്റെ കൊച്ചു മക്കൾക്കായി പറഞ്ഞ കഥകൾ ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചത് പുതിയ തലമുറയ്ക്കും പ്രയോജനപ്പെടട്ടെ എന്നും, നമ്മുടെ ബാല്യകാലങ്ങളിലേക്ക് യാത്ര ചെയ്യാൻ പ്രേരിപ്പിക്കുന്ന കഥകളാണ് ഈ പുസ്തകത്തിലുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു .

മുഖ്യാതിഥിയായി പങ്കെടുത്ത ഡോ. സിബി തരകൻ അമേരിക്കൻ മലയാളികൾക്ക് സുപരിചിതനായിരുന്ന ജോയൻ കുമരകം തനിക്ക് വർഷങ്ങൾക്ക് മുൻപ് പരിചയപ്പെടുത്തിയ വ്യക്തിയാണ് സരോജ വർഗീസ് എന്നും ആ ബന്ധം ഇന്നും മനോഹരമായി സൂക്ഷിക്കുന്നു എന്നും പറഞ്ഞു. സരോജ വർഗീസിന്റെ ' തീരം കാണാത്ത തിര ' എന്ന കഥാസമാഹാരത്തിന് പഠനം തയ്യാറാക്കിയ കാലം ഓർമ്മിച്ച് ' സാഹിത്യം ആത്മാവിന്റെ പ്രകാശനമാണ് എന്ന യാഥാർത്ഥ്യത്തെ സാധൂകരിക്കുന്നവയാണ് സരോജ വർഗീസിന്റെ കഥകളെന്നും ജീവിതാനുഭവങ്ങളെ ഭാവനയിലൂടെ രൂപാന്തരപ്പെടുത്തിയതിലൂടെ അതിന് ഒരു സവിശേഷ ഭംഗിയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സരോജ വർഗീസിന്റെ പുസ്തകങ്ങളിലൂടെ ഒരു യാത്ര എന്ന വിഷയത്തിൽ അനിൽ പെണ്ണുക്കര സംസാരിച്ചു.










വളരെ വേണ്ടപ്പെട്ടവരോട് സംസാരിക്കുന്നത്ര ലളിതമായി എഴുതുന്ന സരോജ വർഗീസ് തന്റെ ഭർത്താവിന്റെ ഓർമ്മകൾ പങ്കുവെയ്ക്കുന്ന പ്രിയപ്പെട്ട ജോ എന്ന പുസ്തകം ആ ഗണത്തിൽ ഒരു സവിശേഷ പുസ്തകമാണെന്നും കുടുംബത്തിന്റെ പിന്തുണ സരോജ വർഗീസ് എന്ന എഴുത്തുകാരിയെ വളർത്തുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സരോജ വർഗീസ് മറുപടി പ്രസംഗത്തിൽ അമേരിക്കയിൽ നിന്നും റിട്ടയർമെന്റ് ജീവിതം കേരളത്തിലേക്ക് പറിച്ചു നട്ടതുകൊണ്ട് വർഷങ്ങൾക്ക് ശേഷം കേരളത്തിന്റെ മണ്ണിൽ താമസമാക്കാൻ സാധിച്ചതിലും , അമേരിക്കയിലെ തന്റെ എഴുത്തുകൾക്ക് കേരളത്തിൽ ഒരു വലിയ ആദരവ് ലഭിച്ച സന്തോഷമാണ് തനിക്ക് ഉള്ളതെന്നും അവർ

പറഞ്ഞു. അമേരിക്കയിൽ എത്തിയ ശേഷം ജോലിക്കൊപ്പം എഴുത്തും സാംസ്കാരിക പ്രവർത്തനവും ഒപ്പം കൊണ്ടുപോകാൻ സാധിച്ചത് പ്രിയപ്പെട്ട ഭർത്താവ് ജോയുടേയും , കുടുംബത്തിന്റേയും പിന്തുണ കൊണ്ടാണ്. നാട്ടിലെത്തി ഹാപ്പി ഹോംസ് പോലെയുള്ള ഒരു സ്ഥല ത്ത് ലഭിക്കുന്ന പിന്തുണയും കരു തലും എഴുത്തിൽ കൂടുതൽ സ ജീവമാകാനും സാധിക്കുന്നതിൽ സന്തോഷം ഉണ്ടെന്ന് സരോജ വർ ഗീസ് പറഞ്ഞു.

റവഃ ഫാ. പി. റ്റി തോമസ് പ്രാർ ത്ഥന നടത്തി.


വിശിഷ്ടാതിഥികൾ നിലവിള ക്കു കൊളുത്തിയ ചടങ്ങിൽ ഹാ പ്പി ഹോംസ് പ്രതിനിധി ഫിലിപ് ജോൺ സ്വാഗതം പറഞ്ഞു. എം. ശശിധരൻ , പി ഉണ്ണികൃഷ്ണൻ എന്നിവരുടെ ഗാനങ്ങളും , ആർഷ , ദുർഗ എന്നിവരുടെ നൃത്തവും







ചടങ്ങിന് മാറ്റുകൂട്ടി. ഹാപ്പി ഹോം സ് പ്രതിനിധി അശ്വതി സൂസൻ ബാബു നന്ദിയും പറഞ്ഞതോടെ ചടങ്ങുകൾക്ക് വിരാമമായി.








NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# ഷിക്കാഗോ സീറോ മലബാർ രൂപതാ സിൽവർ ജൂബിലി കൺവൻഷൻ : ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ ! രജിസ്ട്രേഷൻ മെയ് 31നു അവസാനിക്കും




**ഷോളി കുമ്പിളുവേലി**

ഷിക്കാഗോ : ഇന്ത്യക്കു പുറത്തു സ്ഥാപിതമായ ആദ്യ പ്രവാസി സിറോ മലബാർ രൂപതയായ – 'സിറോ മലബാർ സെൻറ് തോമസ് കാത്തലിക് എപ്പാർക്കി- ഷിക്കാഗോയുടെ ' സിൽവർ ജൂബിലിയോടനുബന്ധിച്ചു ജൂലൈ 9 മുതൽ 12 വരെ ചിക്കാഗോയിൽ വച്ച് നടക്കുന്ന കൺവൻഷന്റെ രജിസ്ട്രേഷൻ മെയ് 31നു അവസാനിക്കും. മഹത്തായ ഈ കൺവൻഷനിൽ പങ്കെടുക്കുവാൻ ആഗ്രഹമുള്ളവർ മെയ് 31നു മുമ്പ് രജിസ്റ്റർ ചെയ്യണമെന്ന് കൺവൻഷൻ ഭാരവാഹികൾ അഭ്യർത്ഥിച്ചു.

സ്വർഗീയനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ, 2001 മാർച്ച് 13നാണ് ഷിക്കാഗോ രൂപത സ്ഥാപിക്കുന്നതും, പ്രഥമ മെത്രാനായി മാർ ജേക്കബ് അങ്ങാടിയത്തിനെ നിയോഗിക്കുന്നതും. സീറോ മലബാർ സഭയുടെ ദൗത്യം ഇന്ത്യയ്ക്കു വെളിയിലേക്കു ചുവടുവച്ചിട്ടു കാൽ നൂറ്റാണ്ടു പിന്നിട്ട്, കർമ്മപാതയിൽ തിളക്കത്തോടെ മുന്നേറുന്നതിന്റെ ഭാഗമായാണ് കൺവൻഷൻ സംഘടിപ്പിക്കുന്നത്.

ഷിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവെൻഷൻ സെന്ററിൽ (McCormick Place)ജൂലൈ 9,10,11,12 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിലാണ് സിറോ മലബാർ കൺവെൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകജൂബിലിയും ആഘോഷിക്കുന്നു.

കൺവൻഷൻ ദിവസങ്ങളിൽ, സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ട്, ആർച്ച് ബിഷപ്പ് കാർഡിനൽ ബ്ലേസ് കുപിച്, ആർച്ച് ബിഷപ്പ്




മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ, ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ, ബിഷപ്പ് ഏൾ ഫെർണാണ്ടസ്, റവ. ഫാ. സേവ്യർഖാൻ വട്ടായിൽ, റവ. ഡോ. ജോസഫ് തടത്തിൽ, റവ. ഫാ. ജോസഫ് പുത്തൻപുരയിൽ, ഫാ. ടിം അനസ്റ്റോസ്, റവ. ഫാ. ജോൺ കര്ടജേ, ഡോ. എഡ്‌വേഡ് ശ്രീ, സി. ജോസ്‌ലിൻ ഇടത്തിൽ തുടങ്ങി നിരവധി പ്രമുഖർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി സംസാരിക്കും.

കൺവൻഷൻറെ സായാഹ്നങ്ങളെ കൂടുതൽ ആകർഷകമാക്കാൻ നിരവധി കലാപരിപാടികൾ അണിയറയിൽ ഒരുങ്ങുന്നു. ഇതിൽ, കൺവൻഷൻ തുടങ്ങുന്ന ജൂലൈ 9, വ്യാഴാഴ്ച രാത്രി ഗസ്റ്റ് ആർട്ടിസ്റ്റുകളായ പ്രസിദ്ധ സിനിമ താരം പദ്മശ്രീ ജയറാമും സംഗീതജ്ഞൻ സ്റ്റീഫൻ ദേവസിയും സീറോമലബാർ കലാകാരന്മാരും ചേർന്നൊരുക്കുന്ന 'താള വിസ്മയം' എടുത്തു

പറയേണ്ടതാണ്. കൂടാതെ വിവിധ ദിവസങ്ങളിൽ അരങ്ങേറുന്ന മെഗാ മാർഗ്ഗംകളി, ഡാൻസ് മത്സരം, എന്നിവയിൽ താൽപ്പര്യമുള്ളവർക്ക് പങ്കെടുക്കാൻ അവസരം ഉണ്ട്. വെള്ളിയാഴ്ച നടക്കുന്ന പാരിഷ് ഫെസ്റ്റ് പരിപാടിയിൽ ഇടവക തലത്തിലുള്ള പരിപാടികൾ ഒരുങ്ങുന്നു. കുട്ടികൾക്കും യുവ ജനങ്ങൾക്കും വിവിധങ്ങളായ സ്പോർട്സ് , ഡാൻസ് പരിപാടികളിലും പങ്കെടുക്കാം. കൂടാതെ ലീഡർഷിപ്പ് പ്രോഗ്രാമുകൾ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ഉൾപ്പെടെ വിവിധ പരിപാടികളും യുവജനങ്ങൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂബിലി കമ്മിറ്റി കൺവീനർ റവ. ഫാ. ജോൺ മേലേപ്പുറം, ചെയർമാൻ ജോസഫ് ചാമക്കാല, കൺവൻഷൻ കമ്മിറ്റി കൺവീനർ റവ. ഫാ. തോമസ് കടുകപ്പിള്ളിൽ, ചെയർമാൻ ബിജി സി. മാണി, ജോയിൻറ് കൺവീനർ റവ. ഫാ. ജോയൽ പയസ്, കൺവൻഷൻ യൂത്ത് കൺവീനർ റവ. ഫാ. മെൽവിൻ പോൾ, സെക്രട്ടറി ബീന വള്ളിക്കളം, ഫിനാൻസ് കമ്മിറ്റി ചെയർമാൻ ആൻഡ്രൂ തോമസ്, ഫസിലിറ്റി ചെയർമാൻ ജോണി വടക്കുംചേരി, പ്രോഗ്രാം ചെയർമാൻ ജോഷി കുഞ്ചെറിയ, മാർക്കറ്റിങ് ചെയർമാൻ സജി വർഗീസ് , ജോയിന്റ് സെക്രട്ടറി ആനി മാനാട്ട്, എന്നിവരോടൊപ്പം ഫോക്കസ് ട്രാക്ക്(യൂത്ത്) ലീഡ്സ് മാത്യു തോമസ്, കെന്നിറ്റാ ജോസ് കുമ്പിളുവേലി, ജോർജ് നെല്ലിക്കുന്നേൽ, മെലിസ പുത്തൻപുര ലിയ ജോസഫ് തുടങ്ങി നിരവധിപ്പേർ അടങ്ങിയ വിപുലമായ കമ്മിറ്റികൾ സിൽവർ ജൂബിലി കൺവൻഷൻറെ വിജയത്തിനായി അക്ഷീണം പ്രവർത്തിച്ചുവരുന്നു.

പരസ്പരം പരിചയപ്പെടുന്നതിനും, പരിചയങ്ങൾ പുതുക്കുന്നതിനും, സുഹൃത് ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമെല്ലാം ഉപരി, അമേരിക്കയിൽ വളരുന്ന നമ്മുടെ മക്കളേയും മഹത്തായ സിറോ മലബാർ




വിശ്വാസത്തിന്റെയും പൈതൃകത്തിന്റേയും ഭാഗമായി നിലനിർത്തുന്നതിനും ഷിക്കാഗോ കൺവൻഷൻ സഹായകരമാകും. കൂടാതെ, അനന്തമായ ദൈവ പരിപാലനയിൽ, വിശ്വാസ വളർച്ചയുടെ കാൽനൂറ്റാണ്ട് പൂർത്തിയാക്കുന്ന ഈ അവസരത്തിൽ, സിറോ മലബാർ സഭാതലവൻ ആർച്ചു ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിനോടും, കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ടിൽ പിതാവിനോടും, രൂപത അദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് പിതാവിനോടും രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിനോടും, കൂടാതെ നിരവധി പിതാക്കമാരോടും, സഭയിലെ വിവിധ വൈദികരോടും സന്യസ്തരോടും, അൽമായരോടൊപ്പവും ഒരേ കൂടാരത്തിൽ കീഴിൽ ഒരുമിച്ചിരുന്നു ദൈവത്തിനു നന്ദി പറയുന്നതിനും, പ്രാർഥിക്കുന്നതിനും, വചനം ശ്രവിക്കുന്നതിനും , അപ്പം മുറിക്കുന്നതിനും, ആശയ വിനിമയും നടത്തുന്നതിനുമുള്ള നാല് ദിനങ്ങൾ, അതെത്ര സന്തോഷപ്രദമായിരിക്കും!

സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന കൺവന്ഷനിലും, അതോടൊപ്പമുള്ള ആത്മീയ, സാംസ്കാരിക, പൈതൃക കൂട്ടായ്മകളിലും ഭാഗഭാക്കാവാൻ എല്ലാ വിശ്വാസികളെയും രൂപതാ അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് ആഹ്വാനം ചെയ്യുന്നു.

കൺവൻഷനെ കുറിച്ചു കൂടുതൽ അറിയുവാനും, രജിസ്റ്റർ ചെയ്യുവാനും താഴെ പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക :

www.syroconvention.org



# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.


**We Serve These States NY, NJ, PA, & CT.**

**StateFarm®**

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489


Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# ചിക്കാഗോ സെന്റ് മേരീസിലെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം ഭക്തിസാന്ദ്രമായി

ചിക്കാഗോ : മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിലെ ഈ വർഷത്തെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം മെയ് മാസം 24- ഞായറാഴ്ച ഭക്തിസാന്ദ്രമായ തിരുക്കർമ്മങ്ങളോടെ നടത്തപ്പെട്ടു. ഒരു വർഷം നീണ്ടുനിന്ന പഠനത്തിന്റെയും പരിശീലനത്തിന്റെയും സമാപനത്തിൽ 21 കുട്ടികളാണ് ഈ ദിവസത്തിൽ ദിവ്യകാരുണ്യം സ്വീകരിച്ചത്. ഞായറാഴ്ച വൈകുന്നേരം 3:30-ന് മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ നടത്തപ്പെട്ട തിരുക്കർമ്മങ്ങളിൽ വികാരി ഫാ. സിജു മുടക്കോടിൽ മുഖ്യ കാർമ്മികനായിരുന്നു. ക്നാനായ റീജിയൻ ഡയറക്ടറും വികാരി ജനറലുമായ ഫാ. തോമസ് മുളവനാൽ വചന സന്ദേശം നൽകി. അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ, ഫാ. എബ്രഹാം കടുതോടിൽ എന്നിവർ സഹ കാർമ്മികരായിരുന്നു. സെനചാലുങ്കൽ, മിലാന ചെറിയത്തിൽ, എയ്‌ലാ ചോരത്ത്, ജെസ്‌ലെറ്റ് ഇടക്കരപുത്തൻപുരയിൽ, ഇവാലിന ഇടയാടിയിൽ, റീസ് ഇടശ്ശേരിൽ, ഷാർലറ്റ് കൈമൂലയിൽ, കെയ്റ്റൻ കണിയാംപറമ്പിൽ, ഹന്നാ കിഴവള്ളിൽ, അഞ്ജലി കുന്നശ്ശേരി, തിയോ മ്യാൽക്കരപ്പുറത്ത്, എൽവിൻ ഒഴുങ്ങാലിൽ, അനബെൽ പനങ്ങാട്ട്, മെൽവിൻ പാറേൽ, ജോഷ് പോളക്കൽ, ആബെൽ പുത്തൻപറമ്പിൽ, നാതൻ താന്നിച്ചുവട്ടിൽ, ഇഷാന തെങ്ങനാട്ട്, മെലിസ്സ വഞ്ചിത്താനത്ത്, എമിലി വണ്ടന്നൂർ, ജോർഡൻ വാണിയകുന്നേൽ എന്നീ 21 കുട്ടികളാണ് ഈ ദിവസത്തിൽ ദിവ്യകാരുണ്യം സ്വീകരിച്ചത്.

തിരുക്കർമ്മങ്ങൾക്ക് ശേഷം വൈകുന്നേരം 6:30 മുതൽ എൽമ്ഹസ്റ്റിൽ ഉള്ള എൽമ് വെസ്റ്റ് ബാങ്കറ്റ് ഹാളിൽ വച്ച് കുട്ടികൾക്കുള്ള സ്വീകരണവും ഡിന്നറും നടത്തപ്പെട്ടു. മാതാപിതാക്കളും കുട്ടികളും ചേർന്ന് ആലപിച്ച പ്രാർത്ഥനാഗാനത്തോടെ യോഗം ആരംഭിച്ചു. ഫാ. തോമസ് മുളവനാൽ, ഫാ. സിജു മുടക്കോടിൽ, കെ.സി.സി.എൻ.എ ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ, കെ.സി.എസ് പ്രസിഡണ്ട് ജോസ് ആനമല, ട്രസ്റ്റീ പ്രതിനിധി ഫെലിക്സ് പാലകൻ, അധ്യാപക പ്രതിനിധി ഫെലിക്സ് പൂതൃക്കയിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് കുട്ടികളെ പരിശീലിപ്പിച്ച അധ്യാപകർക്കു മാതാപിതാക്കളുടെ സ്നേഹോപഹാരങ്ങൾ സമ്മാനിച്ചു . കെ.സി.എസ് ഭാരവാഹികൾ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. കുട്ടികളും മാതാപിതാക്കളും അവരുടെ കുടുംബാംഗങ്ങളും ചേർന്ന് അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ഏവരുടെയും മുക്തകണ്ഠമായ പ്രശംസ ഏറ്റുവാങ്ങി. മാതാപിതാക്കളുടെ കോഓർഡിനേറ്റർ ആയ ജസ്റ്റിൻ തെങ്ങനാട്ട് എം സി ആയി പ്രവർ



ത്തിച്ച ഈ യോഗത്തിനു അസിസ്റ്റന്റ് കോർഡിനേറ്റർ ആയ ഷിജു ചെറിയത്തിൽ സ്വാഗതവും ചാരി വണ്ടന്നൂർ നന്ദിയും രേഖപ്പെടുത്തി. സൺഡേസ്കൂൾ പ്രിൻസിപ്പൽ സജി പൂതൃക്കയിൽ, അസിസ്റ്റന്റ് പ്രിൻസിപ്പൽ മനീഷ് കൈമൂലയിൽ എന്നിവരുടെയും മാതാപിതാക്കളുടെ കോഓർഡിനേറ്റർ ജസ്റ്റിൻ തെങ്ങനാട്ട് , ഷിജു ചെറിയത്തിൽ, നവീൻ കണിയാംപറമ്പിൽ എന്നിവരുടെയും ബിനു ഇടകര, ജിനു നേടിയകാല എന്നിവരുടെ നേതൃത്വത്തിൽ ഉള്ള മതാധ്യാപകരുടെയും ഇടവകയുടെ കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരുടെയും നിരവധി വോളന്റീയേഴ്സിന്റെയും നേതൃത്വത്തിൽ ഉള്ള ഒരു ടീമാണ് ഈ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചത്.

റോയി ചേലമലയിൽ







# ജിമ്മി ജോർജ് സൂപ്പർ ട്രോഫി വോളിബോൾ: വനിതാ വിഭാഗത്തിൽ ഡാലസ് സ്ട്രൈക്കേഴ്സ് ചാമ്പ്യന്മാർ

മാർട്ടിൻ വിലങ്ങോലിൽ

ലൂയീസ്‌വിൽ (ഡാലസ്): നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി കായിക മാമാങ്കങ്ങളിലൊന്നായ 36-ാമത് ജിമ്മി ജോർജ് മെമ്മോറിയൽ സൂപ്പർ ട്രോഫി വോളിബോൾ ടൂർണമെന്റിൽ വനിതാ വിഭാഗം കിരീടം ഡാലസ് സ്ട്രൈക്കേഴ്സ് സ്വന്തമാക്കി.

കാണികളെ ആവേശത്തിന്റെ മുൾമുനയിൽ നിർത്തിയ ഫൈനൽ പോരാട്ടത്തിൽ കരുത്തരായ കാലിഫോർണിയ ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തിയാണ് ഡാലസ് വനിതകൾ ചാമ്പ്യൻമാരായത്. വിട്ടുകൊടുക്കാതെ മികച്ച പോരാട്ടം കാഴ്ചവെച്ച കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് റണ്ണേഴ്സ് അപ്പ് ട്രോഫി നേടി.

മത്സരത്തിലുടനീളം ഇരുടീമുകളും ഒപ്പത്തിനൊപ്പം പോരാടിയെങ്കിലും, സമ്മർദ്ദഘട്ടങ്ങളെ അതിജീവിച്ച് മത്സരത്തിന്റെ നിർണ്ണായക നിമിഷങ്ങളിൽ കളി തങ്ങൾക്കനുകൂലമാക്കാൻ ഡാലസ് സ്ട്രൈക്കേഴ്സിന്റെ വനിതാ ടീമിന് സാധിച്ചു.

മിന്നൽ സ്മാഷുകളുമായി കോർട്ട് കീഴടക്കിയ ക്യാപ്റ്റൻ മിഷേൽ ഷമിന്റെ മികച്ച നീക്കങ്ങൾ ഡാലസ് സ്ട്രൈക്കേഴ്സിന് ഒടുവിൽ ഉജ്ജ്വല വിജയം സമ്മാനിച്ചു. ഫൈനലിലെ തകർപ്പൻ പ്രകടനത്തോടെ ടൂർണമെന്റിലെ 'ബെസ്റ്റ് ഒഫൻസീവ് പ്ലെയർ' (Best Offensive Player) പുരസ്കാരത്തിന് മിഷേൽ അർഹയായി.

ടൂർണമെന്റിലുടനീളം ഡാലസ് ടീമിനായി മാന്ത്രിക പ്രകടനം പുറത്തെടുത്ത നീല, 'മോസ്റ്റ് വാല്യുബിൾ പ്ലെയർ' (MVP) ആയി തിരഞ്ഞെടുക്കപ്പെട്ടു. ഫൈനലിൽ തോറ്റെങ്കിലും ഡാലസിന്റെ ശക്തമായ ആക്രമണങ്ങളെ കൃത്യമായി പ്രതിരോധിച്ച് കാലിഫോർണിയ ബ്ലാസ്റ്റേഴ്സിന്റെ ജാസ്മിൻ 'ബെസ്റ്റ് ഡിഫൻസീവ് പ്ലെയർ' (Best Defensive Player) പുരസ്കാരം സ്വന്തമാക്കി.

വോളിബോൾ കോർട്ടിലെ പരിചയസമ്പന്നരായ റോബിൻ ജോസഫ്, ജിമ്മി ജോസഫ് എന്നിവരായിരുന്നു ടീമിന്റെ കോച്ചുമാർ. കളിയിലുടനീളം ഇരുവരും നൽകിയ തന്ത്രപരമായ നിർദ്ദേശങ്ങളും കൃത്യമായ ആസൂത്രണവും ടീമിനെ കിരീട നേട്ടത്തിലേക്ക് എത്തിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു.

ഫാ. ബിൻസ് ചേത്തലിൽ വിജയികൾക്ക് പുരസ്കാരങ്ങൾ സമ്മാനിച്ചു. ഇന്ത്യൻ വോളിബോളിലെ എക്കാലത്തെയും വലിയ ഇതിഹാസം ജിമ്മി ജോർജിന്റെ സ്മരണാർത്ഥം ടെക്സസിലെ ഡാലസിൽ സംഘടിപ്പിച്ച ടൂർണമെന്റിൽ വലിയ ജനപങ്കാളിത്തമാണ് ദൃശ്യമായത്.

കായിക മികവ് കൊണ്ടും സംഘാടക മികവ് കൊണ്ടും ഇത്തവണത്തെ വനിതാ വിഭാഗം മത്സരങ്ങൾ ഏറെ ശ്രദ്ധേയമായി. ഉജ്ജ്വല വിജയം കൈവരിച്ച ഡാലസ് സ്ട്രൈക്കേഴ്സ് ടീമിനെയും കഠിനമായ പോരാട്ടവീര്യം പുറത്തെടുത്ത കാലിഫോർണിയ ബ്ലാസ്റ്റേഴ്സിനെയും സംഘാടക സമിതിയും വോളിബോൾ പ്രേമികളും അഭിനന്ദിച്ചു.




STRIKERS
VOLLEYBALL


CALIFORNIA BLASTERS
CBVC


VOLLEYBALL

# ജിമ്മി ജോർജ് വോളിബോൾ 40+ വിഭാഗം: ഹൂസ്റ്റൺ ചലഞ്ചേഴ്സിനെ വീഴ്ത്തി കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് ജേതാക്കൾ; കോർട്ടിൽ ആവേശമായി സിനിമാതാരം തമ്പി ആന്റണിയും



മാർട്ടിൻ വിലങ്ങോലിൽ

ലൂയീസ്‌വിൽ (ഡാലസ്): 36-ാമത് ജിമ്മി ജോർജ് മെമ്മോറിയൽ സൂപ്പർ ട്രോഫി വോളിബോൾ ടൂർണമെന്റിലെ ആവേശകരമായ 40+ മാസ്റ്റേഴ്സ്, വിഭാഗത്തിൽ കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് കിരീടം ചൂടി. നാൽപ്പത് വയസ്സിന് മുകളിലുള്ളവരുടെ പരിചയസമ്പന്നതയും പോരാട്ടവീര്യവും മാറ്റുരച്ച

ഫൈനൽ മത്സരത്തിൽ ശക്തരായ ഹൂസ്റ്റൺ ചലഞ്ചേഴ്സിനെ പരാജയപ്പെടുത്തിയാണ് കാലിഫോർണിയ ചാമ്പ്യന്മാരായത്. ഫൈനലിൽ കടുത്ത പോരാട്ടം കാഴ്ചവെച്ച ഹൂസ്റ്റൺ ചലഞ്ചേഴ്സ് റണ്ണേഴ്സ് അപ്പ് ട്രോഫി സ്വന്തമാക്കി.

ഡാലസ്, ഫിലാഡൽഫിയ, ഹൂസ്റ്റൺ, കാലിഫോർണിയ എന്നീ നാല് പ്രമുഖ ടീമുകളാണ് മാസ്റ്റേഴ്സ് വിഭാഗത്തിൽ ഇത്തവണ മാറ്റുരച്ചത്. ലീഗ് മത്സരങ്ങളിലെ വാശിയേറിയ പോരാട്ടങ്ങൾക്കൊടുവിലാണ് കാലിഫോർണിയയും ഹൂസ്റ്റണും ഫൈനലിലേക്ക് യോഗ്യത നേടിയത്.

കോർട്ടിൽ ആവേശമായി തമ്പി ആന്റണി: മലയാള ചലച്ചിത്ര നിർമ്മാതാവും പ്രമുഖ നടനുമായ തമ്പി ആന്റണിയുടെ സാന്നിധ്യം ഇത്തവണത്തെ മാസ്റ്റേഴ്സ് ടൂർണമെന്റിന് വൻ ആവേശമാണ് പകർന്നത്. പ്രശസ്ത താരം ബാബു ആന്റണിയുടെ സഹോദരൻ കൂടിയായ തമ്പി ആന്റണി, കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് ടീമിന്റെ ജേഴ്സിയിലാണ് കോർട്ടിലിറങ്ങിയത്. പ്രായത്തെ വെല്ലുന്ന കായികക്ഷമതയോടെ താരം കോർട്ടിൽ കാഴ്ചവെച്ച മികച്ച പ്രകടനം കാണികളുടെയും കായികപ്രേമികളുടെയും കയ്യടി നേടി. ചാമ്പ്യന്മാരായ കാലിഫോർണിയ ടീമിന്റെ വിജയത്തിൽ അദ്ദേഹത്തിന്റെ സാന്നിധ്യവും വലിയ പങ്കുവഹിച്ചു.

ഫൈനലിലും ഉടനീളമുള്ള മത്സരങ്ങളിലും കാലിഫോർണിയ ബ്ലാസ്റ്റേഴ്സിനായി മാന്ത്രിക പ്രകടനം പുറത്തെടുത്ത വിൽസൺ മാത്യു ടൂർണമെന്റിലെ ' മോസ്റ്റ് വാല്യുബിൾ പ്ലെയർ' പുരസ്കാരത്തിന് അർഹനായി. കാലിഫോർണിയയുടെ പ്രതിരോധ കോട്ട കാത്ത ഉണ്ണികൃഷ്ണൻ 'ബെസ്റ്റ് ഡിഫൻസീവ് പ്ലെയർ' പുരസ്കാരവും

സ്വന്തമാക്കി. ക്യാപ്റ്റൻ ബിജു മാത്യു മുണ്ടമറ്റത്തിന്റെ നേതൃത്വത്തിൽ ഇറങ്ങിയ ഹൂസ്റ്റൺ ചലഞ്ചേഴ്സ് മികച്ച പോരാട്ടവീര്യമാണ് ഫൈനലിൽ പുറത്തെടുത്തത്.

ഹൂസ്റ്റണായി മികച്ച സ്മാഷുകളിലൂടെ കളം നിറഞ്ഞ ജറീഷ് ജോസ് ടൂർണമെന്റിലെ 'ബെസ്റ്റ് ഒഫൻസീവ് പ്ലെയർ' പുരസ്കാരം സ്വന്തമാക്കി.

ശ്രീമതി എൽസി ഫിലിപ്പ് വിജയികൾക്കുള്ള ട്രോഫികൾ വിതരണം ചെയ്തു. പ്രായത്തെ വെല്ലുന്ന കായികക്ഷമതയും വോളിബോൾ തന്ത്രങ്ങളുമായി കാണികൾക്ക് മികച്ചൊരു ദൃശ്യവിരുന്നാണ് നാല് ടീമുകളിലെയും മുതിർന്ന താരങ്ങൾ സമ്മാനിച്ചതെന്ന് സംഘാടകർ അഭിപ്രായപ്പെട്ടു.








# ഫൊക്കാന സുവനീറിലേക്ക് കഥ, കവിത, ലേഖനം തുടങ്ങിയവ ക്ഷണിക്കുന്നു

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂ യോർക്ക്: ഫൊക്കാനാ ഇന്റർനാഷണൽ കൺവെൻഷൻ 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ മനോഹരമായ പോക്കനോസ് മൗണ്ടൻസിലെ കൽഹാരി റിസോർട്ടിൽ നടക്കുമ്പോൾ അത് ഫൊക്കാനയുടെയും മറ്റ് ഏത് പ്രവാസി സംഘാടനകളുടെയും ചരിത്രത്തിൽ ഇന്നുവരെ വരെ കണ്ടിട്ടില്ലാത്ത ഒരു കൺവെൻഷന് സാക്ഷിയാകുന്ന ചരിത്ര നിമിഷത്തിൽ ഫൊക്കാന ഒരു സ്മരണിക (സൊവനീർ ) പുറത്തിറക്കുന്നു. അതിലേക്ക് കഥ, കവിത, ലേഖനം തുടങ്ങിയവ ക്ഷണിക്കുന്നു.

ഫൊക്കാനയുടെ പ്രവർത്തനം ഒരു ചരിത്ര നാളുകളിലൂടെ കടന്നു പോവുകയാണ്. ഇന്ന് ലോകത്തിലേക്കും ഏറ്റവും വലുതും പുരാതനവമായ സംഘടനായ ഫൊക്കാന അതിന്റെ പ്രവർത്തനങ്ങളിൽ കാതലായ മാറ്റം വരുത്തി മുന്നേറുമ്പോൾ അത് പ്രവാസി മലയാളികളുടെ പ്രിയങ്കര സംഘടനയായി മാറിക്കഴിഞ്ഞു, ഏതെങ്കിലും പ്രവാസി സംഘടനകളുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് കൺവെൻഷന് എട്ട് മാസങ്ങൾക്ക് മുൻപ് തന്നെ റിസർവ് ചെയ്ത റൂമുമുകൾ എല്ലാം തന്നെ സോൾഡ് ഔട്ട് ആകുന്നത് . ഈ കൺവെൻഷനിൽ 4000 ത്തിൽ അധികം ആളുകളെ പ്രതീക്ഷിക്കുകയും ചെണ്ട മേളത്തിലും , മോഹിനിയാട്ടത്തിലും രണ്ടു ഗിന്നസ് വേൾഡ് റിക്കാർഡുകൾ ഉൾപ്പെടെ ഒരു വിസ്മയ കൺവെൻഷൻ ആയിരിക്കും എന്ന കാര്യത്തിൽ സംശയം ഇല്ല എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ഇന്ത്യയുടെ ഉപരാഷ്ട്രപതി, കേരള മുഖ്യമന്ത്രി,കേരളാ ഗവർണർ, ന്യൂജേഴ്സി ഗവർണ്ണർ, പദ്മാ വിഭൂഷൺ അടൂർ ഗോപലകൃഷ്ണൻ , പദ്മ ശ്രീ എം . എ . യൂസഫലി , പദ്മശ്രീ മട്ടന്നൂർ ശങ്കരൻ കുട്ടി , പ്രമുഖ സിനിമ താരങ്ങൾ ആയ നവ്യ നായർ ,, നാദിർഷ , അന്നാ ബെൻ , പ്രൊഫ . ഗോപിനാഥ് മുതുകാട് തുടങ്ങിയ പ്രമുഖർ സാക്ഷ്യം വഹിക്കുന്ന ഈ ചരിത്രപരമായ മുന്നേറ്റത്തിൽ നിങ്ങളും ഭഗവത്താവുക.

ഫൊക്കാന സോവിനിയർ പ്രമുഖരുടെ കഥ, കവിത, ലേഖനങ്ങൾ എന്നിവയും ചേരുവകകളായിരിക്കും.അമേരിക്കയിലെ പ്രമുഖരായ എഴുത്തുകാർക്ക് മുൻഗണ നൽകുന്ന സ്മരണികയുടെ പ്രാധമിക പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. നിങ്ങളുടെ കൃതികൾ ളീസമിമരീ്ലിശ്യ2026@ഴാമശഹ.രീാ എന്ന ഇമെയിലേക്ക് ജൂൺ 15ന് മുൻപായി അയച്ചുതരിക.

ഈ സുവനീറിലേക്ക് കഥ, കവിത, ലേഖനം, നർമ്മം, അനുഭവ വിവരണം, കാർട്ടൂൺ തുടങ്ങിയവയും ക്ഷണിക്കുന്നു .ഇരുനൂറിൽപ്പരം പേജുകളിൽ മേന്മയേറിയ കടലാസിൽ അച്ചടിക്കുന്ന സുവനീറിൽ ഒട്ടനവധി പ്രശസ്ത മലയാളി സാഹിത്യകാരന്മാരുടെ രചനകളും ഉൾപ്പെടുത്തിയിട്ടുണ്ട്. അമേരിക്കൻ മലയാളീ എഴുത്തുകാർക്ക് പ്രാധന്യം നൽകി പ്രസിദ്ധികരിക്കുന്ന ഈ സ്മരണിക മലയാളാ സാഹിത്യ പ്രചാരണത്തിനൊപ്പം ഫൊക്കാനയുടെ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തങ്ങളും ഇതിൽ സാക്ഷ്യപെടുത്തും.

സംഘടനകളുടേയും ഗുണകാംക്ഷികളുടേയും ആശംസകളും, ബിസിനസ് പരസ്യങ്ങളും, ഫാമിലി ഫോട്ടോകളും സുവനീറിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇതിലേക്ക് ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർഥിക്കുന്നതായി ചീഫ് എഡിറ്റർ ജോയ് ഇട്ടനും, സബ് എഡിറ്റേഴ്സ് ആയ ലിജോ ജോൺ , കെ .കെ . ജോൺസൺ , കോർഡിനേറ്റർ പ്രവീൺ തോമസ് മറ്റ് എഡിറ്റേഴ്സ് എന്നിവർ അഭ്യർഥിച്ചു.





FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# പിണറായിയുടെ രക്ഷാപ്രവർത്തകർക്ക് പണികിട്ടി, വലിയ ഏമാനും കുടുങ്ങും; മകൾ വീണാ വിജയനും തിരിച്ചടി

**എ.എസ് ശ്രീകുമാർ**

''കൊടുത്താൽ കൊല്ലത്തും കിട്ടും...'' എന്ന പഴഞ്ചൊല്ല് പിണറായി വിജയന്റെ രക്ഷാപ്രവർത്തകരുടെ കാര്യത്തിൽ ഫലിച്ചിരിക്കുകയാണ്. കൊട്ടിഗ്ഘോഷിച്ച് നടത്തി ഒടുവിൽ ചീറ്റിപ്പോയ നവകേരള സദസ്സിനിടെ പിണറായിയുടെ രക്ഷാപ്രവർത്തനത്തിനിറങ്ങി അഴിഞ്ഞാടി തെരുവിൽ കൊലവിളി നടത്തിയ ഗൺമാന്മാരുടെ മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളിയെന്ന് മാത്രമല്ല ഇവരുൾപ്പെടെ അഞ്ച് പോലീസുകാർക്ക് സസ്പെൻഷനും അടിച്ചു കിട്ടി. ഗൺമാൻ അനിൽ കുമാറും സുരക്ഷാ ഉദ്യോഗസ്ഥൻ സന്ദീപും സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷകളാണ് ആലപ്പുഴ ജില്ലാ സെഷൻസ് കോടതി തള്ളിയത്. പ്രതികൾക്കെതിരെ ജാമ്യം കിട്ടാത്ത കുറ്റങ്ങൾ ചുമത്തിയിട്ടില്ലാത്ത സാഹചര്യത്തിലാണ് ഹർജി ജഡ്ജി ഹണി എം വർഗ്ഗീസ് തള്ളിയത്. പിണറായിയുടെ ഈ ഗൺ'മോൻ'മാരെയും പൊലീസുകാരായ എസ് സന്ദീപ്, അരുൺ, വിപിൻ, ഷൈജു എന്നിവരെയുമാണ് സസ്പെന്റ് ചെയ്തത്.




മർദ്ദനമേറ്റ ആലപ്പുഴ എംഎൽഎ എ.ഡി തോമസിനെയും അജയ് ജൂവൽ കുര്യാക്കോസിനെയും കേസിൽ കക്ഷിചേർത്തു. ആലപ്പുഴയിലെ 'രക്ഷാപ്രവർത്തന'വുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണസംഘം സംസ്ഥാന പൊലീസ് മേധാവി റവാഡ ചന്ദ്രശേഖർക്ക് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി ഉണ്ടായിരിക്കുന്നത്. പ്രത്യേക അന്വേഷണസംഘം ഇ-മെയിലായി കൈമാറിയ റിപ്പോർട്ടിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ അന്നത്തെ മുഖ്യമന്ത്രിയുടെ ഗൺമാൻ ഉൾപ്പെടെയുള്ളവർ മർദിച്ചത് ചട്ടവിരുദ്ധമാണെന്നു വ്യക്തമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് നടപടി. ഈ കാടത്തത്തിന്റെ വീഡിയോ ഞെട്ടിപ്പിക്കുന്നതാണ്. ലാത്തി കൊണ്ടല്ല, വലിയ ഉലക്ക പോലുള്ള വടികൊണ്ടായിരുന്നു മർദനം. ഈ വടികൾ കരുതിക്കൂട്ടി കൊണ്ടു നടക്കുകയായിരുന്നു നവകേരളക്കാർ. ഇത്തരത്തിലുള്ള വടി ഉപയോഗിക്കാൻ ചട്ടം അനുവദിക്കുന്നില്ല.

വി.ഡി സതീശൻ കേരള മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ ദിവസം തന്നെ നടന്ന മന്ത്രിസഭായോഗത്തിലാണ് ഇതു സംബന്ധിച്ച് പുനരന്വേഷണം നടത്താൻ തീരുമാനിച്ചത്. പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എട്ടാം ദിവസം ഉചിതമായ നടപടിയുണ്ടായി. സ്പെഷൻ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ വിശദമായ റിപ്പോർട്ട് വന്നാലുടൻ പിണറായിയുടെ വാലാട്ടിയായിരുന്ന എ.ഡി.ജി.പി എം.ആർ അജിത്കുമാറിനെതിരെ കടുത്ത നടപടി

യുണ്ടാവുമെന്ന് ഉറപ്പാണ്. യൂത്ത് കോൺഗ്രസ് - കെ.എസ്.യു പ്രവർത്തകരെ മർദിച്ച കേസ് അട്ടിമറിക്കാൻ ക്രമസമാധാന ചുമതലയുണ്ടായിരുന്ന മുൻ എ.ഡി.ജി.പി എം.ആർ അജിത്കുമാർ ഗൂഢാലോചന നടത്തിയതായി ആലപ്പുഴ ക്രൈം ബ്രാഞ്ച് എസ്.പി ഷൗക്കത്തലി നേതൃത്വം നൽകുന്ന പ്രത്യേക അന്വേഷണ സംഘം കണ്ടെത്തിയിരുന്നു.

തെളിവുകൾ ഉണ്ടായിരുന്നിട്ടും മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിന്റെ മറവിൽ കേസ് ഡയറിയും റിപ്പോർട്ടുകളും തിരുത്തി കേസ് അവസാനിപ്പിക്കാൻ അജിത്കുമാർ ഉദ്യോഗസ്ഥരെ നിർബന്ധിച്ചതായി റിപ്പോർട്ടുകളുണ്ട്. ആലപ്പുഴ ഡി.വൈ.എസ്.പി ചൈത്ര തെരേസ ജോൺ തയ്യാറാക്കിയ യഥാർത്ഥ കേസ് ഡയറി എ.ഡി.ജി.പിയുടെ ഓഫീസിൽ വെച്ച് തിരുത്തിയതായി അന്വേഷണ സംഘത്തിന് നിർമായക മൊഴി ലഭിച്ചു. വയനാട് ദുരന്തം നടന്ന് മാധ്യമങ്ങൾ അത് ചർച്ച ചെയ്യുന്ന സമയം മുതലെടുത്ത്, തെളിവുകളില്ലെന്ന് കാണിച്ച് 2024 ഓഗസ്റ്റ് 16-ന് കേസ് അവസാനിപ്പിക്കാൻ എ.ഡി.ജി.പി ഇടപെട്ടുവത്രേ. അജിത്കുമാറിനെതിരെ ഗുരുതര കണ്ടെത്തലുകൾ ഉള്ളതിനാൽ വകുപ്പുതല നടപടികൾ ഉണ്ടാകും. അനധികൃത സ്വത്ത് സമ്പാദനം, തൃശൂർപൂരം കലക്കൽ വിവാദം ഉൾപ്പെടെയുള്ള സംഭവങ്ങളിൽ അജിത്കുമാറിന്റെ മാനം കപ്പൽകയറിയിരിക്കുകയാണ്.

സംഭവത്തിൽ അജിത്കുമാറിന്റെ ഓഫീസിലെ രണ്ട് ഗ്രേഡ് എസ്.ഐമാരുടെ ഇടപെടലാണ് എ.ഡി.ജി.പിക്ക് അവിയാ കുരുക്കായിരിക്കുന്നത്. കേസുമായി ബന്ധപ്പെട്ട് കോടതിയിൽ നൽകാനുള്ള റഫർ റിപ്പോർട്ട് എ.ഡി.ജി.പിയുടെ ഓഫീസിൽ നിന്നും തയ്യാറാക്കി അന്വേഷണ ഉദ്യോഗസ്ഥന് നൽകുകയായിരുന്നു എന്ന വിവരവും എസ്.ഐ.ടിക്ക് ലഭിച്ചിട്ടുണ്ട്. ആലപ്പുഴ ഡി.വൈ.എസ്.പിയെ തിരുവനന്തപുരത്തെ തന്റെ ഓഫീസിലേക്ക് വിളിപ്പിച്ച അജിത് കുമാർ, കേസ് ഡയറി പെൻഡ്രൈവിലാക്കി നൽകാനും ആവശ്യപ്പെട്ടു. രണ്ട് ഗ്രേഡ് എസ്.ഐമാരാണ് ഇതു കൈപ്പറ്റിയത്. കേസ് ഡയറി പരിശോധിച്ച ശേഷം, ‘‘കേസ് എഴുതുന്നത് ഇങ്ങനെയാണോ..?, എത്ര നാളായി അന്വേഷിക്കുന്നു...‘‘ തുടങ്ങിയ പരിഹാസ പരാമർശങ്ങൾ എ.ഡി.ജി.പിയുടെ ഓഫീസിൽ നിന്നും ഉണ്ടായതായി ചൈത്ര തെരേസ ജോൺ മൊഴി നൽകിയിട്ടുണ്ട്.



**മുഖ്യമന്ത്രിയായിരുന്ന പിണറായി വിജയനെ കരിങ്കൊടി കാണിച്ച യൂത്ത് കോൺഗ്രസ്, കെ.എസ് .യു പ്രവർത്തകരെ ലോക്കൽ പൊലീസ് പിടിച്ചു മാറ്റിയ ശേഷവും, മുഖ്യമന്ത്രിയുടെ സുരക്ഷാ സംഘം മർദ്ദിച്ചെന്നാണ് ആദ്യ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നത്. മുഖ്യമന്ത്രിയുടെ വാഹനം കടന്നുപോയശേഷം അകമ്പടി വാഹനത്തിലുണ്ടായിരുന്ന ഗൺമാൻ അനിൽകുമാർ അടക്കമുള്ള പൊലീസുകാർ യൂത്ത് കോൺഗ്രസുകാരെ ലാത്തി പോലുള്ള വടി വെച്ച് തല്ലിച്ചതയ്ക്കുകയായിരുന്നു എന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.**

മുഖ്യമന്ത്രിയായിരുന്ന പിണറായി വിജയനെ കരിങ്കൊടി കാണിച്ച യൂത്ത് കോൺഗ്രസ്, കെ.എസ് .യു പ്രവർത്തകരെ ലോക്കൽ പൊലീസ് പിടിച്ചു മാറ്റിയ ശേഷവും, മുഖ്യമന്ത്രിയുടെ സുരക്ഷാ സംഘം മർദ്ദിച്ചെന്നാണ് ആദ്യ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നത്. മുഖ്യമന്ത്രിയുടെ വാഹനം കടന്നുപോയശേഷം അകമ്പടി വാഹനത്തിലുണ്ടായിരുന്ന ഗൺമാൻ അനിൽകുമാർ അടക്കമുള്ള പൊലീസുകാർ യൂത്ത് കോൺഗ്രസുകാരെ ലാത്തി പോലുള്ള വടി വെച്ച് തല്ലിച്ചതയ്ക്കുകയായിരുന്നു എന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. സുരക്ഷാ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായത് അനാവശ്യ പ്രവൃത്തിയാണെന്നും, പൊലീസിന് അവമതിപ്പുണ്ടാക്കുന്നതാണെന്നും അന്നത്തെ ആലപ്പുഴ എസ്.പി ചൈത്ര തെരേസ ജോൺ വ്യക്തമാക്കിയിരുന്നു.എന്നാൽ പിണറായി സർക്കാർ കേസ് അട്ടിമറിച്ച കേസിൽ ഇനി രക്ഷാപ്രവർത്തകർക്കും അവരെ സംരക്ഷിച്ചവർക്കുമെതിരെ നിയമമമായിരിക്കും യഥാർത്ഥ രക്ഷാപ്രവർത്തനം നടത്തുക.

അന്ന് പിണറായി വിജയൻ പറഞ്ഞ ഡയലോഗ് ഇങ്ങനെയായിരുന്നു: ‘‘എന്താണു നടക്കുന്നതെന്നു ഞങ്ങൾ കണ്ടുകൊണ്ടിരിക്കുകയല്ലേ..? ഒരാൾ ചാടി വീഴുകയാണ്. അയാളെ ചില ചെറുപ്പക്കാർ അങ്ങോട്ടു പിടിച്ചു തള്ളി മാറ്റുകയാണ്. അതു ജീവൻ രക്ഷിക്കാനല്ലേ..? അതൊരു അക്രമമാണോ..? ഒരു തീവണ്ടി വരുന്നു. ഒരാൾ അവിടെ കിടന്നുപോയി. രക്ഷിക്കാൻ വേണ്ടി അയാളെ എടുത്തെറിയില്ലേ..? എറിഞ്ഞാൽ അയാൾക്ക് അപകടം പറ്റുമോയെന്നാണോ നോക്കുക..? അയാളുടെ ജീവൻ രക്ഷിക്കലല്ലേ പ്രധാനം..? ആ ജീവൻരക്ഷാ രീതിയാണു ഡി.വൈ.എഫ്.ഐക്കാർ സ്വീകരിച്ചത്. മാതൃകാപരമായ ആ രീതികൾ തുടർന്നു പോകണം...‘‘ ശരിയാണ്. എത്ര ഉദാത്തമായ നീതീകരണം. നവകേരള ബസ് കടന്നുപോയ സ്ഥലങ്ങളിലെല്ലാം ‘മാതൃകാപരമായ ആ രീതികൾ‘ അക്ഷരംപ്രതി തുടരുക തന്നെ ചെയ്തു. അത് ജനം ലൈവായി കണ്ടതുമാണ്. അതാണ് തെളിവില്ലെന്ന് പറഞ്ഞ് ഗാർബേജിൽ തള്ളി നിയമത്തെ വെല്ലുവിളിച്ചത്.

പിണറായി സർക്കാരിന്റെ ഓരോ

ജനദ്രോഹ പ്രവർത്തിക്കും വി.ഡി സതീശൻ സർക്കാർ അക്കമിട്ട് മറുപടി കൊടുത്തുകൊണ്ടിരിക്കുന്ന കാഴ്ചയാണ്. പിടലി ഉളുക്ക് വിവാദ നായികയും ഇതിലൂടെ സ്വയം നാണംകെട്ട ആരോഗ്യ മന്ത്രിയുമായിരുന്ന വീണാ ജോർജിനിട്ടും കിട്ടി പരോക്ഷമായ കൊട്ട്. പ്രസവ ശസ്തക്രിയയ്ക്കിടെ വയറ്റിൽ കത്രിക കുടുങ്ങിയ സംഭവത്തിൽ കഴിഞ്ഞ സർക്കാരിന്റെ നീതി നിഷേധത്തിനിരയായ കോഴിക്കോട് പന്തീരാങ്കാവ് സ്വദേശിനി കെ.കെ ഹർഷിതയ്ക്ക് സർക്കാർ ജോലി കിട്ടിയത് ഒരു മധുര പ്രതികാരമായി. തന്റെ വയറ്റിൽ കത്രിക വച്ച കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽത്തന്നെ ഗൈനക്കോളജി വിഭാഗത്തിൽ ഓഫീസ് അസിസ്റ്റന്റായാണ് ഹർഷിതയെ നിയമിക്കാൻ ആരോഗ്യ മന്ത്രി കെ മുരളീധരൻ ഉത്തരവിറക്കിയത്. വീണാ ജോർജിന്റെ മുന്നിൽ നീതിതേടി പലവട്ടം പോയിട്ടും ഒന്നും സംഭവിച്ചില്ല. എന്തിനും ഏതിനും റിപ്പോർട്ട് തേടുന്ന പഴയമന്ത്രി അതിൻമേൽ അടിയിരിക്കുകയായിരുന്നുവെന്നാണ് ആക്ഷേപം.

ഇതിനിടെ സി.എം.ആർ.എൽ കേസിൽ പിണറായി വിജയന്റെ മകൾ വീണാ വിജയന് തിരിച്ചടി. കേസിൽ ഇ.ഡി അന്വേഷണം റദ്ദാക്കണമെന്ന സി.എം.ആർ.എല്ലിന്റെ ആവശ്യം ഹൈക്കോടതി തള്ളി. ഇ.ഡി അന്വേഷണത്തിന് ഉണ്ടായിരുന്ന സ്റ്റേ ഇതോടെ നീങ്ങി. സി.എം.ആർ.എൽ ഉദ്യോഗസ്ഥർ ഈ ഉത്തരവോടെ ഇ.ഡിക്ക് മുന്നിൽ ഹാജരാകണം. ഇ.ഡി അന്വേഷണത്തിന് തടയിടാനും ചെറുക്കാനുമാണ് ഇ.ഡി അന്വേഷണം റദ്ദാക്കണമെന്ന സി.എം.ആർ. എൽ കോടതിയെ സമീപിക്കുന്നത്. വിധി വന്നതോടെ സി.എം.ആർ.എൽ എം.ഡി ശശിധരൻ കർത്ത എന്ന 'കരിമണൽ കർത്ത' ഉൾപ്പെടെയുള്ള പ്രമുഖർക്ക് ഇ.ഡി വീണ്ടും സമൻസ് അയക്കും. വരും ദിവസങ്ങളിൽ വീണ വിജയനെ ഉൾപ്പടെ ചോദ്യം ചെയ്യാൻ വിളിപ്പിക്കാനും സാധ്യതയുണ്ട്. കൈക്കൂലി, കള്ളപ്പണം വെളുപ്പിക്കൽ എന്നിവ സംബന്ധിച്ച സി.എം.ആർ.എല്ലിനെതിരായ ആരോപണങ്ങളാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷിക്കുന്നത്. വീണയുടെ ഉടമസ്ഥതയിലുള്ള ഐ.ടി കമ്പനിയായ എക്സാലോജിക് എന്ന സ്ഥാപനത്തിന് സി.എം. ആർ.എൽ വൻതുക നിയമവിരുദ്ധമായി നൽകിയെന്നതാണ് പ്രധാന ആരോപണം.



ആരോപണങ്ങളിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് സമർപ്പിച്ച നിരവധി ഹർജികൾ വിജിലൻസ് കോടതികളും പിന്നീട് ഹൈക്കോടതിയും പിണറായിയുടെ രാജഭരണത്തിൽ തള്ളിയിരുന്നു. എന്നാൽ ഇ.ഡിയും സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസും ഇത് അന്വേഷിക്കുന്നുണ്ട്. സാമ്പത്തിക ഇടപാടുകളെക്കുറിച്ചുള്ള കേന്ദ്ര ഏജൻസിയുടെ അന്വേഷണവുമായി ബന്ധപ്പെട്ട് ഇ.ഡി തങ്ങൾക്കെതിരെ ആരംഭിച്ച നടപടികൾ റദ്ദാക്കണമെന്നാണ് സി.എം. ആർ.എൽ ആവശ്യപ്പെട്ടിരുന്നത്. കരിമണൽ കമ്പനിയും നാല് ഉദ്യോഗസ്ഥരുമാണ് ഹർജികൾ ഫയൽ ചെയ്തിരുന്നത്. ഈ ഹർജി തള്ളിയതോടെ സി.എം.ആർ.എൽ, എക്സാലോജിക്, വീണ വിജയൻ എന്നിവർക്കെതിരെ നടത്തി വന്ന അന്വേഷണവുമായി ഇ.ഡിക്ക് ഇനി മുന്നോട്ടു പോകാം. ഇനി എന്തെല്ലാം കാണാൻ കിടക്കുന്നു.





Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com

# ഉല്പത്തിപുസ്തകം: ഒരു പുനർവായന



മുരളി ജെ. നായർ




പ്രശസ്ത ബൈബിൾ പണ്ഡിതനും മലയാള സാഹിത്യാദ്ധ്യാപകനുമായ പ്രൊഫ. കോശി തലയ്ക്കൽ എഴുതിയ ആഖ്യായിക ''ഉല്പത്തിയുടെ പുനർജനി'' വായിച്ചു.

നാലിൽപ്പരം സഹസ്രാബ്ദങ്ങൾക്കു മുമ്പുള്ള ബിബ്ളിക്കൽ ലോകം അസൂയാവഹമായ കൃതഹസ്തതയോടെ പുനഃസൃഷ്ടിച്ചിരിക്കുകയാണ് ഈ പുസ്തകത്തിൽ. ആത്മീയതയുടേയും ഈശ്വരാംശത്തിന്റേയും സൂര്യവെളിച്ചം നിറഞ്ഞ ആ ഭൂമികയിൽ താന്താങ്ങളുടേതായ വേഷങ്ങൾ ആടിത്തിമിർക്കാനുള്ള ദൗത്യം പേറുന്ന ജീവസ്സുറ്റ കഥാപാത്രങ്ങൾ, പഴയനിയമത്തിലൂടെ നമുക്കു സുപരിചിതരായവർ, ഇഴയടുപ്പമുള്ള ആഖ്യാനത്തിലൂടെ ഈ നോവലിൽ പുനർജനിക്കുന്നു. അത്യന്തം ശില്പഭദ്രതയോടെമെനഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ആ ലോകത്ത് വസിക്കുന്ന അബ്രാഹാമും സാറായും യിസഹാക്കും റെബേക്കയും യാക്കോബും ഏശാവും റാഹേലും ലേയയും യോസഫും മറ്റനേകം പേരും സാധാരണ മനുഷ്യരുടെ ഭാവഹാവാദികളും സുഖദുഃഖങ്ങളും ആകുലതകളും പ്രത്യാശകളും പേറുന്നവരായി അനുവാചകർക്ക് അനുഭവപ്പെടുന്നു.

നോവലിന്റെ തുടക്കത്തിലുള്ള ഏതാനും പുറങ്ങൾ, ആഖ്യാനത്തിലെ വ്യത്യസ്തകകാരണം, ഒരു ഭ്രമാത്മകലോകമാണ് സമ്മാനിക്കുന്നത്. അബ്രാഹാമിന്റെ ചിന്തകളിലെ ചാഞ്ചല്യം ഒരു വിഹ്വലതയായി അനുഭവപ്പെടുന്നുണ്ടിവിടെ.

നോവലിൽപ്പറയുന്ന കനാൻ ദേശവും ബേർശേബയും ഹാരാനും ഊറും സുക്കോത്തും യാബ്ബോക്കും ഗോശനും മിസ്രയീമുമൊക്കെ കേട്ടുപതിഞ്ഞവയായതുകൊണ്ട് ഒരുതരം വേറിട്ട ഗൃഹാതുരത്വം ഉളവാക്കാൻ പര്യാപ്തമാണ്. ഈ മാന്ത്രികതനിറഞ്ഞ സ്ഥലനാമങ്ങളും ദേവസാന്നിദ്ധ്യം പൂർണ്ണതചാർത്തുന്ന കഥാപാത്രങ്ങളും ആത്മീയാനുഭവ പുളകങ്ങൾ ഉണർത്തുന്ന സംഭവപരമ്പരകളും, എല്ലാം സമഞ്ജസമായി സമ്മേളിക്കുമ്പോൾ ആസ്വാദനത്തിന്റെ അചുംബിതകൊടുമുടികളാണ് വായനക്കാർക്ക് പ്രാപ്യമാവുന്നത്.

ആദിപിതാക്കന്മാരുടെ കൂടാരങ്ങളിൽ, പഴയനിയമകാലത്തെ സൗഹൃദവായ്പുകളിൽ, മിസ്രയീമിന്റെ ശാദ്വലതകളിൽ ഇതൾവിരിയുന്ന ഒരു ജീവിതതാളം, സ്നേഹത്തിന്റെ ഉദാത്തതയും വൈരത്തിന്റെ നരകതീവ്രതയും ഒരേസമയം അനുഭവവേദ്യമാക്കുന്ന മായാജാലം!

ഈ ആഖ്യായികയിൽ യാതനയുണ്ട്, വിരഹമുണ്ട്, സുഖമുണ്ട്, ദുഃഖമുണ്ട്, പ്രേമമുണ്ട്, കാമമുണ്ട്, രതിയുണ്ട്, അതുകൊണ്ടുതന്നെ ഓരോ പേജിലും ജീവിതം തുടിയ്ക്കുന്നുണ്ട്. വർണ്ണിക്കപ്പെടുന്നത് ചതിയുടെ കഥകളായാലും പകയുടേയും പകരം വീട്ടലിന്റേയും നാൾവഴിയായാലും സ്നേഹവായ്പിന്റെ അമൃതധാരയായാലും കഥനത്തിലെ കാവ്യാത്മകത ഉത്സവപ്രതീതി കൈവരിക്കുന്നു.


അബ്രാഹാമിന്റെ അനന്തയാത്രകളും യിസഹാക്കിനും യാക്കോബിനുമൊക്കെ അനുഭവിക്കേണ്ടിവന്ന പീഡനപർവ്വങ്ങളും റാഹേലിനും ദീനയ്ക്കുമൊക്കെ നേരിടേണ്ടിവന്ന യാതനകളുമെല്ലാം വൈകാരികാംശങ്ങൾ ചോർന്നുപൊകാതെ പുനരാഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നു.

അനന്തതയിൽനിന്നുള്ള ആർദ്രസ്പർശം പോലെ ഇടയ്ക്കിടെ അശരീരിയായി അവതരിക്കുന്ന, സർവവ്യാപിയായ യഹോവയുടെ അരുളപ്പാടുകൾ ഇതിലെ പ്രധാന കഥാപാത്രങ്ങൾക്കെന്നപോലെ വിശ്വാസികളായ വായനക്കാർക്കും നിർവൃതിയേകുന്നു. ആ വേദപ്പൊരുളുകൾ കഥാതന്തുവിനെ മുന്നോട്ടു ചലിപ്പിക്കുന്നതിനൊപ്പം കഥാകഥനത്തെ ദേവാംശം നിറഞ്ഞ ശുഭപ്രതീക്ഷകൾകൊണ്ടു ധന്യമാക്കുന്നു (''അല്ലലിനന്ത്യത്തിലാനന്ദമാണെന്നതല്ലാതെയെന്തിവയ്ക്കാന്തരാർത്ഥം'' എന്ന ഇടപ്പള്ളി രാഘവൻപിള്ളയുടെ വരികൾ ഓർത്തുപോകുന്നു.)

വേദപുസ്തക പണ്ഡിതനും സാഹിത്യാദ്ധ്യാപകനും തഴക്കംവന്ന എഴുത്തുകാരനുമായ ഒരാൾ പഴയനിയമത്തെ അധികരിച്ച് ഒരു നോവലെഴുതുമ്പോൾ അതിൽ പ്രതീക്ഷിക്കാവുന്ന ചാരുതയും ചമൽക്കാരവും ചടുലതയുമൊക്കെ ഈ കൃതിയിലുണ്ട്.

പുസ്തകത്തിന്റെ ആമുഖത്തിലും പുറംചട്ടയിലെ ബ്ലർബിലും പറഞ്ഞിരിക്കുന്ന ഒരു മുൻകൂർജാമ്യാപേക്ഷയുടെ ചുവയുള്ള പ്രസ്താവത്തെപ്പറ്റി പരാമർശിച്ചുകൊണ്ട് ഈ ലഘു ആസ്വാദനക്കുറിപ്പ് അവസാനിപ്പിക്കാം. ''ഈ നോവലിലെ ചില ഭാഗങ്ങൾ പാരമ്പര്യവിശ്വാസികളിൽ ചിലപ്പോൾ അസ്വസ്ഥത സൃഷ്ടിച്ചേക്കാം'' എന്നതാണ് ആ പ്രസ്താവം. സ്വതന്ത്രചിന്തകളിൽനിന്ന് ഉയിർക്കൊള്ളുന്ന എഴുത്തുകൾ പലപ്പോഴും അത്തരം അസ്വസ്ഥതകൾ സൃഷ്ടിച്ചിട്ടുണ്ടല്ലോ! ബ്രൂണോ, ഗലീലിയോ തുടങ്ങിയവർ മുതൽ ഇങ്ങേത്തലയ്ക്കൽ വോൾട്ടയറും വിക്തോർ ഹ്യൂഗോയും കസാന്റ്സാക്കീസും അടക്കമുള്ള മനീഷികൾ പറഞ്ഞതും എഴുതിയതുമായ പല വാസ്തവങ്ങളും പാരമ്പര്യവാദികളെ ഒരുപാട് അസ്വസ്ഥരാക്കിയിട്ടുണ്ട്. നമ്മുടെ മലയാളത്തിൽത്തന്നെ മുണ്ടശ്ശേരിമാഷും പൊൻകുന്നം വർക്കിയും കാക്കനാടനും പി.എ. ആന്റണിയും അടക്കം പലരും തങ്ങളുടെ എഴുത്തുകൾകാരണം പുരോഹിതശ്രേണിയുടെ ശകാരങ്ങൾക്കും അവമതിയ്ക്കും പാത്രമായിട്ടുണ്ടല്ലോ. അങ്ങനെയുള്ള ഒരു പരിപ്രേക്ഷ്യത്തിൽനിന്നു വിലയിരുത്തുമ്പോൾ, തുറന്നെഴുത്തുകളുടെ ഈ കാലത്ത്, ഇത്തരമൊരു മുൻകൂർ ജാമ്യാപേക്ഷയുടെ ആവശ്യമുണ്ടായിരുന്നോ?

(പുസ്കത്തിന്റെ വിതരണം: പരിധി ബുക്ക് ഹൗസ്, തിരുവനന്തപുരം)


'indescribable yet truthful'
Lord Shiva's Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires people to recognize the existence of a 'Divine Power'
The Mishra Family welcomes visitors to learn about and experience the spiritual miracle. Contact 1-732-690-0404

# അമേരിക്കൻ മലയാളി സമൂഹത്തിന്റെ ആരോഗ്യപുരോഗതിയാണ് പ്രധാന ലക്ഷ്യം: ഡോ. മഞ്ജു പിള്ള



ഫോമായുടെ 2026-2028 ഭരണസമിതി തിരഞ്ഞെടുപ്പിൽ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുന്ന പ്രമുഖ ഫിസിഷ്യനും സാമൂഹിക പ്രവർത്തകയുമായ ഡോ.മഞ്ജു പിള്ള, ആരോഗ്യ സംരക്ഷണം, വനിതാ ശാക്തീകരണം, യുവജന പങ്കാളിത്തം എന്നിവ കേന്ദ്രീകരിച്ചുള്ള പ്രവർത്തന ദർശനവുമായി രംഗത്തെത്തുകയാണ്. അമേരിക്കൻ മലയാളി സമൂഹത്തിന്റെ മാനസിക-ശാരീരിക ആരോഗ്യത്തിനും സംഘടനയുടെ ഭാവി വളർച്ചയ്ക്കുമായി കൂടുതൽ പ്രായോഗിക പദ്ധതികൾ നടപ്പാക്കണമെന്നാണ് അവരുടെ നിലപാട്. ഫോമായുടെ വെല്ലുവിളികൾ, യുവജന ശാക്തീകരണം, വനിതാ നേതൃത്വം, ഡിജിറ്റൽ ഏകോപനം തുടങ്ങി നിരവധി വിഷയങ്ങളിൽ അവർ മനസ്സുതുറക്കുന്നു...

***ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുമ്പോൾ മുന്നോട്ടുവയ്ക്കുന്ന മൂന്ന് പ്രധാന മുൻഗണനകൾ എന്തൊക്കെയാണ്?***

ഒരു ഡോക്ടറെന്ന നിലയിൽ അമേരിക്കൻ മലയാളി സമൂഹത്തിന്റെ ശാരീരികവും മാനസികവുമായ ആരോഗ്യ പുരോഗതിക്കാണ് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നത്. അതോടൊപ്പം സ്ത്രീകളെ കൂടുതൽ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളും യുവജനങ്ങളെ ഫോമായുടെ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ സജീവമായി ഉൾപ്പെടുത്തുന്നതുമാണ് പ്രധാന ലക്ഷ്യങ്ങൾ. ആരോഗ്യവും നേതൃത്വവും ഒരുമിച്ച് വളർന്നാൽ കൂടുതൽ ശക്തമായ ഒരു സമൂഹം സൃഷ്ടിക്കാനാകും.

***നിലവിൽ ഫോമാ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്താണെന്ന് കരുതുന്നു?***

പ്രധാന വെല്ലുവിളി മേഖലാതലത്തിലുള്ള പങ്കാളിത്ത




ക്കുറവും റീജിയനുകളും ദേശീയ നേതൃത്വവും തമ്മിലുള്ള ആശയവിനിമയ ദൗർബല്യവുമാണ്. എല്ലാ റീജിയനുകളുടെയും കഴിവുകളും സാധ്യതകളും ഫലപ്രദമായി ഉപയോഗിക്കണമെങ്കിൽ ശക്തമായ ബന്ധവും സ്ഥിരമായ സംവാദവും അനിവാര്യമാണ്.

### *തിരഞ്ഞെടുക്കപ്പെട്ടാൽ ആദ്യ ആറു മാസത്തിനുള്ളിൽ നടപ്പാക്കാൻ ആഗ്രഹിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്?*

ആരോഗ്യ മേഖലയിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ആഗ്രഹിക്കുന്നത്. അമേരിക്കയിലെ വിവിധ സ്പെഷ്യാലിറ്റികളിലുള്ള സന്നദ്ധ ഡോക്ടർമാരെ ഒന്നിച്ചുകൂട്ടി ഒരു വോളണ്ടിയർ ശൃംഖല രൂപപ്പെടുത്തുകയാണ് ആദ്യ പദ്ധതി. പലപ്പോഴും ഡോക്ടർമാരുടെ അപ്പോയിന്റ്മെന്റുകൾക്കായി ദീർഘനേരം കാത്തിരിക്കുന്ന നമ്മുടെ കമ്മ്യൂണിറ്റിയിലെ ആളുകൾക്ക് ആവശ്യമായ സമയത്ത് ഒരു ഇൻഫോർമൽ കൺസൾട്ടേഷൻ ലഭ്യമാക്കാൻ ഈ ശൃംഖല സഹായകരമാകും. ഇത് ചികിത്സയ്ക്ക് പകരമല്ലെങ്കിലും, ശരിയായ മാർഗനിർദേശവും പ്രാഥമിക പിന്തുണയും നൽകാൻ കഴിയുന്ന വലിയ സഹായമാകുമെന്ന് വിശ്വസിക്കുന്നു.

അതോടൊപ്പം ഫോമായിൽ ഒരു പ്രത്യേക 'ഹെൽത്ത് ഫോറം' ആരംഭിക്കാനും ആഗ്രഹമുണ്ട്. ഡോക്ടർമാർ, നഴ്സ് പ്രാക്ടീഷണർമാർ, സൈക്യാട്രിസ്റ്റുകൾ, സൈക്കോളജിസ്റ്റുകൾ, ഫിസിക്കൽ തെറാപ്പിസ്റ്റുകൾ, ന്യൂട്രീഷ്യനിസ്റ്റുകൾ തുടങ്ങി വിവിധ മേഖലകളിലുള്ള ആരോഗ്യ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സംയുക്ത പ്ലാറ്റ്ഫോം രൂപപ്പെടുത്താനാണ് പദ്ധതി. മലയാളി സമൂഹത്തിന് ആരോഗ്യ ബോധവത്കരണ ലേഖനങ്ങൾ, മാനസികാരോഗ്യ മാർഗനിർദേശങ്ങൾ തുടങ്ങിയവ സ്ഥിരമായി ലഭ്യമാക്കാനും ഇതിലൂടെ കഴിയും.

മെഡിക്കൽ മേഖലയിലേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കായി 'ഷാഡോയിംഗ്' അവസരങ്ങൾ ഒരുക്കുക എന്നതും മറ്റൊരു ലക്ഷ്യമാണ്. അമേരിക്കയിൽ സേവനത്തിനായി സന്നദ്ധരായിട്ടുള്ള ഡോക്ടർമാരോടൊപ്പം വിദ്യാർത്ഥികൾക്ക് നേരിട്ട് പ്രവർത്തന പരിചയം നേടാനുള്ള അവസരം സൃഷ്ടിക്കാൻ ശ്രമിക്കും. അത് അവരുടെ കരിയർ തിരഞ്ഞെടുപ്പുകൾക്ക് വലിയ പ്രചോദനമാകും.

സ്ത്രീകളുടെ ആരോഗ്യവും യുവജനങ്ങളുടെ മാനസികാരോഗ്യവും മുൻനിർത്തിയുള്ള അനൗപചാരിക ആരോഗ്യ നിർദേശ സേവനങ്ങൾക്കും പ്രത്യേക പ്രാധാന്യം നൽകും. നമ്മുടെ സമൂഹത്തിൽ ഇപ്പോഴും മാനസികാരോഗ്യ വിഷയങ്ങളെ തുറന്ന് സംസാരിക്കാൻ പലർക്കും മടിയുണ്ട്. അതിനാൽ ആരോഗ്യത്തെക്കുറിച്ച് കൂടുതൽ തുറന്ന സംവാദങ്ങൾ ആരംഭിക്കേണ്ടത് അനിവാര്യമാണ്.

### *കേരളത്തെയും അമേരിക്കയെയും ബന്ധിപ്പിക്കുന്ന ടെലിമെഡിസിൻ പ്ലാറ്റ്ഫോം രൂപപ്പെടുത്താനുള്ള പദ്ധതിയുണ്ടോ?*

അത് വളരെ നല്ല ആശയമാണ്. സന്നദ്ധ സേവനത്തിന് തയ്യാറായ ഡോക്ടർമാർ ഉണ്ടെങ്കിൽ തീർച്ചയായും അതിലേക്ക് മുന്നോട്ട് പോകാൻ ആഗ്രഹിക്കുന്നു. കേരളത്തിലും അമേരിക്കയിലും ഉള്ള ഡോക്ടർമാരെ ബന്ധിപ്പിച്ച് ആരോഗ്യരംഗത്ത് നിരവധി കാര്യങ്ങൾ ചെയ്യാൻ സാധിക്കും. എന്നാൽ അത് പ്രായോഗികമായി എത്രത്തോളം സാധ്യമാകുമെന്ന് സന്നദ്ധ സേവനത്തിനുള്ള തയ്യാറെടുപ്പിനെ ആശ്രയിച്ചിരിക്കും. ഇല്ലെങ്കിൽ ഇവിടെ പ്രാദേശിക തലത്തിൽ കൂടുതൽ ശക്തമായ വോളണ്ടിയർ സേവനങ്ങൾ രൂപപ്പെടുത്തുന്നതിലായിരിക്കും ശ്രദ്ധ.

### *വനിതാ ഫോറം വഴി സ്ത്രീകളുടെ നേതൃത്വ പങ്കാളിത്തം വർധിപ്പിക്കാൻ എന്തെല്ലാം പുതിയ ആശയങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്?*

നാഷണൽ വിമൻസ് ഫോറത്തിന്റെ ജോയിന്റ് ട്രഷറർ എന്ന നിലയിൽ പ്രവർത്തിക്കുമ്പോൾ പല റീജിയനുകളിലും വനിതാ ഫോറങ്ങൾ ദുർബലമാണെന്ന് മനസ്സിലാക്കി. ഓരോ റീജിയനിലും ദേശീയ ടീമുമായി നേരിട്ട് പ്രവർത്തിക്കുന്ന വനിതാ പ്രതിനിധികളെ സജീവമാക്കാനാണ് ശ്രമം. ഇതിലൂടെ കൂടുതൽ സ്ത്രീകൾ നേതൃത്വത്തിലേക്ക് എത്തും.

### *അമേരിക്കൻ മലയാളി സ്ത്രീകൾ നേരിടുന്ന പ്രധാന സാമൂഹിക-മാനസിക വെല്ലുവിളികൾ എന്തൊക്കെയാണ്?*

ഏറ്റവും വലിയ വെല്ലുവിളി മാനസികാരോഗ്യവുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ സമൂഹത്തിൽ ഇപ്പോഴും അതിനെക്കുറിച്ചുള്ള മുൻവിധികൾ നിലനിൽക്കുന്നു. പല സ്ത്രീകൾക്കും അവരുടെ പ്രശ്നങ്ങൾ തുറന്ന് പറയാനും സഹായം തേടാനും ബുദ്ധിമുട്ടുണ്ട്. ആ തടസ്സങ്ങൾ ഇല്ലാതാക്കുകയാണ് ലക്ഷ്യം.

### *അമേരിക്കയിലെ യുവ മലയാളി*

***തലമുറയെ ഫോമയുമായി കൂടുതൽ ബന്ധിപ്പിക്കാൻ എന്താണ് പ്രായോഗിക പദ്ധതി?***

ഇപ്പോൾ യുവജന പ്രതിനിധിത്വം വളരെ പരിമിതമാണെന്നാണ് നിരീക്ഷണം. യുവാക്കൾക്ക് സ്വതന്ത്രമായി ആശയങ്ങൾ അവതരിപ്പിക്കാനും അവരുടെ സ്വന്തം പദ്ധതികൾക്ക് നേതൃത്വം നൽകാനും അവസരം നൽകണം. അവരുടെ ശബ്ദം കേൾക്കുകയും പിന്തുണയ്ക്കുകയും ചെയ്യേണ്ട സമയമാണിത്.

***യുവാക്കൾക്കായി പ്രത്യേക ലീഡർഷിപ്പ് പരിശീലന പ്ലാറ്റ്ഫോം ആരംഭിക്കുന്നതിനെ എങ്ങനെ കാണുന്നു?***

ആ ആശയത്തെ പൂർണമായും പിന്തുണയ്ക്കുന്നു. എന്നാൽ അത് യുവജനങ്ങളിൽ നിന്നുതന്നെ ഉയർന്നുവരണം. അവരുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും മനസ്സിലാക്കിയ ശേഷമേ ഫലപ്രദമായ ഒരു നേതൃത്വ പ്ലാറ്റ്ഫോം രൂപപ്പെടുത്താനാകൂ.

***അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഫോമയെ ഏത് ദിശയിലേക്കാണ് നയിക്കേണ്ടത്?***

ഫോമയുടെ പ്രവർത്തന പരിധി കൂടുതൽ വിപുലീകരിക്കണം. കൂടുതൽ അംഗങ്ങളെ സംഘടനയിലേക്ക് ആകർഷിക്കുകയും ഓരോ റീജിയനും തുല്യ പ്രാധാന്യത്തോടെ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും വേണം. അതിനായി ശക്തമായ മേഖലാതല ബന്ധങ്ങൾ അനിവാര്യമാണ്.

***വിവിധ മേഖലകളിലെ സംഘടനകളെ ഡിജിറ്റൽ സംവിധാനങ്ങളിലൂടെ കൂടുതൽ ഏകോപിപ്പിക്കാൻ എന്താണ് പദ്ധതി?***

എക്സിക്യൂട്ടീവ് ടീം ഇതിനകം ഒരു കേന്ദ്രീകൃത ഡിജിറ്റൽ സ്ട്രാറ്റജിക്കായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ റീജിയനുകളെയും ബന്ധിപ്പിക്കുന്ന ഡിജിറ്റൽ സംവിധാനം വന്നാൽ ആശയവിനിമയവും സഹകരണവും കൂടുതൽ എളുപ്പമാകും.





***ഫോമയുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യതയും അംഗപങ്കാളിത്തവും ഉറപ്പാക്കാൻ എന്തു ചെയ്യണം?***

സുതാര്യതയ്ക്ക് അടിസ്ഥാനം ശക്തമായ മേഖലാതല പ്രാതിനിധ്യമാണ്. റീജിയൻ പ്രതിനിധികളും ദേശീയ നേതൃത്വവും തമ്മിൽ സ്ഥിരമായ ആശയവിനിമയം ഉണ്ടാകണം. അപ്പോഴേ അംഗങ്ങൾക്കും സംഘടനയുടെ ഭാഗമാണെന്ന ബോധം ഉണ്ടാകൂ.

***ഡോക്ടറെന്ന നിലയിലും കലാകാരിയെന്ന നിലയിലും സാമൂഹിക സേവനത്തിലേക്ക് പ്രചോദിപ്പിച്ച അനുഭവം എന്തായിരുന്നു?***


ഒരു ഡോക്ടറെന്ന നിലയിൽ രോഗികളുടെ ജീവിതത്തിലെ ബുദ്ധിമുട്ടുകൾ നേരിട്ട് കണ്ടിട്ടുണ്ട്. ലളിതമായ പശ്ചാത്തലത്തിൽ നിന്നുള്ള കലാകാരിയായതുകൊണ്ട് സമൂഹത്തിന്റെ വേദനകൾ അടുത്തറിഞ്ഞിട്ടുണ്ട്. സമൂഹത്തിനായി ഒരു ഡോക്ടർക്ക് എത്ര വലിയ മാറ്റം സൃഷ്ടിക്കാനാകുമെന്ന് ആ അനുഭവങ്ങൾ പഠിപ്പിച്ചു.

***കുടുംബത്തെക്കുറിച്ച്?***

ഭർത്താവ് മഹേഷ് നായർ ഇന്റലിൽ ഇലക്ട്രോണിക് എൻജിനിയറാണ്. രണ്ട് പെൺമക്കളാണ്. മൂത്ത മകൾ വൈഷ്ണവി നിയമ വിദ്യാർത്ഥിനിയാണ്. ഇളയ മകൾ ജാൻവി കോളജിൽ ബിസിനസ് വിദ്യാർത്ഥിനിയാണ്. ഇരുവർക്കും നൃത്തത്തിൽ വലിയ താല്പര്യമുണ്ട്. രണ്ടുപേരുടെയും അരങ്ങേറ്റം കഴിഞ്ഞിട്ടുണ്ട്.

***കുടുംബവും തൊഴിലും സംഘടനാ പ്രവർത്തനങ്ങളും ഒരുമിച്ച് കൈകാര്യം ചെയ്യാൻ സഹായിച്ച ജീവിത പാഠം എന്താണ്?***

ഒരു ഡോക്ടറുടെ ജീവിതം ഓരോ ദിവസവും ബാലൻസിംഗ് പഠിപ്പിക്കുന്നുണ്ട്. രോഗി പരിചരണം, കുടുംബം, സാമൂഹിക ഉത്തരവാദിത്വങ്ങൾ എല്ലാം തമ്മിൽ സന്തുലിതാവസ്ഥ നിലനിർത്തുമ്പോഴാണ് ജീവിതം സമ്പൂർണമാകുന്നത്. അതായിരിക്കാം കൂടുതൽ ഉത്തരവാദിത്വമുള്ള വ്യക്തിയാക്കി മാറ്റിയത്.


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# ബിഷപ്പ് ഡോ.എബ്രഹാം മാർ പൗലോസിനെ ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം നൽകി ആദരിച്ചു



(ഷാജി രാമപുരം)

ന്യൂയോർക്ക്: മാർത്തോമ്മ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസനാധ്യക്ഷനും, ക്രൈസ്തവ സഭകളുടെ ആഗോള വേദിയായ വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ (WCC) എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കൂടിയായ ബിഷപ്പ് ഡോ.എബ്രഹാം മാർ പൗലോസിനെ ന്യൂയോർക്ക് ജനറൽ തിയോളജിക്കൽ സെമിനാരി ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം നൽകി ആദരിച്ചു.

യുണൈറ്റഡ് സ്റ്റേറ്റ്സിലെ എട്ട് ഔദ്യോഗിക എപ്പിസ്കോപ്പൽ സെമിനാരികളിൽ ഒന്നാണ് ന്യൂയോർക്കിലെ മാൻഹട്ടനിൽ സ്ഥിതിചെയ്യുന്ന ജനറൽ തിയോളജിക്കൽ സെമിനാരി. അമേരിക്കയിലെ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ഉന്നത പഠനത്തിനു ശേഷം ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ക്രിസ്ത്യൻ എഡ്യൂക്കേഷനിലും ബിഷപ്പ് ഡോ.മാർ പൗലോസ് ഡോക്ടറേറ്റ് നേടിയിട്ടുണ്ട്.



2005 മെയ് 14-ന് മാർത്തോമ്മാ സഭയിൽ എപ്പിസ്കോപ്പയായി സ്ഥാനാരോഹണം ചെയ്യപ്പെട്ട ഡോ. മാർ പൗലോസ് കോട്ടയം മാങ്ങാനം സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ഇടവകയിലെ കാഞ്ഞിരത്തറ കെ.സി. ഉതുപ്പിന്റെയും സോസമ്മയുടെയും മകനാണ്.

ദൈവശാസ്ത്ര പഠനത്തിനിടയിൽ സെറാംപൂർ സർവകലാശാലയുടെ സെനറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മാർ പൗലോസ് ചെറുപ്പത്തിൽ അഖില കേരള ബാലജന സഖ്യത്തിന്റെ സംസ്ഥാന വൈസ് പ്രസിഡന്റായി പ്രവർത്തിച്ചിരുന്നു . ഈ സമയത്ത് ഇന്നത്തെ കേരള ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയായിരുന്നു സംസ്ഥാന പ്രസിഡന്റ് .

കഠിനാധ്വാനത്തിനും പ്രതിബദ്ധതയ്ക്കുമുള്ള ദൈവത്തിന്റെ നിയോഗമായാണ് മാർ പൗലോസ് തന്റെ വിളിയെ കണക്കാക്കുന്നത്, കൂടാതെ ദൈവത്തിന്റെ കരുണയിലും സ്നേഹത്തിലും അദ്ദേഹം ശക്തി കണ്ടെത്തുന്നു. വിനയവും ചിട്ടയായ പ്രവർത്തനവും അദ്ദേഹം ശ്രദ്ധിക്കുന്നതിനാൽ, ജനങ്ങളെ കൂടുതൽ കൂടുതൽ അറിയുവാനും അവർക്ക് എന്തെങ്കിലും നന്മ ചെയ്യാനുമുള്ള തിരക്കിലാണ് എപ്പോഴും.

നോർത്ത് അമേരിക്ക ഭദ്രാസനാധ്യക്ഷനായ ബിഷപ്പ് ഡോ.എബ്രഹാം മാർ പൗലോസിന് ന്യൂയോർക്കിലെ എപ്പിസ്കോപ്പൽ സെമിനാരി ഹോണറി ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം നൽകി ആദരിച്ചതിൽ നോർത്ത് അമേരിക്ക ഭദ്രാസന കൗൺസിലും, ഭദ്രാസനത്തിലെ വൈദീകരും, വിശ്വാസ സമൂഹവും അനുമോദനങ്ങൾ അറിയിച്ചതായി ഭദ്രാസന സെക്രട്ടറി റവ. ജോയൽ സാമുവേൽ തോമസ് അറിയിച്ചു.


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA


#1'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us